കടപ്ലാമ
ഗ്രാമപഞ്ചായ

വാല്യം 50

ഉഴവൂർ ബ്ലോക്ക്

(കോട്ടയം ജില്ല)

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

വികസനരേഖ

ഒൻപതാം പദ്ധതി ജനകീയ പദ്ധതി

വികസന റിപ്പോർട്ട്

കടപ്ളാമറ്റം ഗ്രാമപഞ്ചായത്ത്

ചീഫ് എഡിറ്റർ
മാനുവൽ മാത്യു

പത്രാധിപസമിതി അംഗങ്ങൾ
പി.എം. തോമസ് പുളിക്കിയിൽ
കെ.പി. ചെറിയാൻ കോക്കപ്പുറം
ജോസ് സിറിയക് പാണ്ടമ്പടം
പയസ് ഓരത്തേൽ
ജോസഫ് മുല്ലൂർ
ജോസ് തടത്തിൽ
സന്തോഷ്കുമാർ ചൂരനാടിയിൽ

മുഖ്യ ഉപദേഷ്ടാവ്
റ്റി.എസ്. ജോസഫ് കുളിരാനി
(ആസൂത്രണസമിതി കൺവീനർ)

മുഖചിത്രം
പയസ് ഓരത്തേൽ

മുദ്രണവും അക്ഷരവിന്യാസവും
ഗ്രാഫിക്സ് സിസ്റ്റംസ്, കോട്ടയം-1

"ബ്രിട്ടീഷുകാരുടെ നുകത്തിൻ കീഴിൽനിന്ന് ഇൻഡ്യയെ മോചിപ്പിക്കുക എന്നതു മാത്രമല്ല എന്റെ ലക്ഷ്യം. എല്ലാത്തരം അടിമത്തത്തിൽനിന്നും രാജ്യത്തെ മോചിപ്പിക്കാൻ ഞാൻ ദൃഢപ്രതിജ്ഞ ചെയ്തിരിക്കുകയാണ്. ഒരു രാജഭരണത്തിനുപകരം മറ്റൊരു രാജഭരണം ഏർപ്പെടുത്തുന്നതിൽ എനിക്ക് താല്പര്യമില്ല. രാജ്യത്തിലെ ഏറ്റവും എളിയവൻപോലും സ്വതന്ത്രനാവുക എന്നതാണ് എന്നെ സംബന്ധിച്ചിടത്തോളം സ്വരാജിന്റെ അർത്ഥം. അധികാരം ഏതാനും വ്യക്തികളിലേക്ക് പകർന്നു കിട്ടുന്നതു കൊണ്ട് യഥാർത്ഥ സ്വരാജ് സ്ഥാപിതമാകുമെന്ന് ഞാൻ കരുതുന്നില്ല. സ്വരാജ് യാഥാർത്ഥ്യമാകുന്നത്, അധികാരം ദുർവിനിയോഗം ചെയ്യുമ്പോൾ അതിനെയെതിർക്കാൻ ജനതയാകെ ശക്തി സംഭരിക്കുന്ന അവസരത്തിൽ മാത്രമായിരിക്കും."

– ഗാന്ധിജി

ഉള്ളടക്കം

1.	ആമുഖം	11
2.	പ്രാദേശിക ചരിത്രവും പഞ്ചായത്ത് രൂപീകരണവും	12
3.	കൃഷിയും ജലസേചനവും	16
4	മൃഗസംരക്ഷണം	20
5	വ്യവസായം	27
6	വിദ്യാഭ്യാസം	30
7.	ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	37
8.	കുടിവെള്ളവും പൊതുജനാരോഗ്യവും	41
9	പാർപ്പിടം, സാമൂഹ്യക്ഷേമം	45
10	സംസ്കാരം	49
11	വനിതാക്ഷേമം	52
12	സഹകരണം	55
13	പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം	59
14	വിഭവ സമാഹരണം	61
15	ഉപസംഹാരം (നന്ദിപൂർവ്വം)	64

കടപ്പാമറ്റം ഗ്രാമപഞ്ചായത്ത്



ഇവരിൽ



മാർ സിമ്പോറിയൻ കീപ്പുറം
(ജലന്തർ രൂപതാ മെത്രാൻ)



ജോയി നടുക്കര എം.പി.
(രാജ്യസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ട ഇദ്ദേഹം കടപ്ലാമറ്റം പഞ്ചായത്തിന്റെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ടാണ്.)

നമുക്കഭിമാനിക്കാം

ജനപ്രതിനിധികൾ



മുൻ മന്ത്രി കെ.എം. മാണി
(പാലാ - എം.എൽ.എ.)

പി.സി. തോമസ് എം.പി.
(മൂവാറ്റുപുഴ പാർലമെൻറ്)



രമേശ് ചെന്നിത്തല എം.പി.
(കോട്ടയം പാർലമെൻറ്)



മോൻസ് ജോസഫ്
(കടുത്തുരുത്തി - എം.എൽ.എ.)



സണ്ണി തെക്കേടം
(ജില്ലാ പഞ്ചാ: മെമ്പർ &
ജില്ലാ പ്ലാനിംഗ് കമ്മിറ്റി മെമ്പർ)



എം.കെ. അശോക് കുമാർ
(മെമ്പർ & വൈസ് പ്രസിഡണ്ട്,
ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്)



എം.സി. കുര്യാക്കോസ്
(ബ്ലോക്ക് പഞ്ചാ: പ്രസിഡണ്ട്)

ഗ്രാമപഞ്ചായത്ത് സാരഥികൾ



തോമസ് റ്റി. കീപ്പുറം
(വൈസ് പ്രസിഡണ്ട്)

മേരിക്കുട്ടി തോമസ് പൈമ്പള്ളിൽ
(പ്രസിഡണ്ട്)



ജോയി കല്ലുപുര
(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)



തങ്കമ്മ കൃഷ്ണൻനായർ, ചൂരനാടിയിൽ
(മെമ്പർ)



ഒ.സി. രാജപ്പൻ ഉരപ്പുരയ്ക്കൽ
(മെമ്പർ)



കെ.പി. ടോമി കീറ്റുപ്ലാക്കിൽ
(മെമ്പർ)



ജോസഫ് ലൂക്കാ കുവള്ളൂർ
(മെമ്പർ)

സുസമ്മ ജോയി മടലിയാങ്കൽ
(മെമ്പർ)



ഫിലിപ്പ് മാത്യു
(സെക്രട്ടറി)

ജനകീയാസൂത്രണ സമിതി



ടി.എസ്. ജോസഫ് കുളിരാനി
(ഡി.ആർ.പി. - കൺവീനർ)

കെ.പി. ചെറിയാൻ കോക്കപ്പുറം
(ഡി.ആർ.പി.)



ജോസ് സിറിയക്ക് പാണ്ടമ്പടം
(ഡി.ആർ.പി.)



ജോസഫ് മുല്ലൂർ
(ഡി.ആർ.പി.)



പയസ് ഓരത്തേൽ
(ഡി.ആർ.പി.)



തോമസ് പുളിക്കിയിൽ
(വികസനരേഖ - എഡിറ്റോറിയൽ
അസിസ്റ്റൻറ്)

ആമുഖം

വികസന പാതയിലേക്ക്....

സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലിയാഘോഷത്തിന്റെ ആരവങ്ങൾ ഭാരതമെങ്ങും മുഴങ്ങിക്കേൾക്കുന്നു..... സ്വതന്ത്രഭാരതം രണ്ടായിരമാണ്ടിലേയ്ക്ക് കാലുകുത്താൻ വെമ്പൽ കൊള്ളുന്നു..... സാമൂഹ്യ-സാമ്പത്തിക പരിഷ്കരണ തന്ത്രങ്ങൾ രാജ്യത്തിന്റെ പ്രതിച്ഛായ തന്നെ മാറ്റുന്നു....

പക്ഷേ, വിദേശീയനിൽ നിന്നും സ്വദേശീയനിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട ഭരണവ്യവസ്ഥയുടെ പ്രയോജനം സാധാരണക്കാരായ ജനങ്ങളിൽ പൂർണ്ണമായി എത്തിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ?

നാടിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി രൂപം നൽകിയ 8 പഞ്ചവത്സര പദ്ധതികളും, മറ്റ് ഇടക്കാല വാർഷിക പദ്ധതികളും വഴി നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും എല്ലായിടത്തും ഒരുപോലെ വികസനമെത്തിക്കാനാർക്കുമായില്ല. ജനങ്ങൾക്കും നാടിനും യോജിച്ച പദ്ധതികൾ തയ്യാറാക്കപ്പെട്ടില്ല. കാർഷിക രാജ്യമായ ഭാരതത്തിന്റെ കാർഷികോത്പാദനം ഗണ്യമായി കുറഞ്ഞു. തൊഴിലില്ലായ്മയും വിലക്കയറ്റവും രൂക്ഷമായി വർദ്ധിച്ചു. നാണയപ്പെരുപ്പനിരക്കും പിടിച്ചു നിർത്താനാവാത്തതോതിൽ ഉയർന്നു.

ഈ പ്രശ്നങ്ങളുടെ പ്രതിഫലനം കേരളത്തിലും സ്ഥിതിഗതികൾ രൂക്ഷമാക്കി. വ്യാവസായിക മുന്നേറ്റം അസാധ്യമായ രീതിയിൽ വ്യാവസായിക രംഗമാകെ മുരടിച്ചു. അഭ്യസ്തവിദ്യർ കൂടുതലുള്ള കേരളത്തിൽ തൊഴിലില്ലായ്മ പെരുകി. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച്, കൂടുതൽ ഉപഭോഗത്തിൽ ഊന്നിയുള്ള ഒരു പ്രത്യേക ഉപഭോഗ സംസ്കാരം തന്നെ കേരളത്തിൽ വളർന്നു വന്നു. കാർഷിക വ്യവസായിക രംഗത്തെ മാന്ദ്യത്തോടൊപ്പം തൊഴിലില്ലായ്മയും വിലക്കയറ്റവും ജനജീവിതത്തെ ബാധിച്ചപ്പോൾ ഊർജ്ജപ്രതിസന്ധി കേരളത്തിന്റെ വികസനരംഗത്ത് വൻവെല്ലുവിളി ഉയർത്തുന്ന പ്രശ്നമായി മാറി.

73-ാം ഭരണഘടനാ ഭേദഗതിയോടെ നിലവിൽ വന്ന പഞ്ചായത്ത് രാജ് നിയമം ഗ്രാമപഞ്ചായത്ത് ഭരണത്തിന് പുതിയ മാനം നൽകുന്നവ ആയിരുന്നു. എങ്കിലും അധികാരങ്ങൾ വേണ്ട രീതിയിൽ വിഭജിക്കപ്പെട്ടിട്ടില്ല. ആവശ്യമായ ഫണ്ട് ലഭികാകതെ പഞ്ചായത്തുകളിലെ വികസനം വഴിമുട്ടുന്നു. പഞ്ചായത്തുകൾ ഇന്നനുഭവിക്കുന്ന പരാധീനതകൾ മാറ്റിയെടുക്കുവാനും നാടിനു ക്ഷേമകരമായ പദ്ധതികൾ ആവിഷ്കരിക്കാനുമുതകുന്ന രീതിയിൽ അധികാര വികേന്ദ്രീകരണത്തിലൂടെ നടപ്പാക്കപ്പെടുന്ന പുത്തൻ പരീക്ഷണം ഏവർക്കും പ്രചോദനകരമാകുമെന്നതിൽ സംശയമില്ല.

ഈ പുത്തൻ പരീക്ഷണത്തിൽ സധൈര്യം പങ്കാളിയാകുവാനുള്ള ചങ്കൂറ്റം പ്രകടിപ്പിക്കുന്ന കടപ്ലാമറ്റം പഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി അവതരിപ്പിക്കുന്ന ഈ മാർഗ്ഗരേഖയ്ക്ക് (വികസന റിപ്പോർട്ട്) പഞ്ചായത്ത് കമ്മറ്റി നൽകിയ അംഗീകാരത്തിലുപരി ആബാലവൃദ്ധം ജനങ്ങളുടെയും സഹകരണമാണ് തുടർന്നുവേണ്ടത്.

സമൃദ്ധിയുടെ ആരവങ്ങൾ ഉയരുന്ന...പുരോഗതിയുടെ വെള്ളപ്പൂക്കൾ വിരിയുന്ന... ഐശ്വര്യ-പ്രതാപത്തിന്റെ ശംഖൊലി മുഴങ്ങുന്ന...ഒരു നല്ല നാളേയ്ക്കായ്.... നമുക്ക് ഒറ്റക്കെട്ടായി മുന്നേറാം.



മാനുവൽ മാത്യു
(ചീഫ് എഡിറ്റർ)

പ്രാദേശിക ചരിത്രവും പഞ്ചായത്ത് രൂപീകരണവും

ഏതൊരു ദേശത്തിന്റെയും ചരിത്രം ആയതിന്റെ സാംസ്കാരികത്തനിമയിലും ഭൂവിന്യാസത്തിലും അധിഷ്ഠിതമായിരിക്കും. കാലത്തിന്റെ ഗതി വിഗതികൾക്കനുസരിച്ച് സമ്പദ്ഘടനയിലും സാമൂഹ്യാജീവിത ക്രമങ്ങളിലും അല്പസ്വല്പം മാറ്റം വന്നുകൂടാമെങ്കിലും സാംസ്കാരികാടിത്തറ എന്നും ഒന്നുതന്നെ.

നമ്മുടെ പഞ്ചായത്തിന്റെ ചരിത്രത്തിലേയ്ക്ക് കണ്ണോടിക്കുമ്പോൾ ഭൂപ്രകൃതിയുടെ പ്രത്യേകത നിമിത്തം വലയാ, ഇലയ്ക്കാട്, മാറിടം, ആണ്ടൂർ, പരിയാരമംഗലം, എന്നീ പേരിലറിയപ്പെടുന്ന അഞ്ചു കരകളുടെ സമന്വയമാണ് കാണാൻ കഴിയുന്നത്. പ്രവർത്തന രീതികളിലും മറ്റും വ്യത്യാസ്തതകളോന്നുമില്ലെങ്കിലും പണ്ടു മുതലേ എടുത്തു പറയേണ്ട പ്രത്യേകതളുണ്ടായിരുന്നു അതുകൊണ്ട് തന്നെ കരകളുടെ പഴയകാലചരിത്രത്തിലേയ്ക്ക് ഒന്നെത്തിനോക്കുന്നത് തികച്ചും അഭികാമ്യമാണ്.

പ്രബലമായ നാട്ടു രാജാക്കന്മാരുടെയും ഇടപ്രഭുക്കന്മാരുടെയും ഒരു കേന്ദ്രമായിരുന്നു കടപ്ലാമറ്റം. ഈ രാജാക്കന്മാർ തമ്മിൽ പല യുദ്ധങ്ങളും നടന്നിട്ടുണ്ടന്ന് പറയപ്പെടുന്നു. 'പടനിലവും' 'പാളയവുമായിരുന്നു ഈ സ്ഥലം. തന്നിമിത്തം ഇതിനു പടത്തലമറ്റം എന്ന പേരുമുണ്ടായി. പടത്തലമറ്റമെന്നതിന്റെ തല്ഭവമാണ് കടപ്ലാമറ്റം. ഇവിടുത്തെ പല സ്ഥലനാമങ്ങളും ഈ നിഗമനത്തെ വെളിവാക്കുന്നവയാണ്. 'ഭഗവതിക്കുന്ന്', 'കത്തനാരു കടവ്' എരുത്തുപുഴ' വെടിക്കുന്ന്, വെട്ടിയക്കക്കുഴി, പാലംതട്ട്, ആനക്കുഴിച്ചിട്ടമറ്റം, മുറത്തട്ടേൽ കാവ് തുടങ്ങിയ സ്ഥലനാമങ്ങൾ ഇതിനുദാഹരണങ്ങളാകുന്നു.

കടപ്ലാമറ്റത്തു എ.ഡി. ആയിരമാണ്ടടുത്തു സ്ഥാപിതമായിരുന്ന ക്രൈസ്തവ ദേവാലയം നാട്ടുരാജാക്കന്മാർ തമ്മിലുണ്ടായ സംഘട്ടന ഫലമായി നശിച്ചുപോയെന്നും ക്രൈസ്തവർ തങ്ങളുടെ പള്ളി വീണ്ടും സ്ഥാപിക്കണമെന്നാഗ്രഹമുണ്ടായപ്പോൾ കാളികാവ് സ്വദേശി (അന്നത്തെ 'കാളികേവ്'... ഇന്നത്തെ മാറിയിടം ഭാഗമാണെന്ന് കണക്കാക്കപ്പെടുന്നു.) പൊതിയിട്ടേൽ തൊമ്മൻ തര്യതു കത്തനാരുടെ നേതൃത്വത്തിൽ അന്ന് ഈ പ്രദേശത്തിന്റെ അധിപനായിരുന്ന തുമ്പയിൽ കൈമൾ എന്ന ഇടപ്രഭുവിനെ സമീപിക്കുകയും, അദ്ദേഹം പൊതിയിട്ടയിൽ തൊമ്മൻ കത്തനാർക്ക് തീട്ടൂരം (അനുവാദം) കൊടുത്തതായും പള്ളി ചരിത്രത്തിൽ രേഖയുണ്ട്.

ഹൈന്ദവരും ക്രൈസത്രവരും സമഭാവനയിലും ഐക്യത്തിലും അടുത്തടുത്തു നിലനിന്നിരുന്നു. കടപ്ലാമറ്റം പള്ളി പണിയുന്നതിന് അനുമതി നല്കിയ തുമ്പയിൽ കൈമൾ എന്ന ഇടപ്രഭുവിന്റെ ഇല്ലത്തിന്റെ നഷ്ടശിഷ്ടങ്ങളും അവരുടെ പ്രതിഷ്ഠയായിരുന്ന മുർത്തട്ടേൽ കാവും പരിയാരമംഗലത്ത് ഇന്നും നിലനിൽക്കുന്നു.

1936-39 വർഷത്തിൽ ഉടലെടുത്ത നിവർത്തന പ്രസ്ഥാനത്തിന്റെ ഉയർച്ചയിലും വളർച്ചയിലും കടപ്ലാമറ്റം നിവാസികൾക്ക് ജിജ്ഞാസയുണ്ടായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ശാഖയായ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രവർത്തനങ്ങളിലും ഇവിടുത്തുകാർ ആത്മാർത്ഥമായി സഹകരിച്ചിട്ടുണ്ട്. കോൺഗ്രസിന്റെ ഒരു ശാഖ കടപ്ലാമറ്റത്തും തുടങ്ങി. ശാഖയുടെ പ്രസിഡൻറ് ശ്രീ. പി. സി. ജോസഫ് പവ്വത്തിങ്കലും, സെക്രട്ടറി ശ്രീ. കെ. സി. വർക്കിക്കുറുമായിരുന്നു. പ്രധാന പ്രവർത്തകർ കുര്യാക്കോസ് വൈദ്യൻ പാലം തട്ടേൽ, എൻ. ജെ. തോമസ് (നടുക്കര കുട്ടിച്ചേട്ടൻ) തോമസ് പാലംതട്ടേൻ മുതലായവരായിരുന്നു. സ്കൂൾ, ആശുപത്രി, അഞ്ചലാഫീസ് തുടങ്ങിയവയും ഈ കാലഘട്ടത്തെ പ്രവർത്തനമാരംഭിച്ചു. (സ്കൂൾ, ആശുപത്രി മുതലായവയെക്കുറിച്ച് ഈ വികസനരേഖയിൽ പ്രത്യേകമായി പ്രതിപാദിക്കുന്നുണ്ട്.)

ചുരുക്കത്തിൽ, രണ്ടു മൂന്നു ചെറിയ പള്ളികളും, പള്ളിയുടെ മേൽനോട്ടത്തിൽ പള്ളിമുറ്റത്തുണ്ടായിരുന്ന സെൻറ്. ജോസഫ് എൽ. പി. സ്കൂളും ഒഴികെ ഏതാനും ചെറിയ ചായക്കടകളും ഒരു ജൗളിക്കടയും മാത്രം ഉൾക്കൊണ്ടിരുന്ന കടപ്ലാമറ്റം പ്രദേശത്തിൽ 1930-നു ശേഷമുള്ള ഉയർച്ച അസൂയാവഹമായിരുന്നു.

ഇനി വയലായിലേയ്ക്ക്.....

1200 വർഷങ്ങൾക്കു മുമ്പുതന്നെ വയലായിൽ പ്രബുദ്ധമായ ഒരു ജനത വസിച്ചിരുന്നു. വയലാ പ്രദേശത്തെ വീട്ടുപേരുകൾ ഈ വസ്തുത ശരിവയ്ക്കുവാൻ പ്രേരി

പ്പിക്കുന്നു. ജൈനക്ഷേത്രം എന്ന് അർത്ഥമുള്ള 'കോട്ടയിൽ', ജൈന ക്ഷേത്രത്തിലെ ഭാവി ഫലം പറയുന്ന 'കണി അടികൾ' താമസിച്ചിരുന്ന 'കണിയടി' 'കൂത്തനടി', 'തന്നടി' തുടങ്ങിയ പറമ്പുപേരുകൾ ഈ നിഗമനത്തെ സാധൂകരിക്കുന്നു.

അതുപോലെ തന്നെ ബുദ്ധമതാനുയായികളുടെ ആവാസകേന്ദ്രം എന്ന് ആദികാലത്ത് അർത്ഥമുണ്ടായിരുന്ന 'പള്ളി' എന്ന പേരു ചേർത്ത പതിനഞ്ചോളം പറമ്പുകളും വയലായിലുണ്ട്.

ഉദാ:- ഓത്തപള്ളി (ഓത്തോളിൽ) മുട്ടപ്പള്ളി, കോശപ്പള്ളി, പുതുപ്പള്ളി, കാട്ടാമ്പള്ളി... ഇവയെല്ലാം ജൈനബുദ്ധമതങ്ങൾ ഒരു കാലത്ത് വയലായിൽ ശക്തി പ്രാപിച്ചിരുന്നുവെന്നതിന് സാക്ഷ്യങ്ങളാണ്.

എ.ഡി. 800-നോടുകൂടി ഈ മതങ്ങൾ കേരളത്തിൽ നിന്ന് നാമാവശേഷമായതിനാൽ വയലായിലും പ്രസ്തുത മതത്തിന് വേരോട്ടമില്ലാതായി.

വയലായുടെ കിഴക്കേ അതിർത്തിയിലുള്ള ഞറളപ്പുഴ അയ്യപ്പക്ഷേത്രം, പടിഞ്ഞാറെ അതിരിൽ ഉണ്ടായിരുന്നു. 'മുണ്ടുകയ്യൻ' അയ്യപ്പക്ഷേത്രം, വയലാ പാറന്തുരുത്തുകാവ്, തൃക്കേൽ അമ്പലം എന്നിവയും ആയിരത്തിലേറെ വർഷങ്ങൾ പഴക്കമുള്ളവയാണ്. (1967 - 68 -ലെ ശബരിമല മേൽശാന്തി ശ്രീ. നീലകണ്ഠൻ നമ്പൂതിരി കീഴേടത്ത് തൊട്ടി ഇല്ലം, കടപ്പാമറ്റം പഞ്ചായത്തുകാരനാണെന്ന കാര്യവും ഇവിടെ സ്മരിക്കപ്പെടേണ്ടതാണ്.)

വയലാ വഴിയായിരുന്നു പുരാതനകാലത്ത് പ്രസിദ്ധമായിരുന്ന 'അഞ്ചൽ ഓട്ടം' (പട്ടിത്താനം - വെമ്പള്ളി - വയലാ - ഇലയ്ക്കാട് - പാവയ്ക്കൻ - ഉഴവൂർ - വെളിയന്നൂർ - പൂവക്കുളം - മൂവാറ്റുപുഴ) കാളവണ്ടിയാത്രയും സാധാരണ ഈ വഴിയായിരുന്നു.

പഴയകാലത്ത് പലവിധത്തിൽ പ്രചുരപ്രചാരമാർജ്ജിച്ച വയലാ കരയിൽ ഡോ. എസ്. എൻ. തീർത്ഥയുടെ മാനേജ്മെൻറിലാരംഭിച്ച ഹരിജൻ എൽ. പി. സ്കൂളും (ഈ സ്കൂൾ സർ. സി.പിയുടെ കാലത്ത് സർക്കാരേറ്റെടുത്തു) 300 വർഷം പഴക്കമുള്ള മമ്പള്ളി കൊട്ടാരവും 75 വർഷം പഴക്കം ചെന്ന സെൻറ് ദേവാലയവുമെല്ലാം ഇന്ന് സാംസ്കാരിക പ്രതീകങ്ങളായി നിലകൊള്ളുന്നു. പ്രാദേശിക രാഷ്ട്രീയ നേതാക്കന്മാരുടെയും മറ്റും പ്രയത്നഫലമായി വയലായുടെ പ്രതിച്ഛായ അനുദിനം വളർന്നുകൊണ്ടേയിരിക്കുന്നു. (പുത്തൻ വികസന കാര്യങ്ങൾ കൂടുതലായി വികസന രേഖയിൽ പലയിടത്തായി പ്രതിപാദിക്കുന്നുണ്ട്.)

പഞ്ചായത്ത് രൂപീകരണം

കടപ്ലാമറ്റം പഞ്ചായത്തിൻെറ രൂപീകരണത്തെക്കുറിച്ചന്വേഷിച്ചാൽ ഡിക്ടറ്റീവ് നോവലിലെ ആർദ്രതയും, താത്വിക ലേഖനങ്ങളുടെ ആധികാരികതയും, 'അർത്ഥശാസ്ത്രത്തിനപ്പുറത്തുള്ള പ്രായോഗിക വിദ്യകളും, പൈങ്കിളി സാഹിത്യത്തിൻെറ വശ്യതയും കോർത്തിണങ്ങിയ ലഘുവിവരണമാവും കിട്ടുക. പഞ്ചായത്ത് രൂപീകരണ ദൗത്യവും പേറി സെക്രട്ടറിയേറ്റിൻെറ പടികയറിയിറങ്ങുന്നതോടൊപ്പം നാട്ടിലെ ജനപിന്തുണയും ഉറപ്പാക്കുവാനായി അഹോരാത്രം പണിയെടുത്തവരും ഇപ്പോഴും പഞ്ചായത്തിൻെറ അഭിവൃദ്ധിക്കായി യത്നിക്കുന്നവരുമായ ശ്രീ. സഖറിയാസ് ചെറിയാൻ മരുതുക്കുന്നേൽ, ശ്രീ. ജോയി നടുക്കര, ശ്രീ. തോമസ് ടി. കീപ്പുറം, എന്നിവർ ഓർമ്മയുടെ ചെപ്പു തുറക്കുമ്പോൾ ആദ്യമായി കടന്നുവരുന്നത്. ഈ ലോകത്തപ്പുറത്തുനിന്ന് ഇന്നും കടപ്ലാമറ്റത്തെ താലോലിക്കുന്ന സ്വർഗ്ഗീയനായ ജേക്കബ് മണ്ണനാലച്ചനാണ്. പൊതുജനഹിതത്തിനായി ജീവിതം ഉഴിഞ്ഞുവച്ച ആ ധന്യാത്മാവിൻെറ അനശ്വരമായ സ്മരണയ്ക്കു മുമ്പിൽ നമോവാകം ചെയ്യാതെ രൂപീകരണ ചരിത്രത്തിലേക്കു കടക്കാനാവില്ല.



യശ്ശ:ശരീരനായ ഫാ. ജേക്കബ് മണ്ണനാൽ

പഴയകാലങ്ങളിലുണ്ടായിട്ടുള്ള സവിശേഷതകളുടെയും സംസ്കാരങ്ങളുടെയും ഉറവിടും ആദ്ധ്യാത്മിക കേന്ദ്രങ്ങളുമായിരുന്നുവെന്ന് ചരിത്രപഠനം വെളിവാക്കുന്നു. ആ ചരിത്രപഠനങ്ങളുടെ വിശ്വാസ്യതയെ പ്രബലപ്പെടുത്തുന്നതാണ് നമ്മുടെ പഞ്ചായത്ത് രൂപീ

കരണവും. ഈ പ്രദേശത്തെ ഒരു പ്രധാന ആരാധനാലയമായ കടപ്ലാമറ്റം പള്ളിയുടെ വികാരിയച്ചന്റെ മുറിയിൽ പതിവുപോലൊരു ഞായറാഴ്ച ഈ പ്രദേശത്തെ ഒരു പറ്റം ചെറുപ്പക്കാർ കൂടിയിരുന്നപ്പോൾ ഉരിത്തിരിഞ്ഞ ആശയമാണ് പഞ്ചായത്ത് രൂപീകരണം.

മണ്ണനാലച്ചൻ മുറിയിലേയ്ക്ക് കടന്നുവന്നപ്പോൾ മുറിയിലുണ്ടായിരുന്ന ജോയി നടുക്കര, തോമസ് കീപ്പുറം, അരിമായിൽ ജയിംസ്, സഖറിയാസ് പാറ്റാനി, ജോസ് സെബാസ്റ്റ്യൻ തയ്ക്കാട്ടുതറ, വാറണാക്കുഴി കുഞ്ഞേട്ടൻ, ചെറുതൊടുകയിൽ ജോയി, പി. വി. ജോസഫ് പായിക്കാട്ട്, കുറുപാച്ചിറ ജോസ്, കടിയംകുറ്റിയിൽ ഫ്രാൻസിസ്, ഡോ. സൈമൺ, ജോസഫ് ലൂക്കാ കൂവള്ളൂർ, മേപ്പള്ളി കറിയാച്ചൻ, വി.കെ. കുര്യാക്കോസ് പാലാംതട്ടേൽ എന്നിവർ ഇക്കാര്യം അച്ചനെ ബോധിപ്പിക്കുകയും അച്ചൻ വളരെ സസന്തോഷം അഭിപ്രായം സ്വീകരിക്കുകയും ചെയ്തു. പള്ളിമേടയിൽ നിന്നിറങ്ങിയ ചെറുപ്പക്കാർ കവലയിൽ വന്നപ്പോൾ പി. വി. വർക്കി പുതുപ്പള്ളി, മാണി മുണ്ടുവാങ്കൽ, തോമസ് മണ്ണത്തുമാക്കിൽ, ഇട്ടിയേപ്പാറ കുഞ്ഞേപ്പു ചേട്ടൻ, ജോസഫ് മത്തായി ഇടവത്തൊട്ടി തുടങ്ങിയവരുമായി ഈ ആശയം പങ്കുവവച്ചു. തുടർന്നങ്ങോട്ട് ഈ ഉദ്യമസാക്ഷാത്കാരത്തിനായുള്ള പടപ്പുറപ്പാട് തുടങ്ങുകയായി.

ആദ്യഘട്ടമെന്ന നിലയിൽ അന്നത്തെ കിടങ്ങൂർ പഞ്ചായത്ത് പ്രസിഡൻറ് സഖറിയാസ് ചെറിയാൻ മരുതുകുന്നേൽ, ഇലയ്ക്കാട് പഞ്ചായത്ത് പ്രസിഡൻറ് കുട്ടംതറപ്പേൽ വർക്കി സാർ എന്നിവരെ പോയി കണ്ടു. ഇരുവരും ഇതിനനുകൂലമായ നിലപാടെടുത്തെന്നു മാത്രമല്ല സംഘാടകനേതൃത്വം ഏറ്റെടുക്കാൻ സമ്മതിക്കുകയും ചെയ്തു. ഇവരുടെ രംഗപ്രവേശം മണ്ണനാലച്ചനും കൂട്ടർക്കും ആവേശമായി. കിടങ്ങൂർ പ്രദേശത്തെ പ്രമാണിമാരിൽ ചിലരുടെ ശക്തമായ എതിർപ്പിന് അവഗണിച്ചു കൊണ്ടാണ് സഖറിയാസ് ചെറിയാൻ രംഗത്തെത്തിയത്.

സഖറിയാസ് ചെറിയാൻ
മരുതുക്കുന്നേൽ
(അഡ്ഹോക്ക് കമ്മറ്റി
പ്രസിഡണ്ട്)

പഞ്ചായത്ത് രൂപീകരണത്തിന് രാഷ്ട്രീയ പിൻബലം ആവശ്യഘടകമാണെന്ന് മനസ്സിലാക്കിയ യുവാക്കൾ അന്ന് മന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണിയുടെ സഹായം തേടി. ശ്രീ. ജോയി കല്ലുപുര, ടി.പി. ജോസഫ് എന്നിവരും അക്കൂട്ടത്തിലുണ്ടായിരുന്നു. കെ. എം. മാണി നിസ്സീമമായ സഹായം വാഗ്ദാനം ചെയ്തു. തുടർന്ന് മുസ്ലീംലീഗ് നേതാവുകൂടിയായ അന്നത്തെ പഞ്ചായത്ത് മന്ത്രി അവുക്കാദർ കുട്ടി നഹയെ സ്വാധീനിക്കാനായി ലീഗിന്റെ ജില്ലാ പ്രസിഡൻറും ഈരാറ്റുപേട്ട പഞ്ചായത്തു പ്രസിഡൻറുമായിരുന്ന അഡ്വ. കരീംസാഹിബുമായി സംസാരിക്കുകയും ചെയ്തു.



കെ.ജെ. മാത്യു
(മുൻ കിടങ്ങൂർ പഞ്ചായത്ത്
പ്രസിഡണ്ട്)

കിടങ്ങൂരുമായി വൈകാരികബന്ധമുള്ള അന്നത്തെ മുഖ്യമന്ത്രി പി. കെ. വാസുദേവൻ നായരും അന്നത്തെ പഞ്ചായത്ത് ഡയറക്ടർ ശ്രീ. സുബ്ബയ്യ ഐ. എ. എസ്. ഗവൺമെൻറ് സെക്രട്ടറി ശ്രീ. എസ് കൃഷ്ണകുമാർ ഐ.എ.എസ്. (പിൽക്കാലത്ത് കൃഷ്ണകുമാർ എം. പി. യും കേന്ദ്രമന്ത്രിയുമായി) തുടങ്ങിയ ഉദ്യോഗസ്ഥ പ്രമുഖരും കടപ്ലാമറ്റം പഞ്ചായത്തിനനുകൂലമായ രൂപീകരണ റിപ്പോർട്ടുകളെഴുതി.

1979 ഓഗസ്റ്റ് 17

വെളുപ്പിനെ തന്നെ മാലപ്പടക്കങ്ങൾ പൊട്ടുന്നതു കേട്ടുയർന്ന ഗ്രാമവാസികൾ സന്തോഷവാർത്തയറിഞ്ഞ് ഓടിയെത്തി. കടപ്ലാമറ്റം പഞ്ചായത്ത് രൂപീകരണ ഓർഡറും (G.O. (MS) 184/79/LA and SWD) കൈയിലേന്തി നിൽക്കുന്ന മണ്ണനാലച്ചനേയും, സ്വന്തം കാറിൽ ചാരിനിൽക്കുന്ന കുട്ടിയച്ചനേയും (തോമസ് കീപ്പുറം) സമീപത്തു നിൽക്കുന്ന നടുക്കരയേയും അഭിനന്ദനങ്ങൾകൊണ്ട് മൂടി.

അങ്ങനെ കിടങ്ങൂർ പഞ്ചായത്തിലെ മാറിടം (കിഴക്ക്, പടിഞ്ഞാറ്) ചേർപ്പുങ്കലിന്റെ ഭാഗം, കൂടല്ലൂർ വാർഡിന്റെ ഒരു ഭാഗം ഇലയ്ക്കാട് പഞ്ചായത്തിലെ 8,9,10 വാർഡുകൾ എന്നിവ ചേർത്ത് കടപ്ലാമറ്റം പഞ്ചായത്ത് രൂപീകൃതമായി.

തലേ ദിവസം വൈകുന്നേരം മന്ത്രി നഹയുടെ കൈയ്യിൽ നിന്നും വാങ്ങിയ ഓർഡറിൻ പ്രകാരം ശനിയാഴ്ച രാവിലെ തന്നെ പരിചയസമ്പന്നനായ ശ്രീ. സഖറി

യാസ് ചെറിയാൻ മരുതുകുന്നേൽ പ്രസിഡൻറായും തോമസ് കീപ്പുറം വൈസ് പ്രസിഡൻറായും, ജോർജ് തോമസ് പുത്തൻതറപ്പേൽ, കെ.ജെ. മാത്യു കടിയംകുറ്റിയിൽ (മുൻ കിടങ്ങൂർ പഞ്ച: പ്രസിഡണ്ട്), റ്റി.പി. ജോസഫ് തെക്കേവെട്ടിക്കുളങ്ങര, സി.ജെ. ജോയി ചെറുതുടുകയിൽ, ഡോ. എം.യു. സൈമൺ മണ്ണാത്തുമാക്കിയിൽ, വേലായുധൻനായർ മൂത്തേടത്ത്, എൻ.എം. ജോൺ നന്തികാട്ടുപടവിൽ, രമണൻ കുഞ്ഞിക്കുട്ടൻ മംഗലത്ത് എന്നിവർ അംഗങ്ങളായും അഡ്ഹോക്ക് കമ്മറ്റി ചാർജെടുത്തു. ഇനിയും നിയമതടസ്സങ്ങൾ ഉണ്ടാകാതിരിക്കാ (സ്റ്റേ നടപടിയുൾപ്പെടെ) നായി സത്യപ്രതിജ്ഞ കഴിഞ്ഞയുടൻ വിവരം കാണിച്ച് പഞ്ചായത്ത് ഡയറക്ടർക്ക് ഫാക്സ് സന്ദേശമയച്ചു.

അതോടെ പലതിനും വിരാമമായി. ഒപ്പം പുത്തൻ പ്രതീക്ഷകൾ നാമ്പിടുകയുമായി.

1980-ൽ നടന്ന ആദ്യത്തെ തിരഞ്ഞെടുപ്പിലൂടെ ശക്തമായൊരു നിര ഭരണരംഗത്തെത്തി. ഇപ്പോൾ പാർലമെൻറംഗമായ അഡ്വ. ജോയി നടുക്കരയായിരുന്നു ആദ്യത്തെ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡൻറ് ശ്രീ.കെ. കെ. കുട്ടപ്പൻ (വൈ: പ്രസിഡണ്ട്), ജോയി കല്ലുപുര, ശ്രീമതി മാലതി, എ.സി. ജോസഫ് അറമ്പാട്ടു മാക്കീൽ, തോമസ് കീപ്പുറം, പി.വി. വർക്കി പുതുപ്പള്ളി, അഡ്വ: പി.റ്റി. തോമസ് എന്നിവർ ആയിരുന്നു മറ്റ് ഭരണസമിതിയംഗങ്ങൾ. നിരവധി വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനും പലതും പൂർത്തീകരിക്കാനുമായ ആദ്യത്തെ ഭരണസമിതിയുടെ സേവനം ബാലാരിഷ്ടതകൾ തീരാത്ത കടപ്ലാമറ്റം പഞ്ചായത്തിന് വിസ്മരിക്കാവുന്നതല്ല.

1987-ൽ രണ്ടാമത്തെ തിരഞ്ഞെടുപ്പ് നടന്നു. ഈ തിരഞ്ഞെടുപ്പിൽ രണ്ടാം വാർഡിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ശക്തനായ ശ്രീ. ജോയി കല്ലുപുര പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. ശ്രീമതി അന്നക്കുട്ടി ഫ്രാൻസീസ് (വൈ: പ്രസി.), കെ.എൻ. വിജയൻ, മിനി നാരായണൻനായർ, ജോസ് തടത്തിൽ, ജോയി നടുക്കര, ജോസഫ് മുല്ലൂർ, ജോർജ് ചെറുശ്ശേരി എന്നിവർ ആയിരുന്നു മറ്റ് ഭരണസമിതിയംഗങ്ങൾ.

പഞ്ചായത്ത് ഓഡിറ്റോറിയം

പഞ്ചായത്ത് ഓഫീസ് കം ഷോപിംഗ് കോംപ്ലക്സ് പണിയുന്നതിന് ഔദ്യോഗികമായ തീരുമാനത്തിലൂടെ പള്ളി സ്ഥലം നൽകുകയും. പ്രസ്തുത സ്ഥലത്ത് ശ്രീ. കെ. എം. മാണി അവർകളാൽ തറക്കല്ലിടപ്പെടുകയും ചെയ്തു. പക്ഷേ പിന്നീട് സ്ഥലത്തെ സംബന്ധിച്ച് തർക്കമുണ്ടായതിനാൽ പഞ്ചായത്തിൻെറ സ്ഥിരം ഓഫീസ് സ്കൂൾ സമീപത്തേയ്ക്ക് മാറ്റി.

ഓഫീസ് ഉത്ഘാടനം അന്നത്തെ പ്രസിഡണ്ട് ജോയി കല്ലുപുര നിർവ്വഹിക്കുന്നു. ജോയി നടുക്കര, അന്നക്കുട്ടി ഫ്രാൻസീസ്, ജോസഫ് മുല്ലൂർ, ജോസ് തടത്തിൽ, ജോർജ്ജ് ചെറുശ്ശേരി എന്നിവർ സമീപം

നിരവധിയായ വികസനപ്രവർത്തനങ്ങൾ നടത്തിയ രണ്ടാമത്തെ ഭരണസമിതി ഏകദേശം 3 കോടിയിലധികം രൂപയുടെ വിസന പ്രവർത്തനങ്ങൾ നടത്തി. ഭരണസമിതി പഞ്ചായത്ത് കമ്യൂണിറ്റി ഹാൾ നിർമ്മാണവും പൂർത്തിയാക്കി. സാംസ്കാരിക നിലയം, വാട്ടർ സപ്ലൈ സ്കീം, പാർപ്പിട പദ്ധതികൾ, പഞ്ച: ടവ്വർ (വയലാ)... തുടങ്ങിയവയും വികസനപട്ടികയിൽ വരുന്നു.

1995 സെപ്റ്റംബർ മാസത്തിൽ നടന്ന തിരഞ്ഞെടുപ്പിനുശേഷം നടന്ന വാശിയേറിയ പ്രസിഡൻറ് - വൈസ് പ്രസിഡൻറ് തിരഞ്ഞെടുപ്പിൽ ഇരുപക്ഷവും തുല്യത കൈവരിച്ചതിനാൽ നറുക്കെടുപ്പിലൂടെയാണ് തീരുമാനത്തിലെത്തിയത്. തുല്യത പാലിച്ചതിനാൽ മരങ്ങാട്ടുപള്ളി സബ്ഇൻസ്പെക്ടർ മാത്യു എക്സൽ നറുക്കെടുക്കാനായി ക്ഷണിക്കപ്പെട്ടു. വൈസ് പ്രസിഡൻറ് സ്ഥാനത്തേക്കും ഇതേ അവസ്ഥ തുടർന്നു. നറുക്കെടുത്താവട്ടെ തൊട്ടു മുമ്പ് ഭാഗ്യദേവത കടാക്ഷിച്ച പ്രസിഡൻറും. അങ്ങനെ മേരിക്കുട്ടി തോമസ് പ്രസിഡൻറായും വൈസ് പ്രസിഡൻറായി തോമസ് റ്റി. കീപ്പുറവും തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട് മുൻ പ്രസിഡൻറുകൂടിയായ ശ്രീ. ജോയി കല്ലുപുര സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാനായും തിരഞ്ഞെടുക്കപ്പെട്ടു. ശ്രീമതി തങ്കമ്മ കൃഷ്ണൻനായർ, ഒ.സി. രാജപ്പൻ, കെ.പി. ടോമി, ജോസഫ് ലൂക്കാ, സൂസമ്മ ജോയി എന്നിവരാണ് മറ്റ് ഭരണസമിതിയംഗങ്ങൾ.

അധികാരത്തിലേറിക്കഴിഞ്ഞ് സർക്കാരിൽ നിന്നും കിട്ടിയ വിഹിതമുപയോഗിച്ച് ആവുന്നത്ര കാര്യങ്ങൾ ചെയ്യുവാനും ഭാവി പരിപാടികൾ തയ്യാറാക്കാനും ശ്രമിക്കുന്ന പുത്തൻ ഭരണ സമിതിയുടെ പ്രവർത്തനങ്ങൾക്ക് ഓജസ്സ് പകരുവാൻ എല്ലാ രീതിയിലും ജനകീയാസൂത്രണ പരിപാടിയ്ക്കാകട്ടെ എന്നാശംസിക്കാം. ●

കൃഷിയും ജലസേചനവും

കടപ്ലാമറ്റം പഞ്ചായത്തിൽ 80%ത്തോളം ജനങ്ങൾ കൃഷിയെ പൂർണ്ണമായോ ഭാഗികമായോ ആശ്രയിക്കുന്നവരാണ്. പക്ഷേ, കൃഷിയും കാർഷിക മേഖലയും അധോഗതിയിലേക്ക് നീങ്ങുന്നുവെന്ന് വസ്തുതകളിൽ നിന്ന് പഠിച്ച് മനസ്സിലാക്കാവുന്നതാണ്. നെല്ല്, വാഴ, കപ്പ, മഞ്ഞൾ, ഇഞ്ചി, കിഴങ്ങ് വർഗ്ഗങ്ങൾ, പച്ചക്കറി തുടങ്ങിയവ കൃഷി ചെയ്തു ജീവിച്ചിരുന്ന ഈ പ്രദേശത്തെ ജനങ്ങൾ നൂറ്റാണ്ടിന്റെ അന്ത്യസമയത്ത് റബറിലേക്ക് മാത്രമായി തിരിയുന്നതായി കണ്ടെത്താനാവുന്നതാണ്. 1971-ലെ ഭൂപരിഷ്കരണ നിയമവും കർഷകത്തൊഴിലാളികളുടെ പിൻ മുറക്കാർ മറ്റ് തൊഴിൽ മേഖലകളിലേയ്ക്ക് മാറിയതും ജനസാന്ദ്രതയിലുണ്ടായ വർദ്ധനവും കൃഷി സമ്പ്രദായത്തിലുണ്ടായ മാറ്റങ്ങൾക്ക് നിദാനങ്ങളായത് തികച്ചും സ്വാഭാവികം മാത്രം.

ഭൗമിയെ സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം (ഹെക്ടർ)
നിലം	70
പുരയിടം	1074
പുറമ്പോക്ക്	2 1/2
കൃഷിയോഗ്യമല്ലാത്ത തരിശ്	5 1/2
ആകെ	1146

നമ്മുടെ പഞ്ചായത്തിൽ (മേൽപറഞ്ഞ പട്ടിക പ്രകാരം) ആകെ 1146 ഹെക്ടർ കൃഷി സ്ഥലമാണുള്ളത്. അതിൽ 70 ഹെക്ടർ നിലവും 1074 ഹെക്ടർ പുരയിടവും ബാക്കി പുരമ്പോക്കുമാണെന്ന് കാണുന്നു. നിലത്തിൽ 1-ാം വിള 66 ഹെക്ടറിൽ മാത്രവും 2-ാം വിള 70 ഹെക്ടറിക്ഷലുമാണ് മൂന്നാം വിളയില്ല. പുരയിടത്തിൽ 610 ഹെക്ടറോളം റബ്ബറും, 145 ഹെക്ടർ തെങ്ങും, 15 ഹെക്ടർ വാഴയും, 45 ഹെക്ടർ മരച്ചീനിയും 70 ഹെക്ടർ കുരുമുളകും കൃഷിചെയ്യുന്നു. മാവ്, പ്ലാവ്, കശുമാവ്, കവുങ്ങ്, ഔഷധവിളകൾ, പച്ചക്കറികൾ എന്നിവ ഇവയുടെ ഇടയ്ക്കും മറ്റു സ്ഥലങ്ങളിലുമായി കൃഷി ചെയ്തു വരുന്നു. കൃഷിക്കാരിൽ 1996 പേർ നാമമാത്രകർഷകരും 721 പേർ ചെറുകിടകർഷകരും 45 പേര് വൻകിടകർഷകരും ആണ്.

കടപ്ലാമറ്റം പഞ്ചായത്തിലെ വിളകളും ഉത്പാദനവും അവകൃഷിചെയ്യുന്ന കൃഷിയിടങ്ങളുടെ വിസ്തീർണ്ണവും കാണിക്കുന്ന പട്ടികയാണ് ചുവടെ ചേർക്കുന്നത്.

കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത്
വിള വിസ്തീർണ്ണവും ഉത്പാദവും

വിള	വിസ്തീർണ്ണം ഹെക്ടറിൽ	മൊത്തം ഉൽപാദനം
നെല്ല് (1-ാം വിള)	66	165 എം.റ്റി
നെല്ല് (2-ാം വിള)	70	196 "
നെല്ല് (3-ാം വിള		
പയർ	20	10 "
പച്ചക്കറികൾ	15	45-75 "
തെങ്ങ്	145	3,75,000 (എണ്ണം)
വാഴ	15	25 "
മരച്ചീനി	45	1800 "
കരുമുളക്	70	63 "
കശുമാവ്	1	
റബ്ബർ	610	1952 "
കവുങ്ങ്	5	
ജാതി, ഗ്രാമ്പു, കൊക്കോ കറുവ തുടങ്ങിയവ		

ഇലയ്ക്കാട് പഞ്ചായത്ത് വിഭജിച്ച് കടപ്ലാമറ്റം പഞ്ചായത്ത് രൂപപ്പെടുന്ന കാലം മുതൽ തന്നെ നമ്മുടെ പ്രദേശത്തെ സർവ്വ സാധാരണ കൃഷി റബ്ബർ തന്നെയാണ്. ഈ പഞ്ചായത്തിൽ 25% ആളുകൾ പത്തു സെൻറിൽ മാത്രം സ്ഥലമുള്ളവരാണ് ബാക്കിയുള്ളയാളുകൾ നാമമാത്രമായെങ്കിലും റബ്ബർ കൃഷി ചെയ്യുന്നവരാണ്. കൃഷി ചെയ്യുന്നതിനുള്ള സൗകര്യം, വിളവെടുപ്പിനുള്ള താരതമ്യേന എളുപ്പം തുടങ്ങിയ കാര്യങ്ങൾ റബ്ബർ കൃഷിക്ക് പ്രിയം കൂട്ടുന്നു. പക്ഷേ പ്രകൃതിക്ഷോഭം മൂലവും മരങ്ങൾക്കുണ്ടാകുന്ന രോഗം മൂലവും ഉണ്ടാകുന്ന നഷ്ടം, അസംസ്കൃത സാധനങ്ങളുടെ അമിതമായ വില വർദ്ധനവ്, കൂലിവർദ്ധനവ്, പരിചിതരായ ടാപ്പിംഗ് തൊഴിലാളികളുടെ അഭാവം തുടങ്ങിയ കാര്യങ്ങൾ ഈ മേഖല നേരിടുന്ന പ്രശ്നങ്ങളാണ്.

സെമിനാറുകളിലൂടെയും മറ്റും ബോധവാന്മാരായ നമ്മുടെ ആളുകൾ മിക്കവാറും റബ്ബർ ബോർഡ് ശുപാർശയനുസരിച്ചാണ് കൃഷിചെയ്യുന്നത്. ബോർഡ് നൽകുന്ന സബ്സിഡിയും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റാൻ ആരും മടിക്കാറില്ല. റബ്ബറിൻെറ വില വർദ്ധനവ് റബ്ബർ കൃഷിയിടത്തിൻെറ വിസ്തൃതി വർദ്ധിപ്പിക്കാനും കാരണമായിട്ടുണ്ട്.

പഞ്ചായത്തിലെ മറ്റൊരു പ്രധാന വിള തേങ്ങ ആണ്. നാളികേരത്തിൻെറ വിലയിടിവും (ഇപ്പോഴില്ല) രോഗഭീഷണിയും മൂലം തെങ്ങുകൃഷിയോടുള്ള താൽപര്യം കർഷകർക്കു കുറഞ്ഞിട്ടുണ്ട്. തന്മൂലം കേരകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി കേന്ദ്ര സംസ്ഥാന ഗവൺമെൻറു പദ്ധതികൾ സംയോജിപ്പിച്ച് കഴിഞ്ഞ മൂന്നു വർഷങ്ങളായി സമഗ്ര നാളികേര വികസന പദ്ധതി രൂപവൽക്കരിച്ച് നടപ്പിലാക്കി വരികയാണ്. ഇതോടനുബന്ധിച്ച് കടപ്ലാമറ്റം പഞ്ചായത്തുകേര വികസന സമിതി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം തെങ്ങിന് സൗജന്യനിരക്കിൽ വളം വിതരണം, കിണർ കുഴിക്കൽ, പമ്പ് സെറ്റ് സ്ഥാപിക്കൽ എന്നിവയ്ക്ക് 33 1/3% സബ്സിഡി, ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടീൽ വസ്തുക്കളുടെ വിതരണം, പട്ടികജാതിയിൽപ്പെട്ട തെങ്ങു കൃഷിക്കാർക്ക് കിണർ കുഴിക്കുന്നതിനു ധനസഹായം, തുടങ്ങിയ ഘടകങ്ങൾ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി നടപ്പിലാക്കിവരുന്നു. പഞ്ചായത്തിലെ രോഗം ബാധിച്ച് ഉല്പാദന ക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പകരം പുതുയ തൈകൾ വച്ചു പിടിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിലെ മറ്റൊരു പ്രധാന കൃഷി കുരുമുളക് ആണ്. വാട്ടരോഗഭീഷണി നിലനിൽക്കെ തന്നെ കർഷകർ വളരെ താല്പര്യപൂർവ്വം കുരുമുളകു കൃഷി ചെയ്യുന്നു. കുരുമുളകു പുനരുദ്ധാരണ പദ്ധതി, പരിശീലന തോട്ടങ്ങൾ, കുരുമുളകു കൃഷി വിസ്തൃതി വ്യാപന പദ്ധതി തുടങ്ങിയ പദ്ധതികൾ പ്രകാരം കഴിഞ്ഞ മൂന്നു വർഷങ്ങളിലായി നടീൽ വസ്തുക്കൾ വളം, കീടനാശിനി തുടങ്ങിയവയ്ക്ക് സബ്സിഡി നൽകുന്നു. നിലവിലുള്ള ഇനങ്ങൾ കൂടാതെ പുതിയ അത്യുല്പാദനശേഷിയും രോഗ പ്രതിരോധശേഷിയുള്ള ഇനങ്ങൾ വ്യാപിപ്പിച്ച് കുരുമുളകു കൃഷി ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലെ നെൽകൃഷിയെ സംബന്ധിച്ചിടത്തോളം ഉല്പാദനക്ഷമത വളരെ കുറവും കൃഷിചെലവ് വളരെ കൂടുതലും ആണ്. നെൽകർഷകരെ സഹായിക്കുവാനുള്ള കാര്യമായ പദ്ധതികളൊന്നും കഴിഞ്ഞ വർഷങ്ങളിൽ നടപ്പിലാക്കിയിട്ടില്ല. പാടശേഖരങ്ങളുടെ ജലനിർഗ്ഗമന സൗകര്യങ്ങൾ മെച്ചപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് നെൽകൃഷി ഊർജ്ജിതപ്പെടുത്തേണ്ടതാണ്. കർഷകതൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി യന്ത്രവൽക്കരണം നടപ്പിലാക്കേണ്ടതാണ്.

ഇഞ്ചി, മഞ്ഞൾ തുടങ്ങിയ വിളകൾക്കായി കഴിഞ്ഞ വർഷങ്ങളിൽ വളം, കീടനാശിനി എന്നിവയ്ക്ക് സബ്സിഡി നൽകി വരുന്നു. ഈ പഞ്ചായത്തിൽ ധാരാളം കർഷകർ ഇഞ്ചി, മഞ്ഞൾ കൃഷികളിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും വളരെ കുറച്ചുപേർക്കു മാത്രമേ ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളൂ. പഞ്ചായത്തിലെ പരിഗണിക്കപ്പെടേണ്ടതും ആനുകൂല്യങ്ങൾ നൽകേണ്ടതുമായ മറ്റു കൃഷികൾ മരച്ചീനി, ഏത്തവാഴ കൃഷി, പച്ചക്കറി കൃഷി, കച്ചോലം തുടങ്ങിയവയാണ്. ഏത്തവാഴ, പച്ചക്കറി എന്നീ കൃഷികൾക്ക് ചെറിയ ആനുകൂല്യങ്ങൾ നൽകിയതൊഴിച്ചാൽ മേൽകൃഷികൾക്ക് കർഷകർക്കു കാര്യമായ പ്രയോജനം ലഭിക്കത്തക്ക പദ്ധതികൾ ഉണ്ടായിട്ടില്ല. ഇവിടുത്തെ നല്ലൊരു പങ്ക് കർഷരുടെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗങ്ങളായ മരച്ചീനി, ഏത്തവാഴ, പച്ചക്കറി എന്നീ കൃഷികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പയുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകേണ്ടതാണ്.

ഇനിയുടെ നടപ്പിലാക്കേണ്ട പദ്ധതികൾ

നെൽകൃഷി

1. ട്രാക്ടർ, ടില്ലർ, കൊയ്ത്ത്-മെതി യന്ത്രം തുടങ്ങിയിത് യന്ത്ര സാമഗ്രഹികൾ സബ്സിഡി നിരക്കിൽ ചെറുകിടകർഷകർക്ക് ലഭ്യമാക്കാൻ സൗകര്യം ഉണ്ടാക്കണം.

2. ഉൽപാദനക്ഷമതയുള്ള വിത്തുകൾ കർഷകർക്ക് കുറഞ്ഞ നിരക്കിൽ സുലഭമായി ലഭിക്കണം.

3. ജലസേചന സൗകര്യത്തിനും, നീർവാർച്ചക്കുമുള്ള പാടശേഖരങ്ങളിലെ കനാലുകൾ സൈഡുകെട്ടി ബലപ്പെടുത്തണം. മാറിടം പാടശേഖരത്തിലെ ചെന്നല്ലിയേൽകുളം, ഇലയ്ക്കാട് പാടശേരത്തിലെ മുണ്ടുചിറക്കുളം ഇവ നന്നാക്കി ജലസേചന സൗകര്യം മെച്ചപ്പെടുത്തണം. വയലാ പാടശേഖരത്തിലെ പുറം ബണ്ട് കല്ലുകെട്ടി ബലപ്പെടുത്തണം, കിഴക്കേമാറിടം പാടശേറത്തിൽ നീർവാർച്ചയുള്ള കനാൽ തീരത്ത് സൈഡ് കെട്ടി സൗകര്യപ്പെടുത്തണം. ആറാം വാർഡിൽ ഏണാച്ചിറക്കുളം നന്നാക്കുകയും ചേരിക്കൽ പാടത്ത് സൈഡ് കെട്ടുകയും കച്ചിറ തോടിന്റെ സൈഡ് ബണ്ട് തീർക്കുകയും വേണം. നാല്, ആറ് വാർഡുകൾ ഉൾപ്പെടുന്ന പായസപ്പടി ഭാഗത്തുകൂടി പോകുന്ന തോടിന്റെ സൈഡ് കെട്ടി കൃഷിഭൂമിയെ സംരക്ഷിക്കുന്നതിനും പഞ്ചായത്ത് മുൻകൈയെടുക്കണം.

തെങ്ങ്

1. രോഗബാധയുള്ളതും ഉത്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി പകരം രോഗപ്രതിരോധ ശേഷിയുള്ള അത്യുത്പാദന തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുവാൻ വിത്തു തേങ്ങയും സഹായധനവും ലഭ്യമാക്കണം.

2. ജലസേചന സൗകര്യം: കിണറുകളും, കുളങ്ങളും കുഴിച്ച് സബ്സിഡി റേറ്റിൽ പമ്പുസെറ്റുകളും ലഭ്യമാക്കി ജലസേചന സൗകര്യം വർദ്ധിപ്പിക്കണം.

3. തെങ്ങിന്റെ ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുക.

പച്ചക്കറി

1. പഞ്ചായത്തിലെ എല്ലാ വീട്ടുവളപ്പിലും ഒരു ചെറിയ പച്ചക്കറിത്തോട്ടം നിർബന്ധമായും ആരംഭിക്കേണ്ടതാണ്. ആയതിന് പ്രോത്സാഹനയമായി അത്യുല്പാദനശേഷിയും പ്രതിരോധശക്തിയും വിത്ത്, വളം, സാങ്കേതിക ഉപദേശവും നൽകണം.

2. കൃഷിക്കാർക്ക് ന്യായവില ലഭ്യമാക്കുവാൻ പഞ്ചായത്തുതലത്തിൽ ഒരു പച്ചക്കറി സ്റ്റോൾ പ്രവർത്തനമാരംഭിക്കണം കുറഞ്ഞ പലിശ നിരക്കിൽ വായ്പാ സൗകര്യം ലഭ്യമാക്കണം. കെ.എച്ച്. ഡി.പി. (കേരളാ ഹോർട്ടികൾച്ചറൽ ഡവലപ്മെൻറ് പ്രോജക്ട്) യുടെ ഒരു കളക്ഷൻ സെൻറർ പഞ്ചായത്തിൽ സ്ഥാപിക്കുകയും പ്രവർത്തനം പഞ്ചായത്തിൽ വ്യാപിപ്പിക്കുകയും ചെയ്യണം.

കുരുമുളക്

അത്യുല്പാദനശേഷിയുള്ള പുതിയ ഇനം കുരുമുളക് വള്ളികൾ സൗജന്യ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കണം. (കാഞ്ചന, ശ്രീകര, സുഭകര തുടങ്ങിയ ഇനം) ഭ്രുതവാട്ടത്തിനെതിരായി സൗജന്യനിരക്കിൽ സസ്യ സംരക്ഷണ പ്രവർത്തനം നടത്തുക.

ഇഞ്ചി, മഞ്ഞൾ

അത്യുല്പാദനശേഷിയുള്ള പ്രതിരോധ ക്ഷമതയുള്ള വിത്തുകൾ ലഭ്യമാക്കണം. സൗജന്യ നിരക്കിൽ വളം, കക്ക - വേപ്പിൻ പിണ്ണാക്കും, മരോട്ടി പിണ്ണാക്കും, തുരിശ് എന്നിവ ലഭ്യമാക്കണം.

മരച്ചീനി (കപ്പ)

ഭക്ഷ്യ വിളയായി പ്രഖ്യാപിക്കണം. അത്യുൽപാദന ശേഷിയുള്ള പുതിയ ഇനം മരച്ചീനി കമ്പ് ലഭ്യമാക്കണം. മികച്ച സാങ്കേതിക ഉപദേശം, സൗജന്യനിരക്കിൽ വളം എന്നിവ ലഭ്യമാക്കുക. എലിശല്യം പൂർവ്വാധികം വർദ്ധിച്ചിരിക്കുന്നു. ആയതിനാൽ പഞ്ചായത്തുതല വ്യാപകമായി എലി നശീകരണം നടപ്പിലാക്കണം. ചേന, ചേമ്പ് തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങൾ കൃഷിയുന്നതിന് കർഷകർക്ക് പ്രോത്സാഹനം നൽകുക.

വാഴ

അത്യുൽപാദന ശേഷിയും രോഗപ്രതിരോധ ശക്തിയും ഉള്ള വാഴവിത്തുകൾ കർഷകർക്കു സൗജന്യ നിരക്കൽ നൽകണം. മികച്ച സാങ്കേതിക സഹായങ്ങളും നൽകണം.

പുഷ്പകൃഷി

വ്യാപകമാക്കണം - സൗജന്യനിരക്കിൽ തൈകളും വളവും നൽകണം. ആവശ്യമായ ജലസേചന സൗകര്യം ഉറപ്പാക്കണം. പഞ്ചായത്തിലെ തെരഞ്ഞെടുത്ത 100 വനിതകൾക്ക് (ഒരു വർഷം) സൗജന്യനിരത്തിൽ ആന്തൂറിയം, ആർക്കിഡ്, കുറ്റിമുല്ല തുടങ്ങിയവയുടെ തൈകൾ ലഭ്യമാക്കണം. കൃഷിക്ക് ആവശ്യമായ സാമ്പത്തിക സഹായവും പരിശീലനവും നൽകണം.

ഔഷധസസ്യം

കച്ചോലം തിപ്പലി, ആടലോടകം, അടപതിയൻ തുടങ്ങിയ ഔഷധ സസ്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. മാർക്കറ്റ് ഉറപ്പാക്കണം.

വളം

എല്ലാ കൃഷികൾക്കും ആവശ്യമായ രാസവള സൗജന്യ നിരക്കിൽ കൃഷിക്കാർക്ക് ലഭ്യമാക്കണം. മണ്ണ് പരിശോധിച്ച് കൃഷിവിദഗ്ധരുടെ ഉപദേശ പ്രകാരം വളപ്രയോഗം നടത്തി കൃഷിച്ചിലവ് കുറയ്ക്കാവുന്നതാണ്. ജൈവവള പ്രയോഗം വ്യാപകമാക്കണം. പ്രോത്സാഹനമായി ഒരു കമ്പോസ്റ്റു കുഴിക്ക് സാമ്പത്തിക സഹായം ലഭ്യമാക്കണം. എല്ലാ കൃഷിക്കാരന്റെയും പുരയിടത്തിൽ കമ്പോസ്റ്റു കുഴി നിർബന്ധമാക്കുകയും ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും വേണം. മണ്ണിര കമ്പോസ്റ്റ് നിർമ്മാണം വ്യാപകമാക്കണം. രാസകീടനാശിനിപ്രയോഗം നിരുത്സാഹപ്പെടുത്തുകയും ജൈവ കീടനാശിനി പ്രയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. മണ്ണൊലിപ്പ് തടയുന്നതിനായി സാമ്പത്തിക സഹായം നൽകണം.

കൃഷിയിടങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനും ജലം സംഭരിച്ച് ഈർപ്പം നിലനിറുത്തുന്നതിന് ആവശ്യമായ ചാലുകളും കുഴികളും നിർമ്മിക്കുവാൻ പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകണം.

മാർക്കറ്റിംഗ് സൊസൈറ്റി

കർഷക പങ്കാളിത്തത്തോടുകൂടി ചുക്ക്, മഞ്ഞൾ, കുരുമുളക്, ജാതി, ഗ്രാമ്പു തുടങ്ങിയ നാണ്യവിളകൾ ന്യായവിലയ്ക്ക് സംഭരിക്കുന്നതിനും വില്പന നടത്തുന്നതിനും വേണ്ടി ഒരു മാർക്കറ്റിംഗ് സൊസൈറ്റി ആരംഭിക്കണം.

നാളികേരാധിഷ്ഠിതമായ വ്യവസായങ്ങൾ ആരംഭിക്കണം. ഉൽപന്നങ്ങൾക്ക് മാർക്കറ്റിംഗ് സൗകര്യം ഉറയാക്കുകയും വേണം. കുരുമുളക്, ഇഞ്ചി തുടങ്ങിയവയുടെ എസൻസ് ഉല്പാദിപ്പിക്കുന്ന വൻകിട ഫാക്ടറി പഞ്ചായത്തിൽ സർക്കാർ ചെലവിൽ ആരംഭിക്കണം. മേൽത്തരം വിത്തുകളും നടീൽ വസ്തുക്കവും ഉല്പാദിപ്പിക്കുന്ന നേഴ്സറിയും റിസേർച്ച് കേന്ദ്രവും പഞ്ചായത്തുതലത്തിൽ ആരംഭിക്കണം. കാർഷിക സമിതികളുടെ പ്രവർത്തനം പഞ്ചായത്തുതലത്തിൽ ഏകോപിപ്പിച്ച് ഫലപ്രദമായി നടത്തണം.

സാമൂഹിക ജലസേചന പദ്ധതികൾ

ഗവൺമെൻറിന്റെ സഹായത്തോടെ നടപ്പാക്കണം. (എല്ലാവിളകൾക്കും വേണ്ടി) മീനച്ചിൽ നദീതട പദ്ധതി നടപ്പിലാക്കുകയും അതിന്റെ പ്രയോജനം പൂർണ്ണമായും നമ്മുടെ പഞ്ചായത്തൽ പൂർണ്ണമായി ലഭിക്കുകയും വേണം. മൂവാറ്റുപുഴ പദ്ധതിയും കടപ്ലാമറ്റത്തെ ജനങ്ങൾക്ക് പ്രയോജനകരമായതാക്കി മാറ്റാൻ പഞ്ചായത്ത് സമ്മർദ്ദം ചെലുത്തണം കച്ചിറതോട്ടിൽ ബണ്ട് / ചീപ്പ് നിർമ്മിച്ച് സമീപപ്രദേശങ്ങളിലെ കൃഷിയിടങ്ങളിൽ ഈർപ്പം നിലനിർത്താനാവും കടപ്ലാമറ്റം പഞ്ചായത്തിലെ ജലസ്രോതസ്സുകൾ കണ്ടെത്തി ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലുള്ള കരിച്ചിറക്കുളം (വാർഡ് 8) പുന്നന്താനത്ത് മനക്കൽ കുളം (വാർഡ് 3) കുളുച്ചിറ പഞ്ചായത്തുകുളം (വാർഡ് 3), ഓലിക്കരക്കുളം (വാർഡ് 4), പായസപ്പടി ചിറ്റക്കാട്ട് കുഴിക്കുളം (വാർഡ് 6), പാറേപ്പീടിക ചിഞ്ചനാട്ട് കുളം (വാർഡ് 8), നെല്ലികുന്ന് പഞ്ചായത്ത് കുളം (വാർഡ് 2), ഏണാച്ചിറക്കുളം, ചെന്നല്ലിയേൽ കുളം (വാർഡ് 6) തുടങ്ങിയവ ഉപയോഗപ്രദമായ രീതിയിൽ സംരക്ഷിക്കണം. ഇവയ്ക്കെല്ലാം പുറമെ വാട്ടർഷെഡ് പദ്ധതി പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുകയും വേണം.

നിർദ്ദേശങ്ങൾ

1. കാർഷിക ആവശ്യങ്ങൾക്കും കൃഷിക്കാരുടെ ചാരിറ്റബ്ലിൾ സംഘങ്ങൾക്കും വൈദ്യുതി സൗജന്യമായി ലഭിക്കണം.
2. കൃഷി സംബന്ധമായ ചർച്ചകൾ നടത്തുമ്പോൾ (ഗവ. തലത്തിൽ നടത്തുമ്പോൾ) കൃഷിക്കാരുടെ ചാരിറ്റബ്ലിൾ സൊസൈറ്റി ഭാരവാഹികളെ കൂടി പങ്കെടുപ്പിക്കണം.
3. കൃഷിക്കാരുടെ കൃഷിയിടങ്ങളിലെ മണ്ണ് പരിശോധിച്ച് വളപ്രയാഗം നിർദ്ദേശിക്കാൻ കൃഷിഭവന്റെ സഹായം ഉണ്ടാകണം.
4. കൃഷിഭവന്റെ പ്രവർത്തനം എല്ലാ വാർഡുകളിലും ലഭിക്കത്തക്കവണ്ണം ക്രമീകരിക്കണം. ആഴ്ചയിൽ ഒരു ദിവസത്തെ പ്രവർത്തനം എങ്കിലും കൃഷിഭവനിൽ നിന്നും വാർഡുകളിൽ ഉണ്ടാകണം.
5. കൃഷി വ്യവസായമായി അംഗീകരിക്കണം.
6. സ്ത്രീകൾക്ക് ചെയ്യാൻ കഴിയുന്ന കൂൺ കൃഷി, കോഴി വളർത്തൽ, മണ്ണ് കമ്പോസ്റ്റ് നിർമ്മാണം, പച്ചക്കറി കൃഷി മുതലായവ ലാഭകരമാക്കും വിധം നമ്മുടെ പഞ്ചായത്തിൽ പ്രചരിപ്പിക്കണം.
7. കുറഞ്ഞ വിലക്ക് വളം ലഭ്യമാക്കണം.

മൃഗസംരക്ഷണം

കടപ്ലാമറ്റം പഞ്ചായത്തിൽ മൃഗസംരക്ഷണത്തിനുള്ള സാധ്യത വളരെ പ്രസക്തമാണ്. പക്ഷേ, നിർഭാഗ്യവശാൽ വളരെ കുറച്ചുപേർ മാത്രമേ ഈ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നുള്ളൂ. ഭൂരിഭാഗം വീടുകളിലും ഒരു തരത്തിലുമുള്ള മൃഗപരിപാലനവും നടത്തുന്നില്ലയെന്നാണ് മനസ്സിലാക്കുവാൻ കഴിഞ്ഞുട്ടുള്ളത്.

കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകളിലും, മറ്റു പൊതു വേദികളിലും കർഷകർ, പ്രത്യേകിച്ചു സ്ത്രീകൾ മൃഗസംരക്ഷണമേഘലയ്ക്ക് 9-ാം പഞ്ചവത്സര പദ്ധതിയിൽ കൂടുതൽ പ്രാധാന്യം നൽകുവാൻ ആവശ്യപ്പെടുകയുണ്ടായി. ഇതിനു പ്രധാനമായും 10 കാരണങ്ങളാണ് ചൂണ്ടികാണിക്കപ്പെടുന്നത്.

പട്ടിക 1

പശുക്കളെ വളർത്തിന വീടുകൾ	ആടുകളെ വളർത്തുന്ന വീടുകൾ	പന്നികളെ വളർത്തുന്ന വീടുകൾ	കോഴികളെ വളർത്തുന്ന വീടുകൾ	താറാവുകളെ വളർത്തുന്ന വീടുകൾ
75.41%	9.4%	2.2%	86%	1.5%

പട്ടിക 2

കാളനാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ	
വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ
2	128	-	234	902	542	1701	1089	65	53

പോത്ത്	ആട്	പട്ടി	ആന
29	1392	1256	ഇല്ല

മൃഗസംരക്ഷണ രംഗത്ത് കേരളം ഗണനീയമായ നേട്ടം കൈവരിച്ചെങ്കിലും നാം ഇപ്പോഴും പാല്, മുട്ട, ഇറച്ചി എന്നിവയുടെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിച്ചിട്ടില്ല. മേൽ പറഞ്ഞ ഉൽപന്നങ്ങളുടെ വർദ്ധിച്ചു വരുന്ന ആവശ്യം ഈ രംഗത്തെ വിപണന സാദ്ധ്യതകളെ സൂചിപ്പിക്കുന്നു. ആയതിനാൽ ഈ ആവശ്യങ്ങൾക്കനുസൃതമായി ഉൽപാദനം ഉയർത്തുവാൻ നാം ശ്രമിക്കേണ്ടതുണ്ട്. (സമീകൃതാഹാരത്തിൽ നിർദ്ദേശിച്ചിരിക്കുന്ന പാലിന്റെ പ്രതിദിന അളവ് 170 മില്ലി ലിറ്ററാണ് എന്നാൽ നമ്മുടെ സംസ്ഥാനത്ത് അത് 40 മില്ലി ലിറ്റർ മാത്രമാണ്).

സ്വയം സമ്പൂർണത കൈവരിക്കലാണ് ജനകീയാസൂത്രണ പദ്ധതിയുടെ ലക്ഷ്യം എന്നിരിക്കേ കേരളത്തിന് ആവശ്യമായ പാൽ, മുട്ട, ക്ഷീരോല്പന്നങ്ങൾ തുടങ്ങിയവയ്ക്കെല്ലാം അയൽ സംസ്ഥാനങ്ങളെയാണ് നാം ഇപ്പോൾ ആശ്രയിച്ചു വരുന്നത്. ഓരോ ഗ്രാമത്തിനും ആവശ്യമായ സാധനങ്ങൾ അവിടെതന്നെ ഉൽപാദിപ്പിച്ചേതീരൂ. ഗൾഫ് രാജ്യങ്ങളിൽ നിന്നും പലരും ഇൻഡ്യക്ക് തിരിച്ചയച്ചു വരുന്ന സാഹചര്യത്തിൽ മൃഗസംരക്ഷണം കൈത്തൊഴിൽ തുടങ്ങിയ ഉൽപാദന മേഖലകളെ അഭിവൃദ്ധിപ്പെടുത്തി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കേണ്ടതാണ്.

മറ്റു കർഷക രംഗങ്ങളിൽ നിന്നും വ്യത്യസ്തമായി പുത്തൻ തൊഴിൽ സംരഭകരും തൊഴിൽ രഹിതരായ യുവാക്കളും മൃഗസംരക്ഷണ രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കപ്പെടുന്നതായി കാണുന്നു. ഉദാഹരണത്തിന് തൊഴിൽ രഹിതരായ യുവാക്കൾക്ക് കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരളത്തിൽ നടപ്പിലാക്കുക്കൊണ്ടിരിക്കുന്ന ലക്ഷം തൊഴിൽ ദാന പദ്ധതിയിലെ അംഗങ്ങളായ ബഹുഭൂരിപക്ഷംയുവാക്കളും ആവശ്യപ്പെട്ടിരിക്കുന്നത് മൃഗസംരക്ഷണ മേഘലയിലെ വിവിധ പദ്ധതികളാണ്. ഇതിനുള്ള പദ്ധതികൾ കുറഞ്ഞ മുതൽ മുടക്കിൽ ആരംഭിക്കുവാൻ സാധിക്കുകയും വളരെ വേഗം ഇതിൽ നിന്നുമുള്ള വരുമാനം ലഭിച്ചു തുടങ്ങുകയും ചെയ്യും എന്നുള്ളതാണ്.

3. ചെറുകിട കർഷകരും വളരെ കുറച്ചു സ്ഥലമുള്ളവർക്കും പുത്തൻ തൊഴിൽ സംരഭകർക്കും ദുർബല വിഭാഗങ്ങൾക്കും കൂടാതെ സ്ത്രീകൾക്കും ഇതിൽ ഭാഗഭാക്കാകുവാൻ സാധിക്കുന്നതാണ്. തൊഴിൽ രഹിതരായ യുവാക്കളെ സംബന്ധിച്ചിടത്തോളം ഗൾഫ് നാടുകളിലും അന്യദേശത്തും മറ്റും മെച്ചപ്പെട്ട മറ്റൊരു തൊഴിൽ കിട്ടിയാൽ എളുപ്പത്തിൽ ഇത്തരം സംരംഭത്തിൽ നിന്നും മുടക്കുമുതൽ തിരിച്ചു ലഭ്യമാക്കിക്കൊണ്ട് പിൻമാറുവാൻ സാധിക്കുന്നതാണ്. ഉദാഹരണത്തിന് ഒരു ക്ഷീര കർഷകന് തന്റെ കറവ മാടുകളെ വിറ്റാൽ മുടക്കു മുതൽ തിരിച്ചു ലഭിക്കുന്നതാണ്.

മറ്റു കാർഷിക വൃത്തിയിൽ നിന്നും പ്രധാനമായും മൃഗസംരക്ഷണമേഖലയെ വേർതിരിച്ചു തകാണിക്കുന്ന ഒരു പ്രധാന സംഗതി തൊഴിൽ സംരഭകർക്ക് കാർഷിക വൃത്തിയിൽ നിന്നുമുള്ള വരുമാനം കുറഞ്ഞകാലം(Short Period)മുതൽ തന്നെ തിരിച്ചു ലഭിക്കും എന്നുള്ളതാണ്. ഉദാഹരണത്തിന് ബ്രോയിലർ കോഴികളെ 1 1/2 - 2 മാസം കൊണ്ട് വിറ്റഴിക്കാവുന്നതാണ്. ക്ഷീര കർഷകർക്ക് കറവമാടുകളുടെ പ്രസവം മുതൽ പാലിൽ നിന്നുമുള്ള വരുമാനം ലഭിക്കുന്നതാണ്. കൃഷിരംഗത്തെപ്പോലെ വരുമാനത്തിനായി നീണ്ട നാളത്തെ കാത്തിരിപ്പിന്റെ ആവശ്യം ഈ രംഗത്ത് കരഷകർ നേരിടുന്നില്ല. കൂടാതെ മൃഗസംരക്ഷണം ഒരു മുഖ്യതൊഴിലായോ ഉപതൊഴിലായോ കൊണ്ടുപോകാവുന്നതാണ്. മറ്റ് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും, തൊഴിൽ രഹിതരായ സ്ത്രീകൾക്കും കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന വീട്ടമ്മ മാർക്കും ഈ രംഗത്തേയ്ക്ക് കടന്നു വന്ന് സ്വന്തമായും അതുവഴി നാടിനു പൊതുവായും അഭിവൃദ്ധി കൈവരിക്കാവുന്നതാണ്.

സ്ത്രീകളേയും മറ്റു ദുർബല വിഭാഗങ്ങളേയും ഈ രംഗത്തേയ്ക്കു കൂടുതലായി ആകർഷിക്കുവാൻ സാധിച്ചാൽ നാടിനു മൊത്തത്തിൽ വളരെയധികം മാനവ ശേഷി വികസനം കൈവരിക്കാവുന്നതാണ്. ഈ മേഖല സ്ത്രീകളെ സ്വന്തം വരുമാനമുണ്ടാക്കുവാൻ പ്രാപ്തരാക്കും. മൃഗസംരക്ഷണരംഗത്ത് ഏർപ്പെടുന്ന വഴി കുടുംബത്തിന് പോഷകമൂല്യമുള്ള ആഹാരം കുറഞ്ഞ ചിലവിൽ ലഭ്യമാകുന്നതാണ്. ഇതു വഴി ചിലവ് ലാഭിക്കുകയും കുടുംബത്തിന്റെ വരുമാനം വർദ്ധിക്കുകയും ചെയ്യുന്നതാണ്.

റബർ കൃഷിക്കും മറ്റും ജൈവവള പ്രയോഗം അടിവരയിട്ടു പറയുന്നതിനാൽ കാലിവളർത്തൽ നമ്മുടെ പഞ്ചായത്തിൽ വളരെ അത്യാവശ്യമായ ഒരു ഘടകമാണ്.

കാലിവളർത്തൽ നടത്തുവാൻ സാദ്ധ്യതയുള്ള കടപ്ലാമറ്റം പഞ്ചായത്തിൽ പ്രാദേശികമായ ഉൽപാദനം, പ്രാദേശിക സംഭരണം, പ്രാദേശിക വിതരണം എന്ന രീതി ഏറ്റവും ഫലപ്രദമായി നടപ്പിലാക്കി ക്ഷീര മേഖലയിൽ വാങ്ങലിനും വിൽക്കലിനുമുടയ്ക്കുള്ള ചിലവു കുറയ്ക്കാവുന്നതാണ്. മൃഗസംരക്ഷണ രംഗത്തെ സാദ്ധ്യതകളെകുറിച്ചു പൊതുജന ബോധവൽക്കരണവും ഒരിക്കൽ സംരംഭം തുടങ്ങുവാൻ വേണ്ട

പ്രോൽസാഹനവും, സാമ്പത്തിക സഹായവും നൽകിയാൽ പദ്ധതി തുടർന്നു കൊണ്ടു പോകുവാനുള്ള വരുമാനം കുറഞ്ഞ കാലയളവിൽ തന്നെ തുടർച്ചയായി തിരിച്ചു ലഭിക്കുന്നതിനാൽ സംരംഭകർക്ക് യാതൊരുവിധ സാമ്പത്തിക ബുദ്ധിമുട്ടും ഉണ്ടാകുന്നതല്ല.

ആയതിനാൽ കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിനെ 9-ാം പഞ്ചവൽസര പദ്ധതിയോടെ ഒരു "ക്ഷീരഗ്രാമം" ആക്കുവാൻ ലക്ഷ്യമിടുക.

കടപ്ലാമർറം പഞ്ചായത്തിലെ ക്ഷീരോത്പാദക സംഘംവക രെുവർഷത്തെ പാൽ ശേഖരണ, വിതരണകണക്ക്.

മൊത്തം ശേഖരിക്കുന്നപാൽ	പഞ്ചായത്തിൽ വിൽക്കുന്നത്	പുറത്തേയ്ക്കു അയയ്ക്കുന്നത്
10442 ലിറ്റർ	4084.4 ലിറ്റർ	6357.6 ലിറ്റർ

ന്യൂനപക്ഷം മാത്രമേ സർക്കാർ മൃഗാശുപത്രിയുടെ സേവനം പ്രയോജനപ്പെടുത്തുന്നുള്ളൂ. ഒരു ദിവസം ശരാശരി മൂന്നോ-നാലോ മൃഗസംരക്ഷകർ മാത്രമാണ് സർക്കാർ മൃഗാശുപത്രിയെ സമീപിക്കുന്നുള്ളു. പഞ്ചായത്തിലെ ഏക മൃഗാശുപത്രി പടിഞ്ഞാറെ അറ്റത്തായതിനാൽ മൃഗാശുപത്രികളുടെ എണ്ണം വർദ്ധിപ്പിക്കണം. നിലവിലുള്ള ആശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതും ആത്യാവശ്യമാണ്.

ക്ഷീരോത്പാദനത്തെ ബാധിക്കുന്ന പ്രശ്നങ്ങളാണ് പശുക്കൾക്കുള്ള അകിടുവീക്കവും കുളമ്പുരോഗവും പ്രതിരോധ മാർഗ്ഗങ്ങളിലൂടെ പലരോഗങ്ങളെയും ചെറുക്കാമെന്ന അറിവില്ലായ്മയാണ് രോഗം വ്യാപകമായി പടരുന്നതിനു കാരണം. (കടപ്ലാമറ്റം പഞ്ചായത്തിലെ കന്നുകാലികളുടെ രോഗവിവരങ്ങൾ താഴെ ചേർക്കുന്നുണ്ട്.)

കൃഷിയിടങ്ങൾ വർദ്ധിച്ചതോതിൽ നികത്തുന്നതു മൂലവും ഉള്ള കൃഷിയിടങ്ങളിൽ കൃഷി ഇറക്കാത്തതും വൈക്കോലിന്റെയും തീറ്റപുല്ലിന്റെയും ലഭ്യത രൂക്ഷമായ തോതിൽ കുറയ്ക്കാനിടയാക്കുന്നു. തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനാവശ്യമായ സ്ഥലത്തിന്റെ അഭാവം മൃഗസംരക്ഷണ മേഖലയിലെ പ്രശ്നങ്ങളെ സങ്കീർണ്ണമാക്കുന്നു.

മുട്ടക്കോഴി വളർത്തൽ ഒരു കൃഷിരീതി എന്ന നിലയിൽ വികസിച്ചിട്ടില്ല. ഒരു ദിവസം ഏകദേശം 1000 മുട്ടയോളം പഞ്ചായത്തതിർത്തിയിലുള്ള വിവിധ വ്യാപാര സ്ഥപനങ്ങൾ വിറ്റഴിക്കുന്നുണ്ടെങ്കിലും ഇതിലൊരു ചെറിയ ശതമാനം മുട്ട മാത്രമേ പഞ്ചായത്തിൽ ഉദ്പാദിപ്പിക്കപ്പെടുന്നുള്ളൂ. പഞ്ചായത്തിലെ വളർത്തു പക്ഷികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	മറ്റുള്ളവ
1.	ദഹനസംബന്ധമായവ	636	26	337	70	8
2.	ശ്വാസകോശസംബന്ധം	43	-	46	-	-
3.	ഉപാപചയ സംബന്ധം	30	-	2	-	-
4.	ത്വക്രോഗങ്ങൾ	77	-	45	1	3
5.	പരാദരോഗങ്ങൾ	671	13	219	13	2
6.	പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	243	1	69	-	-
7.	വന്ധ്യത	14	-	-	-	-
8.	അകിടുവീക്കം	23	-	10	-	-

കടപ്ലാമറ്റം പഞ്ചായത്തിലെ കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തുമൃഗം	ആകെഎണ്ണം	കൃത്രിമബീജ സങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2-ലധികം തവണ ബീജ സങ്കലനം വേണ്ടിവന്നവ
പശു	1621	636	29
കിടാരി	1032	302	26
എരുമ	65	15	1

പൂവൻകോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
	മുട്ടയിടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ	
1239	4326	5824	26	52	50

മൃഗസംരക്ഷണ മേഖലയിലെ സാധ്യതകൾ

1. നല്ലയിനം മുട്ടക്കോഴികളെ ലഭ്യമാക്കുവാനായി പഞ്ചായത്തിൽ ഒരു നേഴ്സറി സ്ഥാപിക്കുക.
2. കന്നുകാലികളെ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക.
3. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ക്ഷീരോത്പാദക സഹകരണസംഘം ആരംഭിച്ച് കാലിത്തീറ്റയും കോഴിത്തീറ്റയും വിലക്കുറവിൽ ലഭ്യമാക്കുകയോ നിലവിലുവ്ള ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുകയോ വേണം.
4. ഗോബർഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നതിന് ക്ഷീരോത്പാദകന് സബ്സിഡിയായോ, വായ്പയായോ പണം നല്കുക.
5. കന്നുകാലികൾക്കുള്ള പ്രതിരോധ കുത്തിവയ്പ് വ്യാപകമാക്കുക.
6. വളർത്തുനായ്ക്കൾക്ക് പേവിഷബാധയ്ക്ക് എതിരായ കുത്തിവയ്പ് നിർബന്ധമായും നടപ്പിലാക്കുക.
7. പഞ്ചായത്ത് ഭൂമിയോ, സ്വകാര്യഭൂമിയോ നിസ്സാര പാട്ടത്തിനു നല്കി തീറ്റപ്പുൽകൃഷി വ്യാപകമാക്കുക. തീറ്റപ്പുൽകൃഷിക്ക് പരമാവധി പ്രോത്സാഹനം നല്കുക.

ഗ്രാമസഭാ ചർച്ചകളിൽ കർഷക ഉന്നയിച്ച പദ്ധതികളും നിർദ്ദേശങ്ങളും

1. ലക്ഷം തൊഴിൽദാന പദ്ധതിയിൽ പെടുത്തി യുവാക്കളെ മൃഗസംരക്ഷകാര്യത്തിൽ തല്പരരാക്കുക.
2. താഴെ സൂചിപ്പിക്കുന്ന വിവിധ തൊഴിൽദാന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

(a) ബ്രോയിലർ കോഴിവളർത്തൽ യൂണിറ്റ്

(b) ഇറച്ചി-മുട്ട സംഭരണ യൂണിറ്റ്

(c) മുയൽ വളർത്തൽ യൂണിറ്റ്

(d) ആടുവളർത്തൽ യൂണിറ്റ്

(e) പന്നിവളർത്തൽ യൂണിറ്റ്

(f) കിടാക്കളെ വളർത്തുന്ന പദ്ധതി

(g) കാലിത്തൊഴുത്തു നിർമ്മാണം

(h) മിനറൽ മിക്സചർ വിതരണം.

(മേൽപറഞ്ഞ യൂണിറ്റുകളിൽ പലതിനുമുള്ള അപേക്ഷകൾ കൃഷിഭവനിൽ നല്കിയിട്ടുണ്ട്.

3 വൈക്കോൽ സംപുഷ്ടീകരണ പദ്ധതി നടപ്പിലാക്കണം.

4 വയലാ മൃഗാശുപത്രിക്ക് ഫോൺ, വാഹന സൗകര്യം എന്നിവ ഏർപ്പെടുത്തുക.

5 വയലാ മൃഗാശുപത്രിയുടെ മേൽനോട്ടത്തിൽ ഒരു "മൊബൈൽ ക്ലിനിക്" ആരംഭിക്കുക. ഒരു ഡോക്ടറുടെയും സഹായികളുടെയും സേവനം അതിനായ് മാത്രം നീക്കിവയ്ക്കണം.

6 പഞ്ചായത്തതിർത്തിക്കുള്ളിൽ വിവിധ പ്രദേശങ്ങളിലായി രണ്ട് മൃഗാശുപത്രികൂടി അനുവദിക്കണം. (കെട്ടിട സൗകര്യമുള്ളിടത്ത് മുൻഗണന നല്കുക)

7 മൃഗാശുപത്രിക്കു സ്വന്തം കെട്ടിടം, വെറ്ററിനറി സർജനു ക്വാർട്ടേഴ്സ്, ക്ലിനിക്കൽ ലാബ് എന്നിവ ഏർപ്പെടുത്തുക.

8. കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിനെ 9-ാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ സംസ്ഥാനത്തെ ആദ്യത്തെ "ക്ഷീരഗ്രാമം" ആക്കുവാൻ ലക്ഷ്യമിടുക. (ഉദാഹരണം:- എലിക്കുളം പഞ്ചായത്ത് പച്ചക്കറി ഗ്രാമം)

9. എല്ലാ വർഷവും പഞ്ചായത്തിലെ എല്ലാവാർഡുകളിലും ഗോരക്ഷാ ക്യാമ്പ് സംഘടിപ്പിക്കുക

10. പഞ്ചായ്ത്തിലെ വിവിധ വാർഡുകളിൽ വാക്സിനേഷൻ (രോഗപ്രതിരോധ കുത്തിവയ്പ്) സംഘടിപ്പിക്കുക.

11. കർഷക ദിനമായ നവംബർ ഒന്നിന് ക്ഷീര കർഷകർക്കായി സെമിനാർ, ക്വിസ്സ് മത്സരം, കന്നുകാലി പ്രദർശന റാലികൾ മുതലായവ നടത്തുക.

12. പഞ്ചായത്തിലെ ഓരോ വാർഡിലും എല്ലാ വർഷവും ഏറ്റവും മികച്ച കറവ പശുവിനും, കിടാരിക്കും, കിടാവിനും സമ്മാനം നൽകുക.

13. കടപ്ലാമറ്റം പഞ്ചായത്തിലെ ഏറ്റവും മികച്ച ക്ഷീരകർഷകന് പ്രോൽസാഹനമായി അവാർഡു നൽകി ആദരിക്കുക.

ക്ഷീരവകുപ്പു മുഖാന്തിരം ഗ്രാമപഞ്ചായത്തു തലത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളുടെ ഏകദേശ വിവരങ്ങൾ താഴെ ചേർക്കുന്നു

വിജ്ഞാന വ്യാപാന പരിപാടികൾ:-

പഞ്ചായത്തിലെ ജനങ്ങൾ മുഴുവൻ സാക്ഷരരാണ് എന്നത് വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് കരുത്തേകും. ശാസ്ത്രീയ അവബോധമുള്ള കർഷകർക്ക് പുതിയ സാങ്കേതിക വിദ്യകൾ മനസ്സിലാക്കാനും പ്രയോഗത്തിൽ കൊണ്ടു വരാനും വിഷമമില്ല. നൂതന സാങ്കേതിക വദ്യകൾ ജനസാമാന്യത്തിന് എത്തിക്കുന്നത് ഈ പഞ്ചായത്തിന്റെ പ്രാഥമിക ചുമതലയായി കണക്കാക്കാം. ക്ഷീരവികസന രംഗത്തെ ശാസ്ത്രീയ കാഴ്ചപ്പാടുകളും പ്രായോഗികമായ നവീനപാതയും കാണിച്ചുകൊടുക്കേണ്ടതാണ്. യുവാക്കളായ കർഷകരെ ക്ഷീരവികനത്തിന്റെ പാതയിലേയ്ക്ക് കൊണ്ടു വരാൻ ഇത് പ്രചോദനം നല്കും. ദുർബല വിഭാഗത്തിലുള്ള ക്ഷീരകർഷകർക്ക് ഈ പരിപാടി നവീനമായ ഒരു ധൈര്യം പകരും. വനിതകളെ ആകർശിക്കത്തക്കവിധം സമയവും സ്ഥലവും സമീപനവും സ്വീകരിക്കേണ്ടതാണ്.

ലക്ഷ്യങ്ങൾ:

ക്ഷീരോല്പാദനം ലാഭകരമാക്കുക.

ക്ഷീരോല്പാദന മേഖലയിലെ അനന്ത സാദ്ധ്യതകൾ കർഷകർക്ക് തുറന്ന് കൊടുക്കുക.

ചെറുപ്പക്കാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുക.

ക്ഷീരോല്പാദനം ശാസ്ത്രീയമാക്കുക.

വനിതകളെ ഈ മേഖലയിലെ നൂതന സാദ്ധ്യതകളിൽ ആകൃഷ്ടരാക്കുക.

ദുർബല വിഭാഗങ്ങൾക്ക് ലാഭകരമായ ഒരു തൊഴിൽ മേഖലയിലെ വാതായനങ്ങൾ തുറന്ന് കൊടുക്കുക.

1 കർഷകസംപർക്ക പരിപാടി

ക്ഷീര സഹകരണ സംഘം, വായനശാല, മഹിളാ സമാജം തുടങ്ങിയ സ്ഥാപനങ്ങളിൽ നൂറിൽ താഴെ വരുന്ന കർഷകർക്കായി അർദ്ധദിന പരിപാടിയായി സംഘടിപ്പിക്കുന്നു. ക്ഷീരവികസനം, മൃഗസംരക്ഷണം, കൃഷി എന്നീ മേഖലയിലെ ഉദ്യോഗസ്ഥൻമാർ ചർച്ചകൾക്ക് നേതൃതവം നല്കുന്നു. ലഘുഭക്ഷണ ചെലവുകൾക്കായി ഒരാൾക്ക് അഞ്ചു രൂപ നിരക്കിൽ അഞ്ഞൂറു രൂപയിൽ അധികരിക്കാത്ത സംഖ്യയും ഉച്ചഭാഷിണി, നോട്ടീസ് തുടങ്ങിയവയ്ക്കായി 250 രൂപയും ചേർത്ത് ആകെ എഴുനൂറ്റി അൻപത് രൂപ ഗ്രാമപഞ്ചായത്തിൽ നിന്നും ഒരു കർഷക സംപർക്ക പരിപാടിയ്ക്ക് ചെവാക്കാവുന്നതാണ്.

2 ക്ഷീരോല്പന്ന നിർമ്മാണ പ്രദർശനം.

ഇരുപത്തിയഞ്ചിലധികം വരാത്ത വനിതകൾക്ക് നാടൻ കാഷീരോല്പന്ന നിർമ്മാണത്തിൽ താല്പര്യം ജനിപ്പിക്കുന്നതിനായി നടത്തുന്ന ഈ അരദ്ധദിന പരിശീലന പരിപാടി ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥന്മാർ നയിക്കു. അസംസ്കൃത സാധനങ്ങൾ വാങ്ങാനും ലഘുഭക്ഷണ ചെലവുകൾക്കുമായി ഇരുനൂറ്റി അൻപത് രൂപ ഗ്രാമപഞ്ചായത്തു സഹായം നല്കും. ഉപകരണങ്ങൾ തദ്ദേശീയരായ ജനങ്ങളുടെ പങ്കാളിത്വത്തോടെ ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥൻമാർ ഒരുക്കുന്നതാണ്.

വാർഷിക പദ്ധതികൾ

1 മാതൃകാഡയറി ഫാം യൂണിറ്റ്

കാലിതൊഴുത്ത് നിർമ്മിച്ച രണ്ട് സങ്കരയിനം കറവപശുക്കളെ മാതൃകാ പരമായി സംരക്ഷിച്ച് ക്ഷീരോല്പാദന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ധനസഹായം നല്കുന്ന ഒരു പദ്ധതിയാണ്. പശുവളർത്തൽ ഒരു സ്വയം തൊഴിൽ ആയി സ്വീകരിച്ചവർക്ക് ഇതിന് മുൻഗണന നല്കാവുന്നതാണ്. ഇപ്പോഴത്തെ ഉയർന്ന നിർമ്മാണചെലവും കറവപശുക്കളുടെ വിലയും പരിഗണിച്ച് ധനസഹായതുക പതിനായിരം രൂപ നല്കാവുന്നതാണ്. ഗ്രാമപഞ്ചായത്ത് തലത്തിൽ കൂടുതൽ ഗുണഭോക്താക്കളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

മാതൃകാ കാലിതൊഴുത്ത് നിർമ്മാണം:

നല്ല പാർപ്പിടം കറവപശുക്കളിൽ ഇരുപത് ശതമാനത്തോളം പാലുല്പാദനം വർദ്ധിപ്പിക്കാൻ സഹായിക്കും. രണ്ടു പശുക്കളെ ഉൾക്കൊള്ളാൻ കഴിയുന്ന വൃത്തിയുള്ള, ഉറപ്പുള്ള, നല്ല മേൽക്കൂരയും തറയുമുള്ള മാതൃകാ കാലിതൊഴുത്തുകൾ നിർമ്മിക്കാൻ രണ്ടായിരം രൂപ ധനസഹായം നല്കാവുന്നതാണ്. നല്ല പശുക്കൾ ഉണ്ടെങ്കിലും കാലിതൊഴുത്ത് നിർമ്മിക്കാൻ കഴിവില്ലാത്ത അർഹരായ കർഷകർക്ക് മുൻഗണന നല്കി

യാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. ഗ്രാമപഞ്ചായത്ത് തലത്തിൽ കൂടുതൽ കൂടുതൽ കർഷകരെ ടി പദ്ധതിയിൽ ഉൾപെടുത്തേണ്ടതാണ്.

തീറ്റപ്പുൽ കൃഷി വികസനം:

കാലിത്തീറ്റയിൽ പച്ചെപ്പുല്ലിന്റെ പ്രാധാന്യം ഏറെയാണ്. പിണ്ണാക്ക്, കാലിത്തീറ്റ മിശ്രിതം എന്നിവയുടെ അനുദിനം വർദ്ധിച്ചു വരുന്ന വില കാരണം ഇവയെ മാത്രം ആശ്രയിച്ചുള്ള കാലി വളർത്തൽ നഷ്ടമാകുന്നു. ഇന്ന് വയ്ക്കോലിനു പോലും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വന്നിരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ തെങ്ങിൻ തോട്ടങ്ങൾ, കൃഷിയ്ക്ക് അനുയോജ്യമായ തരിശുഭൂമി, കനാൽതീരങ്ങൾ, കൃഷി ഭൂമിയുടെ അതിർവരംപുകൾ, പഞ്ചായത്ത് വക ഭൂമി എന്നിവിടങ്ങളിൽ ആ പ്രദേശത്തിന് അനുയോജ്യമായ സമ്മിശ്ര പുൽകൃഷി നടത്താവുന്നതാണ്. ഇതു വഴി കന്നുകാലികളുടെ തീറ്റച്ചിലവ് കുറച്ച് ക്ഷീരോല്പാദനം ലാഭകരമാക്കാനും, പയർ വർഗ്ഗ കൃഷികഷ് വഴി മണ്ണിന്റെ ഫലഭൂയിഷ്ഠിത വർദ്ധിപ്പിക്കാനും സാധിക്കുന്നു.

പുൽപയർ മിശ്രിത കൃഷി:

ഈ പദ്ധതിപ്രകാരം കാലികൾക്കുള്ള മേൽത്തരം പുൽവിത്ത് അൻപത് ശതമാനം സബ്സിഡിയോടെ ക്ഷീര കർഷകർക്ക് വിതരണം ചെയ്തു വരുന്നു. പുൽകൃഷി ചെയ്യുന്ന കർഷകർക്ക് രാസവള ധനസഹായം ഹെക്ടറൊന്നിന് ആയിരം രൂപാ വരെ നല്കേണ്ടതാണ്.

പുൽക്കട കൃഷി:

ഈ പദ്ധതിപ്രകാരം മേൽത്തരം തീറ്റപ്പുല്ലിന്റെ കടകൾ ഉപയോഗിച്ച് പുൽകൃഷി ചെയ്തു വരുന്നു. ഇത്തരത്തിൽ പുൽകൃഷി ചെയ്യുന്ന ഗുണഭോക്താക്കൾക്ക് പുൽക്കടയുടെ വിലയായി ഹെക്ടറൊന്നിന് ആയിരം രൂപയും കൂടാതെ ഹെക്ടർറൊന്നിന് രാസവള സബ്സിഡിയായി ആയിരം രൂപയും നല്കാവുന്നതാണ്.

ഒരു ഹെക്ടർ സ്ഥലത്ത് പുൽകൃഷി:

കാലിത്തീറ്റയിൽ പച്ചരപ്പുല്ലിന്റെ പ്രാധാന്യം പരിഗണിച്ച് സ്വന്തമായി കൃഷിഭൂമിയുള്ള ചെറുകിട കർഷകർക്ക് അവരുടെ ഭൂമിയിലും ഭൂരഹിതരായ നാമമാത്രകർഷകർക്ക് പാട്ടത്തിന് എടുത്ത ഭൂമിയിലും പുൽകൃഷി ചെയ്യാം. പാട്ടത്തിന് എടുക്കുന്ന സ്ഥലത്തിന നല്കുന്നതുൾപ്പെടെ വിവിധ ഇനങ്ങളിലായി 20,000/- രൂപ വരെ സബ്സിഡി നല്കാവുന്നതാണ്.

വൻപയർ കൃഷി:

മാംസ്യ പ്രധാനമായ വമ്പയർവിത്ത് സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നത് വഴി തീറ്റ തെലവ് കുറയ്ക്കുന്നതിനും കൃഷിയിടം ഫലഭൂയിഷ്ടിയുള്ളതാക്കിത്തീർക്കുന്നതിനും സാധിയ്ക്കുന്നു. വൻപയർ കൃഷിയ്ക്ക് ഹെക്ടറിന് അഞ്ഞൂറ് രൂപ ക്രമത്തിൽ സബ്സിഡി നല്കേണ്ടതാണ്.

പ്രത്യേക ഘടകപദ്ധതി:

പട്ടികജാതിയിലുള്ള പശുവളർത്തലിൽ താല്പര്യമുള്ള കർഷകർക്ക് കറവപ്പശുക്കളെ വാങ്ങുന്നതിനും പശുക്കളെ വളർത്തുന്നവർക്ക് കാലിത്തീറ്റ വാങ്ങുന്നതിനും ധനസഹായം നല്കിവരുന്നു. ഈ ധനസഹായം പശുവിനെ വാങ്ങുന്നതിന് അയ്യായിരം രൂപയായും തൊഴുത്ത് നിർമ്മാണത്തിൽ 2500/- രൂപയായും വർദ്ധിപ്പിക്കേണ്ടതുണ്ട്. അൻപത് ശതമാനം സബ്സിഡിയോടെ കാലിത്തീറ്റ മിശ്രിതം നല്കുന്നതിനും ഉള്ള നടപടികൾ ഉണ്ടാവണം.

ധാതുലവണ മിശ്രിതം:

കറവപ്പശുക്കൾക്കും, വളരുന്ന ഉരുക്കൾക്കും ധാതുലവണങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് ഗുണമേന്മയേറിയ ധാതുലവണങ്ങളുടെ മിശ്രിതങ്ങൾ 50% സബ്സിഡിയോടെ എല്ലാ ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റുകൾ, ക്ഷീരസഹകരണ സംഘങ്ങൾ മുഖാന്തിരം വിതരണം ചെയ്യണം. ഇത് കൂടിയ അളവിൽ വിതരണത്തിന് ലഭ്യമാക്കണം.

ജീവകപൂരിതങ്ങൾ

ധാതുലവണം പോലെ തന്നെ ജീവകങ്ങളും ഉരുക്കൾക്ക് അത്യന്താപേക്ഷിതമാണ്. ഇതും 50% സബ്സിഡി നിരക്കിൽ കൂടിയ അളവിൽ ക്ഷീര സംഘങ്ങൾക്ക് ലഭ്യമാക്കേണ്ടതുണ്ട്.

ശുദ്ധമായ പാൽ ഉല്പാദന കിറ്റ്:

പോഷകമേന്മയുള്ള ഒരു ഭക്ഷണപാനീയമാണല്ലോ പാൽ. അതിന്റെ ഗുണമേന്മയും ശ്രാവകാവസ്ഥയും അത് പെട്ടെന്ന് കേടാക്കുന്നതിന് ഇടയാക്കുന്നു. വളരെ വ്യത്തിയുള്ള പരിസ്ഥിതിയിൽ പാൽ കറന്നെടുത്തില്ലെങ്കിൽ അത് പെട്ടെന്ന് കേടാക്കുന്നതിനും അതുപോലെ തന്നെ രോകാരണൾക്കും ഇടയാക്കുന്നു. ഉതുമൂലമുണ്ടാകുന്ന അത്യാപത്ത് മുന്നിൽ ക്കണ്ടുകൊണ്ട് കർഷകർക്ക് തൊഴുത്ത് വ്യത്തിയാക്കുന്നതിന് അണുനശീകരണ ലായനികളും പശുക്കളെ വ്യദ്ദിയാക്കുന്നതിന്

ബ്രഷും ഉൾപെടെയുള്ള സാധനങ്ങളടങ്ങിയ കിറ്റ് ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാക്കേണ്ടതുണ്ട്.

ഇൻഷുറൻസ് പദ്ധതി:

ക്ഷീരകർഷകർക്ക് പെട്ടെന്നുണ്ടാകുന്ന കഷ്ടനഷ്ടൾ ഒഴിവാക്കുന്നതിന് കറവ പശുക്കളെ ഇൻഷർ ചെയ്യേണ്ടതവശ്യമാണ്. ഇൻഷർ പ്രീമിയം കുറച്ചെങ്കിൽ മാത്രമേ കൂടുതൽ കർഷകർ ടി പദ്ധതിയിൽ ഭാഗഭാക്കാകുന്നതിനും പദ്ധതിയുടെ ഗുണം ലഭിക്കുന്നതിനും സാധിക്കൂ. ആയതിനാൽ പഞ്ചാത്ത് തലത്തിൽ അതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

കാലിതീറ്റ സബ്സിഡി:

ഉയർന്ന പാലുല്പാദനമുള്ള കറവ പശുക്കൾക്ക് കാലിത്തീറ്റ അനിവാര്യമാണ്. പാലിന്റെ വിലയിലുള്ള കുറവും ഉല്പാദന ചിലവിലുള്ള ദിനംപ്രതിയുള്ള വർദ്ധനയും ക്ഷീര കർഷകനെ കുറച്ചൊന്നുമല്ല തളർത്തുന്നത്. ഇതിനൊരു പരിഹാരമായി ക്ഷീരോല്പാദക സഹകരണ സംഘത്തിൽ പാൽ അളക്കുന്ന അർഹരായ കർഷകർക്ക് 50% സബ്സിഡിയോടെ സാലിത്തീറ്റ ലഭ്യമാക്കിയാൽ അവരുടെ പ്രശ്നത്തിന് പരിഹാരമാകും. ഗ്രാമപഞ്ചായത്ത് തലത്തിൽ ഇക്കാര്യത്തിൽ പരിഗണന നല്കേണ്ടത് അത്യാവശ്യമാണ്.

ഗ്രാമത്തിൽ കൃഷികൾക്ക് ജൈവവളത്തിന്റെ ആവശ്യകത കൂടിക്കൂടി വരുന്നു. അത് ഒരു പരിധിവരെ പരിഹരിക്കുന്നത് കാലിവളമാണ്. കാലിവളർത്തലിന് പ്രോത്സാഹനം ലഭിച്ചാൽ നാട്ടിലെ കൃഷിയിടം കൂടുതൽ ഫലഭൂയിഷ്ടമാകും, കാർഷികോല്പാദനം കൂടുകയും ചെയ്യുമെന്ന കാര്യത്തിൽ തർക്കമില്ല. അതുവഴി രാസവള ഉപയോഗം ഒരു പരിധിവരെ കുറച്ചു കൊണ്ടു വരുവാനും സാധിയ്ക്കും. അങ്ങനെ നമ്മുടെ ഗ്രാമം കൂടുതൽ സംപൽ സമൃദ്ധിയുള്ളതാകും.

വ്യവസായം



കാർഷികരംഗത്ത് മുൻ തൂക്കമുള്ള കടപ്ലാമറ്റം പഞ്ചായത്തിൽ വൻകിട വ്യവസായശാലകളോ, ഫാക്ടറികളോ പ്രവർത്തിക്കുന്നില്ല. തികച്ചും ഒരു കാർഷിക ഗ്രാമമായ ഈ പഞ്ചായത്തിൽ മുൻകാലങ്ങളിൽ എന്തെങ്കിലും തരത്തിലുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ ഭൂരിഭാഗം ജനങ്ങളും ശ്രമിച്ചിരുന്നില്ലായെന്നതാണ് വസ്തുത. വ്യാവസായിക അടിത്തറ മോശമാണെന്നിരുന്നാലും വിപണന സാദ്ധ്യതയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മറ്റു പല സ്ഥലങ്ങളിലുമെന്നപോലെ നമ്മുടെ പഞ്ചായത്തിലുമുണ്ടായിരുന്നു. മരപ്പണി, ഇരുമ്പുപണി, സ്വർണപ്പണി, കൊട്ട-വട്ടി നിർമ്മാണം, നെയ്ത്ത് തുടങ്ങിയ രംഗങ്ങളിൽ പരമ്പരാഗത വൈദഗ്ധ്യമുള്ള ആളുകൾ ഈ പഞ്ചായത്തിലുണ്ടെന്ന വസ്തുത മറച്ചുവയ്ക്കാനാവില്ല. എങ്കിലും സംഘടിതമായ ശ്രമങ്ങളുടെ അഭാവം നിമിത്തമാകാം ഏകീകൃത വ്യവസായിക നയരൂപീകരണം അസാദ്ധ്യമായന്നു മാത്രം.

വിവിധ മേഖലകളിലുള്ള വിദഗ്ധരായവരെ ചേർത്ത്, വ്യവസായികാടിസ്ഥാനത്തിൽ പ്രബലപ്പെടുത്താനുദ്ദേശിച്ചുകൊണ്ട് സഹകരണ- രാഷ്ട്രീയ നേതാക്കളുടെ നേതൃത്വത്തിൽ സഹകരണ വ്യവസായ സംഘങ്ങൾക്ക് രൂപകല്പന കൊടുക്കുവാൻ പഞ്ചായത്ത് രൂപീകരണം മുതൽ ശ്രമിച്ചുവെങ്കിലും പല കാരണങ്ങളാലും അത്തരം നീക്കങ്ങൾക്ക് ശുഭകരമായ പരിസമാപ്തി കുറിക്കാനായില്ല.

തൊഴിലാളി രംഗത്തെ അനിയന്ത്രിതമായ സ്വരച്ചേർച്ചയില്ലായ്മയും, മുടക്കുമുതൽ (Capital Investment) സ്വരൂപിക്കുന്നതിൽ ഉണ്ടായ വീഴ്ചയുമാണ് പ്രധാനമായും കടപ്ലാമറ്റം പഞ്ചായത്തിന്റെ വ്യവസായിക വളർച്ചയ്ക്ക് വിഘ്നമായി കണക്കാക്കപ്പെടുന്നത്. മാറി മാറി വരുന്ന ഗവൺമെന്റുകൾ വ്യത്യസ്തങ്ങളായ സമീപനമാണ് കടപ്ലാമറ്റം പഞ്ചായത്തിനോട് കൈക്കൊണ്ടിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിനനുകൂലമായി വന്ന പദ്ധതികളും സേവനങ്ങളും പലപ്പോഴും രാഷ്ട്രീയ പകപോക്കൽ നിമിത്തം പൂർണതയിലെത്തിക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്.

പ്രാചീനവും പരമ്പരാഗതവുമായ തൊഴിൽ രംഗങ്ങളിൽ പണിയെടുക്കുന്നവർ ഇന്ന് വളരെക്കുറവാണ്. പുതിയ തലമുറയിൽ നല്ല ശതമാനവും ആ തൊഴിലുകളിലേയ്ക്ക് കടന്നുവരുന്നുമില്ല. അത്തരം തൊഴിലുകൾ അനാകർഷകവും ആദായകരമല്ലാത്തതുമാണ് മുഖ്യകാരണം.

തീപ്പെട്ടിക്കൊള്ളി നിർമ്മാണം, ഹോളോബ്രിക്സ് നിർമ്മാണം, തടി-സ്റ്റീൽ ഉരുപ്പടി നിർമ്മാണം, റബർ അധിഷ്ഠിത ഉല്പന്ന നിർമ്മാണം തുടങ്ങിയ അപൂർവ്വം ചില ചെറുകിട വ്യവസായങ്ങൾ അടുത്ത കാലത്തായി നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും, പ്രാദേശിക തൊഴിലില്ലായ്മ പരിഹരിക്കാനോ നമ്മുടെ ഗ്രാമത്തിന്റെ സമ്പദ്ഘടനയിൽ സ്വാധീനം ചെലുത്താനോ ഒരളവിനപ്പുറം ഇവയ്ക്കാവുന്നില്ല.

വനിതകളുൾപ്പെടെയുള്ള ജനവിഭാഗങ്ങൾക്ക് ആയാസരഹിതവും ഗുണപ്രദവുമായ തൊഴിലിലേർപ്പെടാനുതകുന്ന പൊതുമേഖല വ്യവസായ സംരംഭങ്ങൾ വിരളമായ നമ്മുടെ പഞ്ചായത്തിൽ ആശ്രയകേന്ദ്രങ്ങളായുള്ളത് ഏതാനും സ്വകാര്യവ്യക്തികൾ നടത്തുന്ന ചെറുകിട വ്യവസായകേന്ദ്രങ്ങളാണ്.

പഞ്ചായത്തിന്റെ സമഗ്രമായ വ്യവസായിക വളർച്ചയ്ക്ക് മറ്റൊരു വ്യവസായിക വിപ്ലവത്തിന്റെ ആരവങ്ങൾ നമ്മുടെ കൊച്ചുഗ്രാമത്തിലും ഉയരേണ്ടിയിരിക്കുന്നു. സർക്കാരിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥയും അനാവശ്യ നിയമനനിയന്ത്രണങ്ങളും കണക്കിലെടുക്കുമ്പോൾ കടപ്ലാമറ്റം പോലുള്ള കൊച്ചുഗ്രാമത്തിൽ സഹകരണാടിസ്ഥാനത്തിലുള്ള സൊസൈറ്റികളുടെ മേൽനോട്ടത്തിലുള്ള വ്യവസായങ്ങൾക്ക് പ്രസക്തിയുണ്ട്. സാമൂഹ്യമായ ഉയിർത്തെഴുന്നേൽപ്പിന് വഴി തെളിക്കാവുന്ന വനിതാ വ്യവസായ കേന്ദ്രവും അതിന്റെ സബ്സെന്ററുകളായി പ്രവർത്തിക്കുന്ന യൂണിറ്റുകളും (എല്ലാവാർഡുകളിലും) നമ്മുടെ പഞ്ചായത്തിന്റെ മുഖച്ഛായ മാറ്റുന്നതോടൊപ്പം തൊഴിലവസരങ്ങൾ ഉണ്ടാക്കുകയും ചെയ്യും.

നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രകൃതി വിഭവങ്ങളായി ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ ശേഖരിക്കുന്നതിനും അവ സംസ്കരിച്ച് ഉപയോഗപ്രദമായ വസ്തുവകകൾ (Final products) ഉത്പാദിപ്പിക്കുന്നതിനുമുതകുന്ന വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കപ്പെടണം. നമ്മുടെ പഞ്ചായത്തിലെ 8-ാം വാർഡിൽ മീനച്ചിൽ ആർ.എം. & പി.സി.എസ് വകയായി സ്ഥാപിക്കാനുദ്ദേശിക്കുന്ന ഫാക്ടറി ഒരു പരിധിവരെ മേൽ സൂചിപ്പിച്ച കാര്യങ്ങൾക്കനുകൂലമായ പദ്ധതിയായിത്തീരും എന്നു പ്രതീക്ഷിക്കുന്നു. സഹകരണാടിസ്ഥാനത്തിലുള്ള ഈ ഫാക്ടറി നമ്മുടെ പ്രദേശത്തുൽപാദിപ്പിക്കുന്ന സ്വഭാവിക റബറിന്റെ വിലവർദ്ധിപ്പിക്കുവാനും, അനേകം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കാരണമാകുന്നതോടൊപ്പം സംസ്കൃത വസ്തുക്കവുടെ വില്പന നിരക്ക് താഴ്ത്തുന്നതിനും സഹായകരമാവും.

ജനസാന്ദ്രതമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങളാൽ വൻകിടവ്യവസായത്തിനുള്ള സാധ്യതയില്ലാത്തതിനാൽ ചെറുകിട വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കണം. ഒരു നിശ്ചിതപ്രദേശം "ഇൻഡസ്ട്രിയൽ ഏറിയയാക്കു'കയും അവിടങ്ങളിലെ ജനങ്ങളെ പുനരധിവസിപ്പിക്കുകയും ചെയ്താൽ, വ്യവസായ വികസനത്തോടൊപ്പം പരിസ്ഥിതി പ്രശ്നങ്ങളേയും തരണം ചെയ്യാനാവും. പരിസ്ഥിതി പ്രശ്നങ്ങൾ ഉളവാക്കാത്ത വ്യവസായങ്ങളാണ് പൊതുവിൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. കടപ്ലാമറ്റം ഗ്രാമ പഞ്ചായത്തിൽ വിവിധ ചെറുകിട സഹകാര്യ വ്യവസായ സ്ഥാപങ്ങളിൽ ജോലി ചെയ്യുന്നവരുടെ കണക്ക് ചുവടെ ചേർക്കുന്നു. (ഏകദേശം 751 പേർ മാത്രമാണ് ജോലിയിലേർപ്പെടുന്നത്)

നമ്മുടെ ഗ്രാമപഞ്ചായത്തിലെ 6555 പുരുഷന്മാരും 6538 സ്ത്രീകളുമുൾപ്പെടെയുള്ള ജനസംഖ്യയിൽ (ആകെ 13093) കേവലം 751 പേർ മാത്രമാണ് വ്യവസായിക രംഗത്ത്. നാമമാത്രമായെങ്കിലും തൊഴിലാളികളായുള്ളതെന്ന് പട്ടികയിൽ നിന്ന് മനസ്സിലാക്കാം. ഈ വസ്തുത കടപ്ലാമറ്റത്തിന്റെ വ്യവസായിക പുരോഗതി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. വ്യവസായ വികസനം പ്രാപ്യമാക്കുവാൻ പല കാര്യങ്ങളും ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ലഭ്യമാകുന്ന അസംസ്കൃത പദാർത്ഥങ്ങൾ, ഗതാഗതമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ, സമൂഹത്തിന്റെ ഉത്തേജനം, മാർഗ്ഗനിർദേശങ്ങൾ ലഭിക്കുന്നതിനുള്ള സാധ്യത എന്നിവയെല്ലാം ലക്ഷ്യംവച്ചുകൊണ്ടുള്ള നയരൂപീകരണത്തിനേ പ്രസക്തിയുള്ളു.

പ്രശ്നങ്ങൾ

കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിലെ വ്യവസായ പുരോഗതിക്ക് തടസ്സം നിൽക്കുന്ന കാര്യങ്ങൾ വിശകലനം ചെയ്യേണ്ടത് വികസനത്തിന് അത്യന്താപേക്ഷിതമാണ്. വ്യവസായം തുടങ്ങുന്നതിനു ആവശ്യമുള്ള സ്ഥലത്തി

കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത്

വ്യവസായ യൂണിറ്റുകളും തൊഴിലാളികളും

നമ്പർ		യൂണിറ്റ്	തൊഴിലാളികൾ
1	ഹോളോബ്രിക്സ്	2	12
2	പേപ്പാൻ പാക്കിംഗ് ഇൻഡസ്ട്രി	1	15
3	ബെർ അധിഷ്ഠിതം	5	126
4	പ്ലാസ്റ്റിക് ഉല്പന്നങ്ങൾ	1	5
5	ബാറ്ററി ചാർജിംഗ് സെൻറർ	1	2
6	അറവു മിൽ	2	15
7	തടി അധിഷ്ഠിതം	3	29
8	സ്റ്റീൽ ഫർണിച്ചർ	2	25
9	നെല്ല്, ഓയിൽ മിൽസ്	7	9
10	തീപ്പെട്ടിക്കൊള്ളി, വ്യവസായം	2	22
11	മെറ്റൽ കൃഷർ	3	41
12	മറ്റുള്ളവ		250
13	അന്യസ്ഥലങ്ങളിൽ ജോലി		200
	ആകെ		751

ന്റെ അപര്യാപ്തത, വൈദ്യുതി കണക്ഷൻ, ലൈസൻസ് എന്നിവ ലഭിക്കുന്നതിനുള്ള കാലതാമസം, സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവരുടെ സേവനം പ്രയോജനപ്പെടുത്താൻ സാധിയ്ക്കായ്ക, വായ്പകൾ കുറഞ്ഞ ഈടിന്മേലും പലിശയിൻമേലും ആവശ്യാനുസരണം ലഭിക്കാതിരിക്കുക, ഉത്പാദന-വിപണന സാധ്യതയെക്കുറിച്ചുള്ള അറിവില്ലായ്മ, അനുയോജ്യമായ വ്യവസായം തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവം, സാമൂഹ്യ-പരിസ്ഥിതി പ്രശ്നങ്ങൾ, വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള കഴിവില്ലായ്മ, സർക്കാർ ഭാഗത്തു നിന്നുണ്ടാകുന്ന അനാവശ്യ നിയന്ത്രണങ്ങളും, പ്രോത്സാഹജനകമല്ലാത്ത നിലപാടുകൾ എന്നിവ നമ്മുടെ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് വിലങ്ങുതടികളാകുന്നു.

സാധ്യതകൾ

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളിൽ ഏറിയ പങ്കും ആശ്രയിക്കുന്ന റബറിന്റെ വിപണന സാധ്യത വർദ്ധിപ്പിക്കാനുതകുന്ന രീതിയിൽ റബറധിഷ്ഠിത വ്യവസായസംരംഭങ്ങൾ കൂടുതലായി തുടങ്ങുക. പരമ്പരാഗത തൊഴിലാളികൾ, വനിതകൾ തുടങ്ങിയവയുടെ ഉന്നമനവും നാടിന്റെ വികസനവും ലക്ഷ്യം വച്ചുകൊണ്ട് പ്രത്യേകമായ സഹകരണ സംഘങ്ങൾ തുടങ്ങുവാൻ നമുക്ക് സാധിക്കും. വ്യാവസായിക ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഒരു മാർക്കറ്റിംഗ് സഹകരണ സംഘം സ്ഥാപിക്കുവാൻ കഴിയും. കട്ടിള, ജനൽ എന്നിവയുൾപ്പെടെ കോൺക്രീറ്റ് കെട്ടിട നിർമ്മാണ വസ്തുക്കൾ, കാർഷികോത്പ്പന്ന സംസ്കരണം, റബർ തടി സംസ്കരിച്ച് ഫർണിച്ചർ നിർമ്മാണം...തുടങ്ങിയ മേഖലകളിൽ പുത്തൻ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാധ്യതകളുണ്ട്

ഗ്രാമസഭകളിൽ രൂപകൊണ്ട നിർദേശങ്ങൾ

1. ഗ്രാമത്തിന്റെ വ്യവസായിക വികസനത്തിന് ഒരു സിരാകേന്ദ്രം ആവശ്യമാണ്.
2. പൊതുമേഖലയിൽ ഒന്നോ രണ്ടോ വ്യവസായ എസ്റ്റേറ്റ് പണികഴിപ്പിക്കണം.
3. വ്യവസായ സംരംഭങ്ങൾക്ക് കെട്ടിടം പണിയാൻ സൗകര്യപ്രദമായ സ്ഥലം വ്യവസായ എസ്റ്റേറ്റിൽ നൽകണം. (ഇതുമൂലം പരിസ്ഥിതിപ്രശ്നങ്ങളും ഒഴിവാക്കാം)
4. വ്യവസായ എസ്റ്റേറ്റിംഗ് സാധ്യതകൾ പഠിക്കുകയും പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യുക.
5. ആധുനിക സാങ്കേതികവിദ്യയും മാനേജ്മെൻറ് ടെക്നിക്കുകളും ഉപയോഗിക്കാൻ പ്രാപ്തരാക്കുന്ന പരിശീലന പദ്ധതികൾ നടപ്പിലാക്കുക.
6. വികേന്ദ്രീകൃതമായ ഉത്പാദനവും കേന്ദ്രീകൃതവുമായ ക്വാളിറ്റി കൺട്രോൾ, മാർക്കറ്റിംഗ് എന്നിവ സാധ്യമാക്കുക.
7. വ്യവസായ സംരംഭകർക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ, ജലം, വൈദ്യുതി എന്നിവ ലഭ്യമാക്കാൻ പഞ്ചായത്ത് താല്പര്യം കാണിക്കണം.
8. വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നവർക്ക് ആവശ്യമായ ലൈസൻസുകളും, സാംഗ്ഷനുകളും നേടിക്കൊടുക്കുന്നതിൽ പഞ്ചായത്ത് മുൻകൈയെടുക്കുക (പരിസ്ഥിതിക്ക് ദോഷകരമായ വസ്തുതകൾ മനസ്സിലാക്കുകയും വേണം)
9. സോപ്പ്, മെഴുകിതിരി, കറിപ്പൊടി തുടങ്ങിയ കുടിൽ വ്യവസായങ്ങളുടെ സാധ്യതയും നാം പ്രയോജനപ്പെടുത്തണം
10. വനിതാ വ്യവസായ സഹകരണ സംഘം സ്ഥാപിക്കുക. ഇതിന്റെ ആഭിമുഖ്യത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ (റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കറിപൗഡർ, ബേക്കറി, സോപ്പ് നിർമ്മാണം, ചെറുകിട റബർ ഉത്പന്ന നിർമ്മാണം, പഴം-പച്ചക്കറി സംസ്കരണം മുതലായവ) എല്ലാ വാർഡുകളിലും ആരംഭിക്കുവാൻ പഞ്ചായത്ത് മുൻകൈയെടുക്കുക.
11. വായ്പാ വ്യവസ്ഥകൾ ഉദാരവൽക്കരിക്കുക.
12. വയലാ-കടപ്ലാമറ്റം സർവീസ് സഹകരണബാങ്കുകൾ, വയലാ പട്ടികജാതി-വർഗ്ഗ വികസന സംഘം എന്നിവയുടെ പ്രവർത്തന പരിധി പഞ്ചായത്ത് മുഴുവൻ വ്യാപിപ്പിക്കുക.
13. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവരെ സ്വന്തമായി തൊഴിൽ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് പ്രോത്സാഹിപ്പിക്കുക.
14. റബർപാൽ, തടി എന്നിവ സംസ്കരിച്ച് ഉൽപന്നങ്ങൾ നിർമ്മിക്കുന്ന ഒരു സ്ഥാപനം പൊതുമേഖലയിലോ സഹകരണമേഖലയിലോ സ്ഥാപിക്കുക.
15. പഞ്ചായത്തിന്റെ എട്ടാംവാർഡിൽ മീനച്ചിൽ റബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഉടമസ്ഥതയിൽ, റബർപാൽ സംസ്കരിച്ച് ഉത്പന്നങ്ങൾ ഉണ്ടാക്കുവാനുതകുന്ന രീതിയിലുള്ള ഫാക്ടറിയുടെ സ്ഥാപനം എത്രയും വേഗത്തിലാക്കുവാൻ സൊസൈറ്റി അധികാരികളുടെമേൽ പഞ്ചായത്ത് സമ്മർദ്ദം ചെലുത്തുക.
16. "ഇൻഡസ്ട്രിയലിസ്റ്റ് അവാർഡ്" എന്ന പേരിൽ ഒരു അംഗീകാരം പഞ്ചായത്തിലെ ഏറ്റവും നല്ല വ്യവസായ സംരംഭകന്/സ്ഥാപനത്തിന് നൽകുക.

വിദ്യാഭ്യാസം

മനുഷ്യശക്തിയുടെ പൂർണ്ണമായ ഉപയോഗം ഉറപ്പുവരുത്തിക്കൊണ്ടു സകലവിധ മേഖലകളിലും വികസനമെത്തിക്കാവുന്ന ആധുനിക വികസനതന്ത്രമാണിന്ന് അഭികാമ്യമായുള്ളത്. ഇതിനുതകുന്ന വിദ്യാഭ്യാസ പദ്ധതിയാണ് നമുക്കാവശ്യം. പൊതുവിദ്യാഭ്യാസത്തിൽ മാനവിക വിഷയങ്ങളോടൊപ്പം തൊഴിലധിഷ്ഠിത കോഴ്സുകളും കരിക്കുലത്തിന്റെ ഭാഗമാക്കണം. സ്കൂൾ വിദ്യാഭ്യാസം പൂർണ്ണമായും പഞ്ചായത്തീരാജിന്റെ കീഴിൽ വരികയും ഒരു സ്കൂളിനെ നിലനിർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും ആവശ്യമുള്ള അധിക വിഭവ സമാഹരണം പഞ്ചായത്തുകൾ നടത്തുകയും വേണം.

വിദ്യാഭ്യാസ നയരൂപീകരണം സംസ്ഥാനത്തിനു പൊതുവെ ആയിരിക്കുമെങ്കിലും പ്രാദേശിക പ്രത്യേകതകളനുസരിച്ചു സിലബസ്, ബോധന രൂപങ്ങൾ, മൂല്യനിർണ്ണയം എന്നിവ തീരുമാനിക്കാനുള്ള അധികാരം അതാതു ജില്ലകളിലെ അക്കാദമിക്ക് സമിതികൾക്കും അദ്ധ്യാപകർക്കും ഉണ്ടായിരിക്കണം. അദ്ധ്യാപക പുനഃപരിശീലനം ജില്ലയിൽ ആസൂത്രണം ചെയ്യണം. ഇവയെല്ലാം നടത്തുന്നതിനു ജില്ലാ വിദ്യാഭ്യാസ സമിതിയും പഞ്ചായത്തുതലത്തിൽ പഞ്ചായത്തു വിദ്യാഭ്യാസ സമിതിയും രൂപീകരിക്കണം. പ്രൈമറി തലത്തിൽ മാതൃഭാഷാപഠനം നിർബന്ധമാക്കണം. കേരളത്തിന്റെ വികസനത്തിനുതകുന്ന കോഴ്സുകളോടൊപ്പം ഉന്നത വൈജ്ഞാനിക മേഖലകളിൽ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന കോഴ്സുകളും വിദ്യാഭ്യാസപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

തികച്ചും ഒരു കാർഷിക ഗ്രാമങ്ങളായ വയലാ – കടപ്ലാമറ്റം പ്രദേശങ്ങളാണ് ഈ പഞ്ചായത്ത് ഉൾക്കൊള്ളുന്നതെങ്കിലും സാമാന്യ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഒട്ടും പിന്നോക്കാവസ്ഥയില്ലായെന്നു മനസ്സിലാക്കാം. ഈ പ്രദേശങ്ങളിൽ പണ്ട് നിലത്തെഴുത്ത് ആശാന്മാരുടെ കളരികൾ ഉണ്ടായിരുന്നു. ഏതാണ്ട് 25 വർഷം മുൻപുവരെ ഇത്തരം കളരികളിൽ അക്ഷരം പഠിക്കാനായി കുട്ടികളെ അയയ്ക്കുന്ന പതിവു നാട്ടുകാർക്കുണ്ടായിരുന്നു. അതിനുശേഷമാണ് കുട്ടികളെ സ്കൂളുകളിൽ ചേർത്തിരുന്നത്. ഇന്നു കളരി ആശാന്മാർ നമ്മുടെ നാട്ടിൽനിന്നും തീർത്തും അപ്രത്യക്ഷരായി. അതിനുപകരം ധാരാളം പ്രീ പ്രൈമറി സ്കൂളുകളും നഴ്സറികളും നിലവിൽവരികയും ചെയ്തു.

കടപ്ലാമറ്റം പഞ്ചായത്തിൽ ഒരു വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളും ഹൈസ്കൂളും ഒരു ടെക്നിക്കൽ ഹൈസ്കൂളും ഒരു അപ്പർ പ്രൈമറി സ്കൂളും നാല് ലോവർ പ്രൈമറി സ്കൂളും പ്രവർത്തിക്കുന്നുണ്ട്.

ഇന്ന് വിവിധ രംഗങ്ങളിൽ പ്രശോഭിച്ചു നിൽക്കുന്ന നമ്മുടെ പ്രമുഖ വ്യക്തികളിൽ പലരും കടപ്ലാമറ്റം പഞ്ചായത്തിർത്തിയിലുള്ള സ്കൂളുകളിൽനിന്നും വിജ്ഞാനം നേടിയവരാണ്. കഴിഞ്ഞ 25 വർഷമായി ജലന്തർ (പഞ്ചാബ്) രൂപതയുടെ മെത്രാനായി വാഴുന്ന അഭിവന്ദ്യ മാർ സിമ്പോറിയൻ കീപ്പുറം, പലതവണ മന്ത്രിയായി കേരളത്തിലും ഭാരതത്തിലും പരക്കെ അറി

പട്ടിക 1

പഞ്ചായത്തിലെ സ്കൂളുകളുടെ തരംതിരിച്ചുള്ള കണക്ക്

എൽ.പി.		യു.പി. എച്ച്.എസ്.	യു.പി. ഹൈസ്കൂൾ	ടെക്നിക്കൽ സ്കൂൾ	ഹയർ സെക്കണ്ടറി
സർക്കാർ	എയ്ഡഡ്	സർക്കാർ	എയ്ഡഡ്	സർക്കാർ	സർക്കാർ
2	2	1	1	1	1

പട്ടിക 2

സ്കൂളുകളിലേക്കുള്ള ശരാശരി യാത്രാദൂരം

നമ്പർ	തരം	ശരാശരി ദൂരം (കി.മീ.)	പരമാവധി ദൂരം (കി.മീ.)
1.	ലോവർ പ്രൈമറി സ്കൂൾ	1.56	3
2.	അപ്പർ പ്രൈമറി സ്കൂൾ	2.03	3
3.	ഹൈസ്കൂൾ	2.16	4.2
4.	ടെക്നിക്കൽ ഹൈസ്കൂൾ	3.03	5.5.
5.	ഹയർ സെക്കണ്ടറി സ്കൂൾ	3.50	5.50

പട്ടിക 3

കഴിഞ്ഞ അഞ്ചുവർഷത്തെ വിദ്യാർത്ഥികളുടെ എണ്ണം

സ്റ്റാൻഡേർഡ്	91-92	92-93	93-94	94-95	95-96
1	160	170	168	179	180
2	159	140	170	169	179
3	159	139	181	179	180
4	160	160	182	178	190
5	170	170	180	178	191
6	164	168	168	167	173
7	181	191	181	186	191
8	181	191	181	186	191
9	180	180	190	181	200
10	160	140	170	169	180
ടി.എച്ച്.എസ്.	47	44	48	45	48
വി.എച്ച്.എസ്.	-	-	-	-	15

പട്ടിക 4

അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സ്കൂശ തിരിച്ചുള്ള വിവരങ്ങൾ

	അദ്ധ്യാപകർ		വിദ്യാർത്ഥികൾ			മറ്റ് സൗകര്യങ്ങൾ			
						കെട്ടിടം		ഫർണിച്ചർ	
സ്കൂളുകൾ	അനുവദിച്ചവ	നിലവിലുള്ളത്	ആണ്	പെണ്ണ്	ആകെ	വേണ്ടത്ര ഉള്ളത്	വേണ്ടത്ര ഇല്ലാത്തത്	വേണ്ടത്ര ഉള്ളത്	വേണ്ടത്ര ഇല്ലാത്തത്
ഗവ. ഹയർ സെക്കണ്ടറി സ്കൂൾ വയലാ	23	23	317	296	613	-	ഇല്ല	-	ഇല്ല
ഗവ. ടെക്നിക്കൽ ഹൈസ്കൂൾ കടപ്ലാമറ്റം	14	14	74	-	74	-	ഇല്ല	-	ഇല്ല
സെൻറ് ആൻറണീസ് എച്ച്.എസ്. കടപ്ലാമറ്റം	20	20	323	240	563	ഉണ്ട്	-	ഉണ്ട്	
ഗവ. എസ്.കെ.വി. യു.പി. സ്കൂൾ ഇലയ്ക്കാട്	9	8	210160	370	-	ഇല്ല	-	ഇല്ല	
ഗവ. ഹരിജൻ എൽ.പി.എസ്. വയല	4	4	41	21	62	ഉണ്ട്	-	-	ഇല്ല
ഗവ. എൽ.പി.എസ്. വയലാ ഈസ്റ്റ	4	4	28	31	59	-	ഇല്ല	-	ഇല്ല
സെൻറ് ജോസഫ് എൽ.പി.എസ്. കടപ്ലാമറ്റം	6	6	84	119	20ധ	ഉണ്ട്	-	ഉണ്ട്	
സെൻറ് മേരീസ് എൽ.പി.എസ്. ആകെ:	4	4	39	34	73	ഉണ്ട്	-	ഉണ്ട്	

യപ്പെടുന്ന ശ്രീ കെ. എം. മാണി എം. എൽ. എ., രാഷ്ട്രീയ - സാംസ്കാരിക സഹകരണരംഗങ്ങളിലെ അതികായനും ഇന്ത്യൻ പാർലമെൻറംഗവുമായ ശ്രീ ജോയി നടുക്കര, കേരള സർവ്വകലാശാല ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ഡയറക്ടർ ഡോ: എൻ. ജോസ് ചന്ദിർ, മുൻ മന്ത്രി സിറിയക് ജോൺ, കുറ്റാന്വേഷണ വിദഗ്ദ്ധൻ ശ്രീ.കെ. ടി. മൈക്കിൾ ഐ. പി. എസ്. (റിട്ട.), ആലപ്പുഴ ഡെപ്യൂട്ടി കളക്ടർ പി.എസ്. പ്രഭാകരൻ മീനച്ചിൽ തഹസീർദാർ ജി. രവീന്ദ്രൻ നായർ തുടങ്ങിയവർ ഇക്കൂട്ടത്തിൽപെടുന്നു.

പഞ്ചായത്തിലെ സ്കൂളുകളെക്കുറിച്ച്....

ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, വയല

1895-ൽ ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ ഭരണകാലത്തു മീനച്ചിൽ താലൂക്കിൽ അനുവദിക്കപ്പെട്ട രണ്ടോ മൂന്നോ മലയാളം സ്കൂളുകളിൽ ഒന്നാണിത്. തുടക്കത്തിൽ 4-ാം സ്റ്റാൻഡാർഡ് വരെ മാത്രമാണുണ്ടായിരുന്നത്. ഈ സ്കൂൾ തുടങ്ങുന്നതിനാവശ്യമായ സ്ഥലം മേലേടത്തു ഇല്ലം സംഭാവന നൽകി. പിൽക്കാലത്തു മുല്ലൂർ ഭവനത്തിൽ നാരായണ കൈമൾ, തൈക്കാട്ടുതറ ഔസേപ്പ്, കുഞ്ഞാനായിൽ ഉലഹന്നാൻ തുടങ്ങിയ മഹത്വ്യക്തികളുടെ പരിശ്രമഫലമായി ഇതൊരു മലയാളം മിഡിൽ സ്കൂളായി ഉയർത്തപ്പെട്ടു.

ആദ്യകാലത്ത് ആൺകുട്ടികൾക്കു മാത്രം പ്രവേശനം നൽകിയിരുന്ന ഈ സ്കൂൾ വി. എം. സ്കൂൾ എന്നപേരിൽ അറിയപ്പെട്ടു. ജില്ലയിലെങ്ങും പ്രസിദ്ധി നേടിയ ഈ സ്കൂളിൽ വിദൂരങ്ങളിൽനിന്നുപോലും കുട്ടികൾ വന്നു പഠിച്ചിരുന്നു. പ്രശസ്തരായ അനേകം വ്യക്തികൾക്ക് ഈ സ്ഥാപനം വെളിച്ചം പകർന്നിട്ടുണ്ട്. റവ. ഫാദർ ജി. സി. ടീലാർ ഈ സ്കൂളിലെ വിദ്യാർത്ഥിയായിരുന്നു. പ്രശസ്ത സാഹിത്യകാരന്മാരായ പയ്യം പള്ളി ഗോപാലപിള്ളയും അരഞ്ഞാണിക്കൽ ആർ. വേലായുധൻപിള്ളയും ഈ സരസ്വതീ ക്ഷേത്രത്തിൽ ജോലി ചെയ്തിട്ടുണ്ട്.

1980-81-ൽ ഈ വിദ്യാലയം ഒരു ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. അതിനുശേഷം 1995-96-ൽ വീണ്ടും ഒരു വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളായും ഉയർത്തപ്പെട്ടു. ടി.വി. ആൻഡ് റേഡിയോ മെക്കാനിസവും കംപ്യൂട്ടർ കോഴ്സുമാണ് ഹയർ സെക്കണ്ടറിയിലെ പാഠ്യവിഷയങ്ങൾ. ഈ സ്കൂൾ ശതാബ്ദി ആഘോഷിച്ച വർഷത്തിൽ എസ്. എസ്. എൽ. സി.ക്ക് 97% റിസൽട്ട് ഉണ്ടാക്കി റിക്കാർഡിട്ടിരിക്കുകയാണ്. ശ്രീമതി വിജയലക്ഷ്മിയമ്മയാണ് ഇപ്പോഴത്തെ പ്രിൻസിപ്പാൾ. വളരെ നന്നായി പ്രവർത്തിക്കുന്ന പി. ടി. എ.യുടെ സേവനവും ഈ സ്കൂളിനെ അഭിവൃദ്ധിയിലേക്കു നയിക്കുന്നു.

ഗവ. ടെക്നിക്കൽ ഹൈസ്കൂൾ, കടപ്ലാമറ്റം

1985 ഒക്ടോബർ മാസത്തിലാണ് കടപ്ലാമറ്റം ഗവ. ടെക്നിക്കൽ ഹൈസ്കൂളിന് ആരംഭം കുറിച്ചത്. കടപ്ലാമറ്റം പ്രദേശത്തു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ആവശ്യകത മനസ്സിലാക്കി അരയും തലയും മുറുക്കി രംഗത്തിറങ്ങിയ ബഹുജന നീക്കമാണ് ഈ സ്കൂളിന്റെ ആരംഭത്തിനു കാരണമായത്. അന്നത്തെ ധനകാര്യമന്ത്രി ശ്രീ കെ. എം. മാണി ഇതിലേക്കായി കാണിച്ച ശുഷ്കാന്തി ഗൗനിക്കാതിരിക്കാനാവില്ല.

1995-96 മാർച്ചിലെ റ്റി. എച്ച്. എസ്. എൽ. സി. പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ഈ വിദ്യാഭ്യാസ സ്ഥാപനത്തിനിതുവരെ സ്വന്തമായൊരു കെട്ടിടം തരപ്പെടുത്തിയെടുക്കാനായിട്ടില്ല. പള്ളിവക സ്ഥലത്താണ് സ്കൂൾ (വർക്ഷോപ്പ് ഒഴികെ) പ്രധാനമായും പ്രവർത്തിക്കുന്നത്.

സെൻറ് ആൻറണീസ് ഹൈസ്കൂൾ കടപ്ലാമറ്റം

കടപ്ലാമറ്റം ഇടവക വികാരിയായിരുന്ന റവ. ഫാ. തോമസ് പുത്തൻപുരയ്ക്കൽ, വിശ്രമ ജീവിതം നയിച്ചിരുന്ന റവ. ഫാ. തോമസ് മരുതുക്കുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ സ്ഥലത്തെ യുവജനങ്ങൾ 1931 മുതൽ ഇവിടെ ഒരു മിഡിൽ സ്കൂൾ സ്ഥാപിക്കാനുള്ള ശ്രമം ആരംഭിച്ചു. റവ. ഫാ. സഖറിയാസ് പൂവത്തുങ്കലിന്റെയും വികാരിയായി വന്ന റവ. ഡോ. മാത്യു വരിക്കയിലിന്റെയും നേതൃത്വത്തിൽ ഈ ശ്രമം തുടരുകയും 1937 മെയ് 4-ന് ഗവൺമെൻറ് അംഗീകാരം ലഭിക്കുകയും ചെയ്തു. പള്ളിമേടയിൽ ആരംഭിച്ച സ്കൂളിന്റെ ഹെഡ്മാസ്റ്ററായി റവ. ഫാ. സഖറിയാസ് പൂവത്തുങ്കലും സഹ അദ്ധ്യാപകരായി ശ്രീ. കെ. എ. ലൂക്കോസ് കൂവള്ളൂർ, ശ്രീ. കെ. കെ. ജോസഫ് കുളിരാനി എന്നിവരും നിയമിതരായി.

തുടർന്നു റവ. ഫാ. ജോസഫ് ഐക്കരമറ്റത്തിന്റെയും റവ. ഫാ. ജോസഫ് കൂവള്ളൂരിന്റെയും മാനേജിംഗ് ബോർഡിന്റെയും പരിശ്രമഫലമായി 1949-ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. റവ. ഫാ. സഖറിയാസ് പൂവത്തുങ്കൽ തന്നെയായിരുന്നു ഹെഡ്മാസ്റ്റർ.

അറിവിന്റെയും സംസ്കാരത്തിന്റെയും പ്രകാശം ചൊരിയുവാൻ കഠിനാദ്ധ്വാനം ചെയ്ത പൂർവ്വികരുടെ സ്മരണ നിലനിർത്തുന്നതോടൊപ്പം അധ്യാപകരുടെയും രക്ഷിതാക്കളുടെയും മറ്റു വിദ്യാഭ്യാസ തല്പരരുടെയും കൂട്ടായ യത്നത്തിലൂടെ പഠനനിലവാരമുയർത്തുന്നുമുണ്ട്. ഇപ്പോൾ ശ്രീ സി. ടി. ജോസ് നരിമറ്റം പ്രധാനദ്ധ്യാപകനായുള്ള ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളുടെ ലിസ്റ്റിൽ മുൻമന്ത്രി ശ്രീ കെ. എം. മാണി എം. എൽ. എ., അഭിവന്ദ്യ മാർ സിമ്പോറിയൻ കീപ്പുറം, ശ്രീ ജോയി നടുക്കര എം.പി., ഡോ: എൻ. ജോസ് ചന്ദർ, ശ്രീ കെ. ടി. മൈക്കിൾ ഐ.പി.എസ്. (റിട്ട.) എന്നിവരുൾപ്പെടുന്നു.

ഇലയ്ക്കാട് എസ്.കെ.വി. ഗവ. യു.പി. സ്കൂൾ

കൊല്ലവർഷം 1101 ഇടവത്തിൽ (1925 ജൂൺ)

വ്യക്തിഗത മാനേജ്മെൻറായി ഈ സ്കൂൾ പ്രവർത്തനമാരംഭിച്ചു. മാനേജർ ശ്രീ താഴത്തിരുത്തിൽ നീലകണ്ഠൻനായർ ആയിരുന്നു. എന്നാൽ 1104 (1928)-ൽ ഈ സ്ഥാപനം എൻ. എസ്. എസ്. കരയോഗം പ്രസിഡൻറിനു കൈമാറി. 1112-ൽ മാത്രമാണ് ഈ സ്കൂളിൽ 4-ാം ക്ലാസ് തുടങ്ങിയത്. 1123 തുലാം വരെ കരയോഗം മാനേജ്മെൻറിൽ പ്രൈമറി വിദ്യാലയമായി തുടരവേ ഗവൺമെൻറിൻെറ നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസ പദ്ധതിയനുസരിച്ചു സ്കൂൾ ഗവൺമെൻറ് ഏറ്റെടുക്കുകയും അന്നുമുതൽ ഗവൺമെൻറ് വിദ്യാലയമായി പ്രവർത്തിക്കുകയും ചെയ്യുന്നു.

1990-91 സ്കൂൾ വർഷത്തിൽ നാട്ടുകാരുടെ ശ്രമഫലമായി ഒന്നരലക്ഷം രൂപയോളം ചെലവാക്കിയു. പി. സ്കൂളിനാവശ്യമായ കെട്ടിടവും ഫർണിച്ചറുകളും സംഭാവന ചെയ്ത് ഇത് ഒരു യു. പി. സ്കൂളായി ഉയർത്തി. കടപ്ലാമറ്റം പഞ്ചായത്തിലെ 1-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ഈ സ്കൂൾ ഈ പ്രദേശത്തെ സാധാരണക്കാരുടെ കുട്ടികൾക്കു വിദ്യാഭ്യാസത്തിനുള്ള ഏക ആശ്രയവും ഈ നാട്ടിലെ ഏക പൊതുസ്ഥാപനവുമാണ്.

ഗവ. ഹരിജൻ എൽ.പി.എസ്. വയല

ഈ സ്കൂൾ 1090 മേടമാസം 31-ാംതീയതി നെടിയപാലയ്ക്കൽ പാർവ്വതി മകൾ നാരായണി എഴുതിക്കൊടുത്ത 75 സെൻറ് സ്ഥലത്ത് ആരംഭിക്കുകയുണ്ടായി. 1108-ാംമാണ്ട് സ്കൂൾനിന്നു പോവുകയും സ്ഥലവും കെട്ടിടവും ഉപകരണങ്ങളും ദേവസ്വം ഡിപ്പാർട്ട്മെൻറിൻെറ ചുമതലയിലാവുകയും ചെയ്തു. 1114-ാംമാണ്ട് ഈ സ്ഥലം ശ്രീ എസ്. എൻ. തീർത്ഥ കുത്തകപ്പാട്ടത്തിനെടുത്തു. അദ്ദേഹത്തിൻെറ മാനേജ്മെൻറിൽ ഒരു ഹരിജൻ സ്കൂളായി പ്രവർത്തിക്കാൻ തുടങ്ങി.

1948-ൽ സ്കൂൾ ഗവൺമെൻറിലേക്ക് സറണ്ടർ ചെയ്തു. അന്നുമുതൽ ഈ സ്കൂൾ വയലാ ഗവ. ഹരിജൻ എൽ. പി. സ്കൂൾ എന്നപേരിൽ ആയിത്തീർന്നു.

ഇപ്പോൾ ഈ സ്കൂളിൽ വളരെ നല്ല ഒരു പി.ടി.എ. പ്രവർത്തിക്കുന്നുണ്ട്. അവരുടെ സഹകരണത്തോടുകൂടി കഞ്ഞിപ്പുര, മൂത്രപ്പുര മുതലായവ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

സേവനസന്നദ്ധരായ അദ്ധ്യാപകരുടെ സഹകരണത്തോടെ ശ്രീമതി പി. ജി. തങ്കമ്മ ഹെഡ്മിസ്ട്രസായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

സെൻറ് ജോസഫ് എൽ.പി.എസ്. കടപ്ലാമറ്റം

ഈ സ്കൂൾ ആരംഭിച്ചിട്ടു നൂറുകൊല്ലം കഴിഞ്ഞു. ഈ സ്കൂൾ പാലാ വിദ്യാഭ്യാസ ജില്ലയിൽ ഏറ്റുമാനൂർ വിദ്യാഭ്യാസ ഉപജില്ലയിൽപ്പെടുന്നതും പാലാ രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയിൽപ്പെടുന്നതുമാണ്. ഈ സ്കൂളിൻെറ ഇപ്പോഴത്തെ കോർപ്പറേറ്റ് മാനേജർ റൈറ്റ് റവ. ഡോ. ജോസഫ് പള്ളിക്കാപ്പറമ്പിലും ലോക്കൽ മാനേജർ റവ. ഫാ. ജോസഫ് പാമ്പാറയുമാണ്. ഈ സ്കൂളിലെ ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ ശ്രീ എം. കെ. കുര്യൻ ആകുന്നു. 1993-94 സ്കൂൾ വർഷം ഈ സ്കൂൾ ഏറ്റുമാനൂർ വിദ്യാഭ്യാസ ഉപജില്ലയിലെ 'ബെസ്റ്റ് സ്കൂൾ' ആയി തെരഞ്ഞെടുക്കപ്പെട്ടു. ഉപജില്ലാടിസ്ഥാനത്തിൽ നടത്തുന്ന എല്ലാ മൽസരങ്ങൾക്കും ഈ സ്കൂളിലെ കുട്ടികൾ സ്തുത്യർഹമായ രീതിയിൽ നേട്ടങ്ങൾ കൈവരിക്കുന്നുണ്ട്. 1973-74 മുതൽ സ്കൂളിൽ സജീവമായി പ്രവർത്തിക്കുന്ന ഒരു അദ്ധ്യാപക രക്ഷാകർത്തൃസമിതിയുണ്ട്. ഇപ്പോഴത്തെ പി. ടി. എ. പ്രസിഡൻറ് ശ്രീ. ബേബി ജോസഫ് വെടിക്കുന്നേലാണ്. അതുപോലെതന്നെ വളരെ സജീവമായി പ്രവർത്തിക്കുന്ന ഒരു മാതൃസംഗമവും ഈ സ്കൂളിലുണ്ട്. ഈ സ്കൂളിൽ ഇപ്പോൾ 203 കുട്ടികളും ആറ് അദ്ധ്യാപകരുമുണ്ട്. ഇവിടെ എല്ലാ സാദ്ധ്യായ ദിവസങ്ങളിലും ഉച്ചക്കഞ്ഞി വിതരണം നടത്തുന്നുണ്ട്. കുട്ടികളുടെ പാഠ്യ- പാഠ്യേതര വിഷയങ്ങളിലുള്ള പുരോഗതിയെ ലക്ഷ്യമാക്കി വിവിധ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

സെൻറ് മേരീസ് എൽ.പി. സ്കൂൾ, മാറിടം

1916-ൽ സ്ഥാപിച്ചു. ശ്രീ ഇട്ടിയേപ്പാറ വർക്കി, ചുണ്ടെലിക്കാട്ട് ഔസേപ്പ് എന്നിവർ ദാനമായി നലകിയ 75 സെൻറ് സ്ഥലത്തായിരുന്നു സ്കൂളിൻെറ നിർമ്മാണം. ശ്രീ ചെറുശ്ശേരിൽ ഔസേപ്പായിരുന്നു ആദ്യത്തെ മാനേജർ. ഗവൺമെൻറിൻെറ അംഗീകാരമല്ലാതെ സാമ്പത്തിക സഹായം ലഭിച്ചിരുന്നില്ല. നാട്ടുകാർ പിരിവെടുത്താണു സ്കൂൾ പ്രവർത്തനം നടത്തിയിരുന്നത്. പന്തത്തല സ്വദേശി ശ്രീ കെ. എം. വർക്കിയായിരുന്നു ഈ സ്കൂളിൻെറ ആദ്യത്തെ ഹെഡ്മാസ്റ്റർ.

ജോസഫ് കുറവാച്ചിറ, എം. കൃഷ്ണൻനായർ പള്ളിപ്പറമ്പിൽ, എ. കെ. ആൻറണി ഇലഞ്ഞിക്കുളത്ത്, പരേതനായ എൽ. എൽ. മാത്യു മരുതുകുന്നേൽ, ശ്രീമതി പി. ഡി. അന്ന, പി. സി. ഔസേപ്പ് പെമ്പിളകുന്നേൽ, സി. വി. തോമസ് വെട്ടിക്കക്കുഴി എന്നിവർ ഈ സ്കൂളിൻെറ പൂർവ്വകാല ഹെഡ്മാസ്റ്റർമാരായിരുന്നു.

ഒ. ടി. റോസമ്മ ചെറുശ്ശേരിൽ, ഒ. ജെ. ക്ലാര, മറിയാമ്മ ജോസഫ് ചുണ്ടെലിക്കാട്ട്, പി. എം. ചിന്നമ്മ പുഴയം

കണ്ടത്തിൽ, ഷാജി പി. ഏബ്രഹാം പള്ളിയോടിൽ മുതലായവർ ഈ സ്കൂളിൽ ദീർഘകാലം സേവനമനുഷ്ഠിച്ച അദ്ധ്യാപകരാണ്.

നാട്ടുകാർക്ക് സ്കൂൾ നടത്തിപ്പു ബുദ്ധിമുട്ടായി തീർന്ന സാഹചര്യത്തിൽ സ്കൂൾ കടപ്ലാമറ്റം പള്ളിക്ക് എഴുതിക്കൊടുത്തു. പുണ്യശ്ലോകനായ ബ. കുട്ടൻ തറപ്പേൽ ഔസേപ്പച്ചനായിരുന്നു ഇതിനുശേഷം മാനേജർ.

ആദ്യകാലത്ത് 8 ഡിവിഷനുകൾ വരെ പ്രവർത്തിച്ചിരുന്ന ഈ സ്കൂൾ അടുത്ത ഏതാനും വർഷങ്ങളായി 4 ഡിവിഷനുകളിൽ പ്രവർത്തിക്കുന്നു.

1967-ൽ സുവർണ്ണജൂബിലിയും 1991-ൽ പ്ലാറ്റിനം ജൂബിലിയും ആഘോഷപൂർവ്വം കൊണ്ടാടുകയുണ്ടായി. ഈ സ്കൂളിനെ സംബന്ധിച്ചിടത്തോളം ദിവംഗതനായ ബ. പുവത്തുങ്കൽ സഖറിയാച്ചനെ വിസ്മരിക്കുവാൻ സാധ്യമല്ല.

ഗവ. എൽ.പി. സ്കൂൾ, വയലാ ഈസ്റ്റ്

മേടയ്ക്കൽ കുടുംബക്കാർ സംഭാവന ചെയ്ത സ്ഥലത്തു നാട്ടുകാരുടെ സഹകരണത്തോടെ 1915-ൽ ഈ സ്കൂൾ പ്രവർത്തനമാരംഭിച്ചു. 1989-90 വർഷത്തിൽ പി.ടി.എ.യുടെ സഹകരണത്തോടെ ഒരു കഞ്ഞിപ്പുര നിർമ്മിച്ചു.

1990-91 വർഷത്തിൽ പ്ലാറ്റിനം ജൂബിലി ആഘോഷിച്ചു. ജൂബിലി വർഷത്തിൽ പി.ടി.എ.യുടെ സഹകരണത്തോടെ പ്രീ-പ്രൈമറി സ്കൂൾ ആരംഭിച്ചു. 1995-96 വർഷത്തിൽ പഞ്ചായത്തിന്റെ ധനസഹായത്തോടെ പി.ടി.എ. ഏറ്റെടുത്ത് ഒരു കക്കൂസും നിർമ്മിച്ചിട്ടുണ്ട്. കടപ്ലാറ്റം പഞ്ചായത്തിന്റെ 5-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ഈ പ്രൈമറി സ്കൂൾ സമീപ പ്രദേശത്തെ കുട്ടികളുടെ വിദ്യാഭ്യാസാഭിവൃദ്ധിക്കു വേണ്ടി നിലകൊള്ളുന്ന ഏക വിദ്യാലയമാണ്.

മേൽപറഞ്ഞിരിക്കുന്ന വിദ്യാലയങ്ങളിലേക്കു വിദ്യാർത്ഥികളെ കൈപിടിച്ചു കയറ്റുന്ന പ്രീ-പ്രൈമറി വിദ്യാലയങ്ങളും നമ്മുടെ പഞ്ചായത്തിൽ ധാരാളമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പ്രീ-പ്രൈമറിയും പ്രൈമറിയും ഒന്നിച്ചു പ്രവർത്തിക്കുന്നു. എന്നാൽ അംഗീകാരമില്ലാത്തതുമായ ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് മീഡിയം നേഴ്സറി എൽ. പി. സ്കൂൾ, വയലാ-ഉം ഈ രംഗത്ത് അതിനേറതായ സംഭാവന നൽകുന്നുണ്ട്. ഈ സ്കൂളിൽ പ്രീ-പ്രൈമറി തലത്തിൽ 55 (എൽ.കെ.ജി. - 27, യു.കെ.ജി. - 28) പേരും പ്രൈമറി തലത്തിൽ 106 (1-25, 2-26, 3-27, 4-28) പേരും വിദ്യ അഭ്യസിക്കുന്നു.

പട്ടിക 5

നേഴ്സറി സ്കൂളുകളുടെയും കുട്ടികളുടെയും കണക്ക്

സ്കൂൾ	ആൺ	പെൺ	ആകെ
ഇലയ്ക്കാട് പട്ടികജാതി നഴ്സറി സ്കൂൾ	10	9	19
കാർമ്മൽ നേഴ്സറി സ്കൂൾ കടപ്ലാമറ്റം	10	7	17
സെൻറ് ജോർജ് ശിശുസദൻ വയലാ	19	26	45
ഹരിശ്രീ നേഴ്സറി സ്കൂൾ കുണുക്കംപാറ	14	18	32
ഗവ. എൽ.പി.എസ്. നേഴ്സറി വയലാ ഈസ്റ്റ്	9	7	16
ജയ്ഹിന്ദ് വനിതാ സമാജം നഴ്സറി സ്കൂൾ	22	28	50

ഇവയ്ക്കെല്ലാം പുറമേ കടപ്ലാമറ്റം പഞ്ചായത്തിലെ കുറെയധികം കുട്ടികൾ പാലാ, കിടങ്ങൂർ, അതിരമ്പുഴ, വെട്ടിമുകൾ, ഏറ്റുമാനൂർ, മാന്നാനം, മരങ്ങാട്ടുപിള്ളി, കുറവിലങ്ങാട്, കോട്ടയം തുടങ്ങിയ സമീപ സ്ഥലങ്ങളിലുള്ള സ്കൂളുകളിൽ പഠിക്കുന്നുണ്ട്. ആ കുട്ടികളുടെ സംഖ്യയും പഠന നിലവാരവും മനസ്സിലാക്കിയാലേ യഥാർത്ഥ ചിത്രം വ്യക്തമാകൂ.

നമ്മുടെ പഞ്ചായത്തിൽ എസ്. എസ്. എൽ. സി. പരീക്ഷ പാസ്സാവുന്ന കുട്ടികൾക്കു തുടർന്നു പഠിക്കാനുള്ള സൗകര്യം കാര്യമായില്ല. നിലവിലുള്ള സ്കൂളുകളിൽ വയലാ വി. എച്ച്. എസ്. സ്കൂളിൽ ടിവി ആൻഡ് റേഡിയോ മെക്കാനിസം, കംപ്യൂട്ടർ പഠനം എന്നിവയ്ക്കായി കോഴ്സുകളുണ്ടെങ്കിലും മറ്റു മാനവിക/സയൻസ് വിഷയങ്ങളിലുള്ള പഠനത്തിനു മാർഗ്ഗങ്ങളില്ല. വയലാ വി. എച്ച്.എസ്. സ്കൂളിൽ ഇപ്പോഴുള്ള കോഴ്സുകൾക്കു പുറമേ മറ്റ് വിഷയങ്ങളും കടപ്ലാമറ്റം സെൻറ് ആൻറണീസ് ഹൈസ്കൂളിൽ ആർട്സ് / സയൻസ് വിഷയങ്ങളുൾപ്പെട്ട പ്ലസ് ടു കോഴ്സുകളും ഉടൻ തുടങ്ങിയെങ്കിൽ മാത്രമേ ഇതിനൊരു പരിഹാരമാവുകയുള്ളൂ.

സാധ്യതകളും പരിഹാരങ്ങളും

മോശമായിക്കൊണ്ടിരിക്കുന്ന പഠനനിലവാരം ഉയർത്തുന്നതിനുവേണ്ടി ജനകീയ പങ്കാളിത്തത്തോടുകൂടി പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളേയും ബന്ധിപ്പിച്ചുകൊണ്ടുള്ള സ്കൂൾ കോംപ്ലക്സ് പരിപാടി പഞ്ചായത്തിൽ നിലവിലുണ്ട്. പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി മേരിക്കുട്ടി തോമസ് ചെയർപേഴ്സണും പഞ്ചാ

യത്തു മെംബർമാർ, സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർ, പി. ടി. എ. പ്രസിഡൻറുമാർ തുടങ്ങിയവർ അംഗങ്ങളായുമുള്ള പഞ്ചായത്ത് സ്കൂൾ സമിതിയും നിലവിലുണ്ട്. പക്ഷേ ഇവയുടെയൊക്കെ ആഭിമുഖ്യത്തിൽ നടക്കേണ്ടിയിരുന്ന പരിഹാരബോധനം, അദ്ധ്യാപന പുനഃപരിശീലനം, മാതൃസംഗമം, അദ്ധ്യാപകസംഗമം തുടങ്ങിയ പരിപാടികൾ നടക്കുന്നില്ല. പഞ്ചായത്തു വികസനസമിതിക്ക് പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ശേഖരിക്കുവാൻ കഴിയാതിരുന്നത് ഇതിനു കാരണമാണ്. ഈ വീഴ്ചകൾ പരിഹരിച്ചു പഞ്ചായത്തിൻെറ മൊത്തം വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ട നടപടിക്രമങ്ങൾ പഞ്ചായത്തു വിദ്യാഭ്യാസസമിതി കൈക്കൊള്ളേണ്ടതാണ്.

രക്ഷാകർത്താക്കൾക്കും സാമാന്യ ജനങ്ങൾക്കും വിദ്യാഭ്യാസത്തെപ്പറ്റി ബോധവൽക്കരണ സെമിനാർ നടത്തണം. ഇതിനായി വിദ്യാഭ്യാസ പണ്ഡിതരുടെയും പഞ്ചായത്തിൽനിന്ന് ഉന്നത വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്നവരുടെയും സഹായം തേടേണ്ടതാണ്. രക്ഷാകർത്താക്കളുടെ വികല ധാരണകൾമൂലം വിദ്യാർത്ഥികൾ പീഡിപ്പിക്കപ്പെടുന്നതു തടയാൻ പഞ്ചായത്തുതല ക്രമീകരണമേർപ്പെടുത്തണം. പ്രൈമറി വിദ്യാഭ്യാസത്തിനുപോലും കുട്ടികളെ അനേകം കിലോമീറ്ററുകൾ ദിവസവും യാത്ര ചെയ്യിക്കുന്നതു തടയണം. നല്ല നിലവാരമുള്ള സ്കൂളുകൾ സമീപത്തുണ്ടായിട്ടും വളരെ ദൂരെ യാത്രചെയ്ത് പഠിക്കാനൊരുങ്ങുന്നുവർക്ക് യാത്രാനുകൂല്യങ്ങളും മറ്റും നൽകുന്നതു പുനഃപരിശോധിക്കണം.

നിർദ്ദേശങ്ങൾ:

1. ഒരു കീലോമീറ്ററെങ്കിലും നടന്നാൽ എത്താവുന്ന അകലത്തിൽ പ്രീ-പ്രൈമറി സൗകര്യമില്ലാത്ത വാർഡുകളിൽ/പ്രദേശങ്ങളിൽ അതിനുവേണ്ട സൗകര്യമേർപ്പെടുത്താൻ എത്രയും വേഗം ശ്രദ്ധിക്കുക. പ്രസ്തുത സ്ഥലങ്ങളിൽ സ്ഥല സൗകര്യമുണ്ടെങ്കിൽ ഓരോ ടീച്ചർ - കം - ഹെൽപ്പർ തസ്തിക സൃഷ്ടിക്കുകയും ഓരോരുത്തരെ (സാധിക്കുമെങ്കിൽ സമീപവാസികളെ) നിയമിക്കുകയും ചെയ്യുക.

ഉദാ: ആറാം വാർഡിൽ കെട്ടിടസൗകര്യമുള്ള പായസപ്പടി ശാന്തിനികേതൻ വായനശാലയോടു ചേർന്നു ബാലവാടി/അംഗൻവാടി തുടങ്ങാവുന്നതാണ്.

2. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ നിരോധിക്കുക.
3. വയലാ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൻെറ സ്ഥലപരിമിതി ഇല്ലാതാക്കണം. ഫർണിച്ചർ, സാനിട്ടറി സൗകര്യങ്ങൾ, ടിവി, കംപ്യൂട്ടർ, ലൈബ്രറി - ലാബ് സൗകര്യം എന്നിവ എത്രയും വേഗം ലഭ്യമാക്കി പഠനനിലവാരം ഉയർത്താനും വിദ്യാർത്ഥിക്ഷേമം യാഥാർത്ഥ്യമാക്കുവാനും പഞ്ചായത്തുതലത്തിൽ അടിയന്തര നടപടികൾ കൈക്കൊള്ളേണ്ടതാണ്. സ്കൂളുകളിൽ നൈറ്റ് വാച്ച്മാനെ നിയമിക്കുകയും കോമ്പൗണ്ട് വാൾ നിർമ്മാണം തുടങ്ങുകയും ചെയ്യണം. ഫാൻ ഉൾപ്പെടെയുള്ള സാധനങ്ങൾ ഫിറ്റ് ചെയ്ത് ക്ലാസ് മുറികളും മറ്റും പഠനയോഗ്യമാക്കേണ്ടതും സ്പോർട്സ്/ഗെയിംസ് ഉപകരണങ്ങൾ വാങ്ങി കായികരംഗം പുഷ്ടിപ്പെടുത്തേണ്ടതുമാണ്.
4. കടപ്ലാമറ്റം ഗവ. ടെക്നിക്കൽ സ്കൂളിനാവശ്യമായ സ്ഥലവും സ്വന്തം കെട്ടിടവും സ്വായത്തമാക്കാൻ ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തണം. കൂടുതൽ പഠന - വസ്തുവകകൾ വാങ്ങിക്കുവാനും വിദ്യാർത്ഥികളുടെ ടെക്നിക്കൽ ആപ്റ്റിറ്റ്യൂഡ് വളർത്തുവാനുതകുന്ന 'വർക്ഷോപ്പുകൾ' സംഘടിപ്പിക്കുവാനും മുൻകൈയെടുക്കണം.
5. പ്രസ്തുത സ്കൂൾ പോളിടെക്നിക് ആയി ഉയർത്തണം.
6. വയലാ ഗവ. ഹയർ സെക്കൻഡറി സ്കൂളിനോടനുബന്ധിച്ചു നവീന മാതൃകയിലുള്ള ഒരു സ്റ്റേഡിയം നിർമ്മിക്കണം.
7. കലാ - കായിക പരിശീലനം പ്രൈമറിതലം മുതൽ ആരംഭിക്കണം. സ്പോർട്സിനും കായികാഭ്യാസനത്തിനും പ്രാധാന്യം നൽകുക.
8. പ്രീ-പ്രൈമറി ക്ലാസുകളിൽ 'ഏകീകൃത മാധ്യമം' നിർബന്ധമാക്കുക.
9. വയലാ ഈസ്റ്റ് ഗവ. എൽ. പി. സ്കൂളിന് വഴിസൗകര്യം, മൈതാനം, കലാ - കായികവിഷയങ്ങളിൽ നിപുണതയുള്ള അദ്ധ്യാപകർ തുടങ്ങിയവ ലഭ്യമാക്കണം.
10. വയലാ ഹരിജൻ എൽ. പി. എസ്., യു. പി. സ്കൂളായി ഉയർത്തണം സ്കൂളിനാവശ്യമായ സൗകര്യങ്ങൾ (കെട്ടിടം, കുടിവെള്ളം, വൈദ്യുതി, സാനിറ്റേഷൻ) ഉറപ്പാക്കണം.
11. മാറിയിടം സെൻറ് മേരീസ് എൽ. പി. സ്കൂൾ അപ്പർ പ്രൈമറി സ്കൂളായി ഉയർത്തണം.

12. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഉച്ചക്കഞ്ഞി വിതരണത്തിൽ കൃത്യത പാലിക്കുകയും ചെയ്യുക.

13. വയലാ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ് ടൂ തലത്തിൽ സാമൂഹിക വിഷയങ്ങളുൾപ്പെടുത്തുകയും ഉന്നത വിദ്യാഭ്യാസമുള്ള സ്ഥിരം അദ്ധ്യാപകരെ നിയമിക്കുകയും ചെയ്യുക.

14. കടപ്ലാമറ്റം സെൻറ് ആൻറണീസ് ഹൈസ്കൂളിൽ ആർട്സ്/സയൻസ് വിഷയങ്ങളിൽ പ്ലസ് ടൂ കോഴ്സ് തുടങ്ങുക.

15. കുട്ടികളുടെ അമിത സിലബസ് ഭാരം കുറയ്ക്കണം. പ്രൈമറി തലത്തിൽ മാതൃഭാഷാപഠനം നിർബന്ധമാക്കണം. പാഠപുസ്തകങ്ങൾ യഥാസമയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

16. കുട്ടികൾക്കു കൃഷിയിൽ താൽപര്യമുണ്ടാക്കുന്നതിനുള്ള പരിശീലനം നൽകണം.

17. എല്ലാ സ്കൂളുകളിലും ലൈബ്രറിയും ലബോറട്ടറി സൗകര്യങ്ങളും വർദ്ധിപ്പിക്കണം.

18. കലാ – കായിക പരിപോഷണത്തിനാവശ്യമായ പരിഗണന നൽകാത്ത ഇന്നത്തെ അവസ്ഥ അവസാനിപ്പിച്ചു കുട്ടികളുടെ എണ്ണം പരിഗണിക്കാതെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുകയും ആവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം (ഡ്രിൽ, ഡ്രോയിംഗ്, മ്യൂസിക്, തയ്യൽ)

19. താഴ്ന്ന ക്ലാസുകളിൽപോലും യോഗ്യതയില്ലാത്ത കുട്ടികൾക്കു പ്രമോഷൻ കൊടുക്കുന്ന സമ്പ്രദായം അവസാനിപ്പിക്കുകയും ഏഴാം സ്റ്റാൻഡേർഡിൽ ഒരു പൊതു പരീക്ഷ ആരംഭിക്കുകയും വേണം.

20. താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാനുള്ള അവകാശമെങ്കിലും പഞ്ചായത്തുകൾക്കു വിട്ടുകൊടുക്കണം.

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്



കടപ്ലാമറ്റം പഞ്ചായത്തിന്റെ കിഴക്കേ അറ്റംമുതൽ (മാറിടം) പടിഞ്ഞാറെ അറ്റംവരെ (വയല)യുള്ള ഭാഗങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കോട്ടയം-വെമ്പള്ളി-കുമ്മണ്ണൂർ-പാലാ റോഡാണ് ഏറ്റവും ദൈർഘ്യമേറിയതും പ്രധാനപ്പെതുമായ പി.ഡബ്ലു.ഡി റോഡ്(9 കി.മി). നമ്മുടെ പഞ്ചായത്തിന്റെ 6,7,8,5,4,2,3 വാർഡുകൾ ഈ റോഡിന്റെ ഇരുവശങ്ങളിലുമായി ചിതറിക്കിടക്കുന്നു. ഇതുകൂടാതെ വേറെ പുതിയതും-പഴയതുമായ പി.ഡബ്ലു.ഡി റോഡുകളും, പഞ്ചായത്ത് റോഡുകളും ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നു. പഞ്ചായത്തിലുടനീളം ഇരപത്തഞ്ചോളം സ്വകാര്യ / കെ.എ്,.ആർ.ടി.സി ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. എന്നിരുന്നാൽ തന്നെയും പഞ്ചായത്തിന്റെ വിവിധപ്രദേശങ്ങളിലെ ജനങ്ങൾ യാത്രാ ദുരുതമനുഭവിക്കുന്നു. ഉള്ള ബസ്സുകൾ മിക്കവാറും ഒരേ റൂട്ടിൽ കേന്ദ്രീകൃതമായിരിക്കുന്നതാണിതിനു കാരണം. 1964 മുതൽ ബസ്സുകൾ സർവ്വീസ് നടത്തികൊണ്ടിരിന്നതും അടുത്തകാലത്തായി മുഴുവൻ സർവ്വീസ് മുടങ്ങിയതുമായ വയലാ-പായസപ്പടി-കൂടല്ലൂർ വെസ്റ്റ് റോഡ്, മൂന്നുതോട്-കുമണ്ണൂർ റോഡ് തുടങ്ങിയവയുടെ ഗുണഭോക്താക്കൾ ഇന്ന് നിരാശയിലാണ്. പ്രസ്തുത റോഡുകളിൽക്കൂടിയും യാത്രാസകൈര്യമില്ലാത്ത പ്രദേശങ്ങളിൽ കൂടിയും കെ.എസ്.ആർ.ടി.സി ബസ്സുകൾ ഓടിക്കുവാൻ പഞ്ചായത്തു തലത്തിൽ തീരുമാനമെടുണ്ടേത് അത്യധികം ആവശ്യമായ കാര്യമാണ്. കടപ്ലാമറ്റം-മരങ്ങാട്ടുപള്ളി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പുത്തനങ്ങാടി-വട്ടമല റോഡിനു വീതികൂട്ടി ആവശ്യമായ കലുങ്കുകളും തീർത്ത് ടാറിംഗ് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടത് എടുത്തപറയേണ്ട ഒരു കാര്യമാണ്.

വിവിധ പ്രദേശങ്ങളുമായി നമ്മുടെ കൊച്ചുഗ്രാമത്തെ ബന്ധിപ്പിക്കുന്ന ഒട്ടനവധി റോഡുകൾ നിലവിൽ വന്നു. വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുകയും വിദ്യാഭ്യാസം, ജോലി, വ്യാപാരം എന്നിവയ്ക്കുവേണ്ടി നിരന്തരം സഞ്ചാരം ആവശ്യമായി വരികയും ചെയ്തതോടെ റോഡുകളുടെ എണ്ണവും സൗകര്യവും വർദ്ധിപ്പിക്കേണ്ടിയും വന്നു. പഞ്ചായത്തിലുള്ള റോഡുകളുടെയും ഇനിയും ആവശ്യമായ റോഡുകളുടെയും പട്ടിക ചുവടെ ചേർക്കുന്നു.

പി.ഡബ്ല്യൂ.ഡി.റോഡുകൾ

നമ്പർറോഡിന്റെ പേര്	പഞ്ചായത്തിലുള്ള നീളം (കിലോമീറ്ററിൽ)
1കുമ്മണ്ണൂർ- വെമ്പള്ളി	9 കി.മീ.
2കടപ്ലാമറ്റം- മരങ്ങാട്ടുപിള്ളി	152 കി.മീ.
3കടപ്ലാമറ്റം- കൂടല്ലൂർ (ഈസ്റ്റ്)	5 കി.മീ.
4കടപ്ലാമറ്റം- മൂന്നുതോട്- കിടങ്ങൂർ	1.5 കി.മീ
5വയലാ- പായസപ്പടി - കൂടല്ലൂർ	2.5കി.മീ.
6വയലാ-വെള്ളാക്കൽ-കൂടല്ലൂർ (മാർക്കറ്റ്)	2കി.മീ.
7വയലാ-വെള്ളാക്കൽ-വെമ്പള്ളി	.5 കി.മീ.
8വയലാ- വളകുഴി	5 കി.മീ.
9ഇലയ്ക്കാട്-ഓമല്ലൂർ	5 കി.മീ.
10കടപ്ലാമറ്റം- പാളയം	2.5 കി.മീ.
11പാളയം- ചേർപ്പുങ്കൽ	1.5 കി.മീ.
12വയലാ-മയിലാടുംപാറ	3 കി.മീ.

നമ്മുടെ പഞ്ചായത്തിൽ ിലവിലുള്ള റോഡുകൾ പലതും ശോചനീയമായ അവസ്ഥയിലാണ്. സർക്കാരിന്റെ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ പെടുത്തി പല പഞ്ചായത്ത് റോഡുകളും പുനരുദ്ധരിച്ചുവെങ്കിലും ഇനിയും നല്ല ശതമാനം പി.ഡബ്ല്യൂ.ഡി./ പഞ്ചായത്ത് റോഡുകൾ അറ്റകുറ്റ പണിക്കോ, മുഴുവൻ പണിക്കോ വിധേയമാകാനുണ്ട്.

റോഡുകളുടെ വശങ്ങളിൽ ഓടകൾ തീർക്കാത്തതും, വാർഷിക മെയിൻറൻസ് നടക്കാത്തതും റോഡുകളുടെ തകർച്ചയ്ക്ക് കാരണമാവുന്നു. ഫണ്ട് അഭാവം തുടങ്ങിയ സാങ്കേതിക കാരണങ്ങളാലാണ് മിക്കവാറും പണികൾ തുടങ്ങാത്തതും, തുടങ്ങിയ പണികൾ മുടങ്ങുന്നതും.

ഇതിനു മാറ്റം വരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ അധികാരങ്ങൾ പൂർണ്ണമായും പഞ്ചായത്തു

കടപ്ലാമറ്റം പഞ്ചായത്തിൽ നിലവിലുള്ള പഞ്ചായത്ത് റോഡുകൾ

ക്രമനമ്പർ നീളം	റോഡിന്റെപേര്	
1	നെച്ചിമറ്റം- കാഞ്ഞിരത്താംകുഴി- കുറവിലങ്ങാട്	1.5 കി.മീ.
2	ഇലയ്ക്കാട്- കടുവാക്കുഴി- കുറവിലങ്ങാട്	2.കി.മീ.
3	പുല്ലാന്താനി തറപ്പ്-വളക്കുഴി കാവുങ്കൽ	3 കി.മീ.
4	ഇലയ്ക്കാട് ഹരിജൻ കോളനി- വലിയമരുത്	2.5 കി.മീ.
5	കാഞ്ഞിരത്താംകുഴി- കാവുങ്കൽ	1.5 കി.മീ.
6	നെച്ചിമറ്റം- എസ്.കെ.വി.സ്കൂൾ റോഡ്	1.5 കി.മീ.
7	ഇലയ്ക്കാട് കൊച്ചുകോളനി- കാവുങ്കൽ	1.5 കി.മീ.
8	പുല്ലന്താനിതറപ്പ്- ചേരവേലി	0.75 കി.മീ.
8 A	ഇലയ്ക്കാട്-നെല്ലിക്കുന്ന്	2കി.മീ.
9	മച്ചിത്താനി-നെല്ലിക്കുന്ന്	1കി.മീ.
10	അച്ചംകുളം-കാട്ടാമ്പള്ളി റോഡ്	1കി.മീ.
11	ചിറപ്പാട്- കാട്ടാമ്പള്ളി റോഡ്	1കി.മീ.
12	ചിറപ്പാട്- ചേരവേലി	1 കി.മീ.
13	കാട്ടാമ്പള്ളി-വാഴക്കാലക്കോളനി കുന്നത്ത്	1.5 കി.മീ.
14	വയലാ ഹോസ്പിറ്റൽ-കുറവിലങ്ങാട്	0.5 കി.മീ.
15	അച്ചുകുന്ന്-മാറൊഴിക	1കി.മീ.
16	വയലാ മാർക്കറ്റ്- മാറൊഴിക	1കി.മീ.
17	വാഴപ്പള്ളി- കല്ലൻചിറ	1 കി.മീ.
18	വയലാ ഹോസ്പിറ്റൽ-പാലത്തിങ്കൽ പീടിക	1കി.മീ.
19	പുതുശ്ശേരിക്കുഴി-നെല്ലിക്കുന്ന്	1.5കി.മീ.
20	വലിയവീട്ടിൽ പടി-പനന്താനം	0.75 കി.മീ.
21	പാലത്തിങ്കൽ- മൂലക്കാട്മറ്റം	1കി.മീ.
22	മൂലക്കാട്ടുമറ്റം- കുറുക്കൻകുന്ന്	1കി.മീ.
23	വാഴപ്പള്ളി-നങ്ങിയാലി	1കി.മീ.
24	വയലാ ഹൈസ്ക്കൂൾ- പരിയത്താനംപാറ	1കി.മീ.
25	കീറ്റുപ്ലാക്കിൽ- മൂലക്കോണം	1കി.മീ.
26	കാശാംകുറ്റി-തലനിൽക്കുംതറപ്പിൽ	1കി.മീ.
29	വെള്ളാക്കൽ-കൊശപ്പള്ളി	1കി.മീ.
30	കൊശപ്പള്ളി-കൊല്ലപ്പള്ളി	1കി.മീ.
31	മഞ്ഞപ്പള്ളി-മഠത്തിൽപടി	1കി.മീ.
32	പാലമറ്റം-തൈയ്ക്കാട്ടുതറ	1.5 കി.മീ.
33	പൈമ്പള്ളി-പുത്തനങ്ങാടി	1കി.മീ.
34	പുത്തനങ്ങാടി-വട്ടമല	2 കി.മീ.
35	കീപ്പുറം-അടികൊള്ളി	2കി.മീ.
36	മൈലാടുപാറ-കാഞ്ഞിരത്തുങ്കൽ	0.5 കി.മീ.
37	വട്ടിഞ്ഞ-വലിയമരുത് -കമ്പകം	1കി.മീ.
38	കീപ്പുറം-കൂടല്ലൂർ റോഡ്	2കി.മീ.
39	കടപ്ലാമറ്റം-കലിടുക്കി-മാന്താടി-മ്യാലിൽപടി	4കി.മീ.
40	കച്ചിറ-വാക്കത്തിക്കല്ല്	2കി.മീ.
41	വലിയമരുത്-കമ്പകം - കൂവളളൂർ റോഡ്	21/2 കി.മീ.

42	കൂവളളൂർകുന്ന്- പുതിയിടത്തു പറമ്പ്	2കി.മീ.
43	ആശുപത്രിപടി-ചുണ്ടലിക്കാട്ട്	11/2 കി.മീ.
44	കുറുവാഞ്ചിറ-ഇട്ടിയപ്പാറ	1കി.മീ.
45	ഐയ്യങ്കാനാൽ-ഇട്ടിയപ്പാറ	3കി.മീ.
46	പാളയം-മനയ്ക്കപ്പടി	3കി.മീ.
47	പാളയം-തെക്കുമുറി	3കി.മീ.
48	പാളയം-ഇട്ടിയപ്പാറ	11/2 കി.മീ.
49	മരുതുപടി-പരുത്തുംപാറ	1കി.മീ.
50	കൂവളളൂർകുന്ന്-അഞ്ചാനി	11/2 കി.മീ.
51	കടപ്ലാമറ്റം-പെരുമ്പാപ്പള്ളി	1കി.മീ.
52	ഇട്ടിയപ്പാറ-മരുതൂർപടി	11/2 കി.മീ.
53	ലേഡീസ് ക്ലബ്- പാറേൽപ്പീടിക	2 കി.മീ.
54	എൻ.എസ്.എസ് കരയോഗം-മാറിടംപള്ളി	1കി.മീ.
55	എൻ.എസ്.എസ്.കരയോഗം-പെട്ടപ്പുഴ	1 കി.മീ.
56	വൈയ്ക്കത്തോട്ട്-പുല്ലാനപ്പള്ളി	1 കി.മീ.
57	സൂര്യാപടി-ലേഡീസ് ക്ലബ്	1കി.മീ.
58	ചേർപ്പുങ്കൽ-ഇട്ടിയപ്പാറ	4 കി.മീ.

കൾക്ക് കൈമാറേണ്ടതാണ്. പൊതുജ പങ്കാളിത്തത്തോടുകൂടി റോഡ് സംരക്ഷണമുൾപ്പെടെയുള്ള കാര്യങ്ങളിൽ കൂടുതലായി ശ്രദ്ധിക്കുവാൻ പഞ്ചായത്തിനേ കഴിയൂ.

ടാക്സി സ്റ്റാൻഡ്, ഓട്ടോറിക്ഷാ സ്റ്റാൻഡ് എന്നിവയും പഞ്ചായത്തിൽ ഒരിടത്തും സൗകര്യപ്രദമായില്ല. എല്ലായിടത്തും വഴിയോരങ്ങളിൽ പാർക്കുചെയ്യുന്ന വാഹനങ്ങൾ പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഈ കാര്യങ്ങളിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കുവാൻ പഞ്ചായത്ത് അധികൃതർ തയ്യാറാകണം. ഗ്രാമീണ പ്രദേശമായ നമ്മുടെ ഗ്രാമത്തിലൂടെ നമ്മുടെ താല്പര്യാനുസൃതം ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിക്കാനുതകുന്ന രീതിയിൽ നിയമ നിർമ്മാണ നടത്താൻ കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിൽ സമ്മർദ്ദം ചെലുത്താൻ പഞ്ചായത്ത് മുൻകൈയെടുക്കണം. ഈ പ്രശ്നം പാർലമെൻറിലെത്തിക്കാൻ നമ്മുടെ നാട്ടുകാരൻ കൂടിയായ ശ്രീ.ജോയി നടുക്കര എം.പി., ഈ പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.പി.സി.തോമസ് എം.പി., ശ്രീ.രമേശ് ചെന്നിത്തല എം.പി. എന്നിവരുടെ സഹായം തേടേണ്ടതാണ്.

ഊർജ്ജം

കടപ്ലാമറ്റം പഞ്ചായത്തിൽ ഊർജ്ജമേഖല വലിയൊരു പ്രതിസന്ധിയിലാണെന്നു പറയുന്നതിൽ തീർത്തും അതിശയോക്തിയുണ്ടെന്നു തോന്നുന്നില്ല. ഗ്രാമപ്രദേശമാണെങ്കിൽപോലും വിറകിനു ക്ഷാമം അനുഭവപ്പെടുന്നു. മണ്ണെണ്ണ പലപ്പോഴും കിട്ടാനില്ല. വളരെ ചുരുക്കം വീടുകളിൽ മാത്രമാണ് ഗ്യാസ് അടുപ്പുള്ളത്. തൃപ്തികരമല്ലാത്ത വൈദ്യുതി വിതരണമാണ് മറ്റൊരു പ്രധാന കോട്ടം.

പഞ്ചായത്തിലെ നല്ല ശതമാനം വീടുകളിൽ വൈദ്യുതിയുണ്ട്. കാലാകാലങ്ങളിൽ പല പദ്ധതികളിൽ പെടുത്തി ഹരിജനങ്ങൾ ഉൾപ്പെടെയുള്ളവർക്ക് ഫ്രീ കണക്ഷനുകൾ നല്കിവരുന്നു. എങ്കിലും ഈ രംഗത്ത് പൂർണ്ണത കൈവരിക്കാനായിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകൾ ധാരാളമുണ്ട്. അപേക്ഷ നല്കി വർഷങ്ങളായി കണക്ഷനുവേണ്ടി കാത്തിരിക്കുന്നവരും ദുർലഭമല്ല.

വൈദ്യുതി കണക്ഷൻ, ഉണ്ടെങ്കിലും വോൾട്ടേജ് ക്ഷാമം നിലനില്ക്കുന്നു. മൂന്നുതോട് ഭാഗത്തുള്ള ട്രാൻസ്ഫോർമർ തകരാറിലായതിനാൽ വോൾട്ടേജ് ക്ഷാമം ആ പ്രദേശത്തെ ഗ്രസിച്ചിരിക്കുകയാണ്. ഈ പ്രശ്നം പരിഹരിക്കുവാൻ ട്രാൻസ്ഫോർമറിൻെറ ശക്തി വർദ്ധിപ്പിക്കുകയും വിതരണ ശൃംഖല ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യുകയും വേണം. കവലകളിലും, കൊടുംവളവുകളിവും സോഡിയം പേപ്പർ ലാംബ് സ്ഥാപിക്കണം. നിലവിലുള്ള കേടുപാടുകൾ പോക്കണം. എല്ലാ പ്രദേശങ്ങളിലും തെരുവുവിളക്കുകൾ സ്ഥാപിക്കണം. സാമൂഹ്യവിരുദ്ധന്മാരുടെയും തസ്കരന്മാരുടെയും ശല്യത്തെ ചെറുക്കാനുള്ള ഈ പദ്ധതിമൂലം ഊർജ്ജപ്രതിസന്ധിയുണ്ടാകാതിരിക്കാൻ സോളാർ പവ്വർ ഉപകരണങ്ങൾ, വൈദ്യുതി ലഭിക്കാവുന്ന കോംപാക്റ്റ്, ഫ്ളൂറസെൻറ് ലാംബ് ഇവ പ്രയോഗത്തിൽ വരുത്തണം.

ബയോഗ്യാസ് പ്ലാൻറുകൾ, റബർഷീറ്റുകൾ ഉണക്കുന്നതിനും മറ്റും ദക്ഷത കൂടിയ പുകപ്പുര...തുടങ്ങിയ മാർഗ്ഗങ്ങൾ അവലംബിച്ചാൽ ഊർജ്ജപ്രതിസന്ധിയില്ലാതാക്കാൻ കഴിയും. കൂടാതെ നമ്മുടെ പഞ്ചായത്തിൽ ഗാർഹികാവശ്യങ്ങൾക്കുപയുക്തമായ എൽ.പി.ജി.ഗ്യാസ് വിതരണം ചെയ്യുന്ന ഒരു ഏജൻസി തുടങ്ങാൻ സമ്മർദ്ദം ചെലുത്തണം.

വൈദ്യുതി ഉപയോഗികൽകുന്ന വീടുകളുടെ എണ്ണവും ശതമാനവും താഴെ ചേർക്കുന്നു.

ഫ്രിഡ്ജ്	325 വീടുകൾ (81%)
ഗ്രൈൻഡർ	115 വീടുകൾ (3%)
മിക്സി	493 വീടുകൾ (13%)
റേഡിയോ	2424 വീടുകൾ (62%)
ടി.വി.	605 വീടുകൾ (15%)
വാഷിംഗ്മെഷീൻ	61 വീടുകൾ (2%)

മാർക്കറ്റ്

കടപ്ലാമറ്റം പഞ്ചായത്തിൽ മാർക്കറ്റ് മേഖല അത്ര ഭേദമായ രീതിയിലില്ല. പഞ്ചായത്തിലെ ജനങ്ങൾ പുറം സ്ഥലങ്ങളിൽ നിന്നും മറ്റും ആവശ്യസാധനങ്ങൾ വാങ്ങുകയും ഉത്പന്നങ്ങൾ വിൽക്കുകയും ചെയ്യാറുണ്ട്. കടപ്ലാമറ്റം, വയലാ പ്രദേശങ്ങളിൽ ചെറിയ തോതിലുള്ള മാർക്കറ്റ് ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ അതിന്റെ പ്രസക്തിയും വ്യാപ്തിയും വീണ്ടും കുറഞ്ഞുവരുകയാണ്. പച്ചക്കറികളും പലവ്യജ്ഞനങ്ങളും യഥേഷ്ടം സാധാരണകടകളിൽ സ്ഥിരമായി സുലഭമായതും യാത്രാ സൗകര്യങ്ങൾ വർദ്ധിച്ചതുമാണ്. മാർക്കറ്റിന്റെ പ്രസക്തി നഷ്ടപ്പെടുത്തിയത്. കൂടല്ലൂർ, ചേർപ്പുങ്കൽ, കുറവിലങ്ങാട് എന്നീ സ്ഥലങ്ങളിലെ ഭേദപ്പെട്ട മാർക്കറ്റുകൾ ഒരു പരിധി വരെ നമ്മുടെ പഞ്ചായത്തിലെ "മാർക്കറ്റ് വിപുലതയെ" പണ്ടു മുതൽ തന്നെ സാരമായി ബാധിച്ചിരുന്നു.

കർഷകമക്കൾ കൂടുതലായി അധിവസിക്കുന്ന നമ്മുടെ ഗ്രാമത്തിൽ പഞ്ചായത്ത് മേൽനോട്ടത്തിൽ മാർക്കറ്റിംഗ് സൊസൈറ്റി രൂപവത്ക്കരിക്കുന്നത് അഭികാമ്യമാണ്.

കുടിവെള്ളം പൊതുജനാരോഗ്യം

കടപ്ലാമറ്റം പഞ്ചായത്തിലെ എല്ലാവാർഡുകളിലും പ്രത്യേകിച്ച് 1,2,5,6,7 വാർഡുകളിൽ രൂക്ഷമായ ജലക്ഷാമം ഉണ്ട്. കുറെ തോടുകളും, കിണറുകളും ഈ പഞ്ചായത്തിലൂടനീളമുണ്ടെങ്കിലും ആസൂത്രിതമായ പദ്ധതികളുടെ ആവിഷ്കരണക്കുറവും, ഭൂപ്രകൃതിയുടെ പ്രത്യേകതയും ചില ഘട്ടങ്ങളിൽ രൂക്ഷമായ ജലക്ഷാമത്തിന് കടപ്ലാമറ്റം പഞ്ചാത്ത് സാക്ഷ്യം വഹിക്കുവാനിടയാക്കുന്നു.

പഞ്ചായത്തിൽ ആകെ 135 പൊതു ടാപ്പുകളാണുള്ളത്. ഇവയിൽ പലതും ഉപയോഗയോഗ്യമല്ലാതായിരിക്കുന്നു. മിക്കയിടങ്ങളിലും പൈപ്പ് പൊട്ടിയൊഴുകുകയും തല്ഫലമായി ടാങ്കുകളിൽ ജലത്തിന്റെ അളവ് വളരെക്കുറയുകയും ചെയ്യുക പതിവായിരിക്കുന്നു. ജലസേചന വകുപ്പുദ്യോഗസ്ഥരുടെ അലംഭാവവും കെടുകാര്യസ്ഥയും ഒരു നല്ല പരിധിവരെ പ്രശ്നങ്ങൾ രൂക്ഷമാക്കുന്നു. വാട്ടർ അതോറിറ്റിയുമായി പഞ്ചായത്ത് ഉണ്ടാക്കിയിരിക്കുന്ന ധാരണയിൽ പ്രതിപാദിച്ചിരിക്കുന്നവയിൽ അമ്പതിനായിരത്തോളമുള്ള നികുതി (പഞ്ചായത്ത് വാട്ടർ അഥോറിറ്റിക്ക് നൽകേണ്ടത്) കാര്യത്തിലൊഴികെയുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുവാൻ സാധിക്കുന്നില്ല.

ആകെയുള്ള 9 പൊതുകിണറുകളിലും 9 പൊതുക്കുളങ്ങളിലും മിക്കവയും ഉപയോഗശൂന്യമായിത്തീർന്നിരിക്കുകയാണ്. ഹൗസ് കണക്ഷനകൾ കൊടുക്കുവാൻ ജലഅഥോറിറ്റി യെടുക്കുന്ന കാലതാമസവും കുടിവെള്ളപ്രശ്ന പരിഹാരത്തിനു വിഘ്നമാകുന്നു.

പഞ്ചായത്തിനധികാരം വേണം

ജലവിതരണകാര്യത്തിൽ ഉണ്ടാകുന്ന ജല അഥോറിറ്റിയുടെ അലംഭാവവും കടപ്ലാമറ്റത്തിന്റെ പ്രത്യേക ഭൂപ്രകൃതിയും കണക്കിലെടുത്ത് പഞ്ചായത്തിലെ കുടിവെള്ള പ്രശ്നപരിഹാരങ്ങൾ കണ്ടെത്തുന്നതിന് പഞ്ചായത്ത് കമ്മറ്റിക്ക് പൂർണ്ണമായ അധികാരം കൈമാറേണ്ടത് വളരെ അത്യാവശ്യമാണ്. ഹൗസ് കണക്ഷനുകൾ കൊടുക്കന്നതിനുള്ള പൂർണ്ണാധികാരം പഞ്ചായ്ത്തിനു കൈമാറിയാൽ അക്കാര്യങ്ങളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാനാകും.

പഞ്ചായ്ത്തിൽ ഒന്നലധികം സ്ഥലങ്ങളിൽ ടാങ്കുകൾ നിർമ്മിച്ച് ജലം സംഭരിക്കാനുള്ള സംവിധാനവും പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

ഗ്രാമസഭയിലുയർന്ന നിർദ്ദേശങ്ങളും പരാതികളും

നമ്മുടെ പഞ്ചായത്തിൽ നിലവിൽ സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകളിലും സ്വകാര്യ കണക്ഷനുകളിലും ആവശ്യമായ തോതിൽ വെള്ളം ലഭിക്കുന്നതിന് ഇന്നുള്ള പമ്പിംഗ് സംവിധാനം അപര്യാപ്തമാണ്. ഇപ്പോൾ കടപ്ലാമറ്റം - മരങ്ങാട്ടുപള്ളി പഞ്ചായത്തുകൾക്ക് പൊതുവായി രണ്ട് ജലസംഭരണികൾ മാത്രമാണുള്ളത്. ഇവയിൽ നിന്നുള്ള വെള്ളം കൊണ്ട് മുഴുവൻ ടാപ്പുകളിൽ ഒരേ സമയം വെള്ളം എത്തുകയില്ല. ആയതിനാൽ നിലവിലുള്ള പമ്പിംഗ് സിസ്റ്റത്തിൽ ഒരു പാരലൽ സംവിധാനം കൂടി ഏർപ്പെടുത്തുകയും കൂടുതൽ വിതരണ ടാങ്കുകൾ നിർമ്മിക്കുകയും ചെയ്താൽ മാത്രമേ എല്ലായിടത്തും വെള്ളം എത്തിക്കാൻ കഴിയുകയുള്ളൂ. ഇതാനാവശ്യമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി അയക്കുകയും തദ്വാര പൊതുവിതരണവും, സ്വകാര്യ വിതരണവും നല്ല നിലയിലെത്തുകയും ചെയ്യും.

1. നിലവിലുള്ള പൈപ്പുലൈനുകൾ കേടുപാടുകൾ തീർത്ത് ഉപയോഗ യോഗ്യമാക്കുക.
2. ഇപ്പോഴുള്ള വ്യവസ്ഥിതി മാറ്റി ചുരുങ്ങിയത് 10 വീടുകൾക്കെങ്കിലും ഒരു ടാപ്പ് കിട്ടത്തക്കവിധം കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുക.
3. (a) 1-ാം വാർഡിലെ ഇലയ്ക്കാട് 'മുണ്ടുചിറയിൽ' കുളം ഇപ്പോൾ മലിനമായി കിടക്കുകയാണ്. അതിനു ചുറ്റുമതിൽ കെട്ടി തേകി വൃത്തിയാക്കിയാൽ ആ ഭാഗത്തുള്ള ജനങ്ങളുടെ വെള്ളത്തിന്റെ പ്രയാസം ഒരളവുവരെ കുറയ്ക്കുവാൻ സാധിക്കും. തിനാൽ അത്യാവശ്യമായി കുളം നന്നാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

   (b) 7-ാം വാർഡ് മലമ്പ്രദേശമാണ്. വളരെയധികം ജലക്ഷാമം നേരിടുന്ന ഭാഗമാണ്. ഇപ്പോൾ നിലവിലുള്ള പൈപ്പുലൈനിൽ എല്ലാസമയവും വെള്ളം കിട്ടാനുള്ള നടപടികൾ സ്വീകരിക്കണം. വാഹനങ്ങൾ വഴി കൂടുതൽ വെള്ളം എത്തിക്കുവാൻ റോഡുകളുടെ സൗകര്യം വർദ്ധിപ്പിക്കണം.

   (c) 6-ാം വാർഡിൽ പനച്ചകം, കൂടല്ലൂർ റോഡിൽ പുതിയ പൈപ്പുലൈൻ സ്ഥാപിച്ച് വെള്ളക്ഷാമം

പരിഹരിക്കുക.

(d) 8-ാം വാർഡിൽ ജലക്ഷാമം ഏറ്റവും രൂക്ഷമായ ഭാഗമായ പുഴ്ഴമറ്റം, പെട്ടപ്പുഴ, ലേഡീസ് ക്ലബ് ഭാഗത്തേയ്ക്കും ഉള്ളപൈപ്പു ലൈനിൽ എല്ലാ സമയവും വെള്ളം കിട്ടുവാനുള്ള സംവിധാനം നടപ്പാക്കുക.

4 പഞ്ചായത്തിൽ നിലവിലുള്ള പൈപ്പുലൈനിൽ എല്ലാസമയവും വെള്ളം കിട്ടുവാനുള്ള നടപടി സ്വീകരിക്കണം.

5 4-ാം വാർഡിൽ ഉപ്പം തൊഴുകയിൽ ഭാഗത്ത് എല്ലാവരും ഉപയോഗിക്കുന്നതും മലിനമായി കിടക്കുന്നതുമായ ഒരുകിണർ ഉണ്ട്. അത് നന്നാക്കി എടുത്താൽ പഞ്ചായത്തിൽ നിന്നും നടപടി സ്വീകരിക്കണം.

6. എല്ലാ വാർഡുകളിലും ആവശ്യത്തന് കിണറോ കിഴൽ കിണറോ നിർമ്മിച്ച് വെള്ളം ലഭ്യമാക്കണം. ആയതിലേയ്ക്ക് ടാങ്കുകെട്ടി മോട്ടോർ വച്ച്, അവിടെ നിന്നും പൈപ്പുവഴി വിവിധ ഭാഗങ്ങളിൽ ജലം ലഭ്യമാക്കണം.

7. പഞ്ചായത്തിലെ കച്ചറ തോട്ടിൽ ഒരു മിനി ഡാം നിർമ്മിച്ചാൽ സമീപ പ്രദേശങ്ങളിലെ കിണറുകളിലെ വെള്ളം വറ്റുകയില്ല. തന്മൂലം ജലസേചന സൗകര്യത്തോടൊപ്പം കുടിവെള്ള പ്രശ്നപരിഹാരവുമാകും.

8. നാല് - ആറ് വാർഡുകളുൾപ്പെടുന്ന പായസപ്പടി ഭാഗത്ത് പഞ്ചായത്തതിർത്തിവരെ പൈപ്പ് ലൈൻ ഇടേണ്ടതും, പൊതുടാപ്പ് അനുവദിക്കേണ്ടതുമാണ്.

9. ജലക്ഷാമം രൂക്ഷമായ വാർഡുകളിൽ "അന്തർജല സംഭരണി"കൾ സ്ഥാപിക്കണം.

10. 5-ാം വാർഡിൽ പുത്തനങ്ങാടി - വട്ടമല റോഡിൽ സ്ഥാപിച്ചിട്ടുള്ള ടാപ്പുകളിൽ നാളിതുവരെ വെള്ളം ലഭ്യമായിട്ടില്ല. ഈ ലൈനിൽ വെള്ളം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

പൊതുജനാരോഗ്യം

നമ്മുടെ പഞ്ചായത്തിൽ 1945-ൽ ബ:പൂവത്തുങ്കലച്ചന്റെ നേതൃത്വത്തിലുള്ള ജനകീയ പരിശ്രമം കൊണ്ട് സ്ഥാപിതമായതും പാലാ.ഗവ.ആശുപത്രി കഴിഞ്ഞാൽ മീനച്ചിൽ താലൂക്കിലെ പ്രധാനപ്പെട്ടതുമായ കടപ്ലാമറ്റം സർക്കാർ ആശുപത്രിയും, ഹോമിയോ ഡിസ്പെൻസറിയും (കടപ്ലാമറ്റം) സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. വയലായിൽ ഗവ.ആയുർവേദ ആശുപത്രിക്കു വേണ്ടി കെട്ടിടം എം.പി ഫണ്ട് ഉപയോഗിച്ച് പൂർത്തിയായിട്ടും (2 1/2 ലക്ഷം) നാളിതുവരെ ടി ആശുപത്രി അനുവദിച്ചു നൽകിയിട്ടില്ല. എത്രയും വേഗം അനുവദിക്കേണ്ടതാണ്. കൂടാതെ സഹകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു മിഷൻ ആശുപത്രിയും (ബ: കുറിച്ചിയേലച്ചന്റെ മുൻകൈ എടുത്ത് പണിതീർത്തത്), രണ്ട് ഹോമിയോ ക്ലിനിക്കുകളും പൊതുജനങ്ങൾക്ക് ആശ്വാസമരുളുന്നു. ഹെൽത്ത് സബ്സെൻററുകളും നമ്മുടെ പഞ്ചായത്തിൽ രണ്ടിടത്തുണ്ട്. ഹോമിയോ ആശുപത്രി (2 ലക്ഷം രൂപയുടെ ഫണ്ട്, രമേശ്ചെന്നിത്തല) കെട്ടിടം പണിനടന്നു കൊണ്ടിരിക്കുന്നു.

ഈ പഞ്ചായത്തിലെ ഇടത്തരക്കാരിലും ഉയർന്ന വരുമാനക്കാരിലും ഭൂരിപക്ഷം (75%) പേർ ചികിത്സക്കായി പഞ്ചായത്തിനു വെളിയിലുള്ള ആശുപത്രിയെയാണ് സമീപിക്കുന്നതെങ്കിലും നല്ലൊരു ശതമാനം ആളുകൾ കടപ്ലാമറ്റം സർക്കാർ ആശുപത്രിയെ ആശ്രയിക്കുന്നവരാണ്. പ്രസ്തുത ആശുപത്രിക്കുവേണ്ടി ശ്രീ.കെ.എം.മാണി (മുൻ റവന്യൂ മന്ത്രി) അനുവദിച്ച 8 1/2 ലക്ഷം രൂപയും ശ്രീ.ജോയി നടുക്കര എം.പി അനുവദിച്ച 10 ലക്ഷം രൂപയും, പി.സി.തോമസ് എം.പി അനുവദിച്ച (2 ലക്ഷം) തുകയും കൂട്ടി ചേർത്ത് പൊതുജനങ്ങളുടെ താല്പര്യ പ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങളും മറ്റ് സജ്ജീകരണങ്ങളും, പഞ്ചായത്തിലെ ആരോഗ്യ മേഖലയെ 'സമ്പുഷ്ട'മാക്കുമെന്നതിൽ സംശയമില്ല.

സംസ്ഥാനത്തെ മറ്റു സ്ഥലങ്ങളിലുമെന്നപോലെ തന്നെ രോഗാതുരത പ്രകടിപ്പിക്കുന്ന ജനങ്ങൾ കടപ്ലാമറ്റം പഞ്ചായത്തിലും കുറവല്ല. താഴെ സൂചിപ്പിക്കുന്ന പട്ടികകളിൽ നിന്നും പഞ്ചായത്തിലെ ആരോഗ്യരംഗത്തെകുറിച്ച് ഏകദേശ ധാരണലഭിക്കുമെന്ന് വിശ്വസിക്കുന്നു.

പട്ടിക 2

പൊതുരോഗവിവരങ്ങൾ

ഔട്ട് പേഷ്യൻസിന്റെ എണ്ണം (ഹോമിയോ ഉൾപ്പെടെ)	19,761
തക്ക് രോഗം	2,400
വാതരോഗം	5,200
പകർച്ച വ്യാധികൾ	250
മറ്റുള്ള രോഗങ്ങൾ	11,961

സ്ഥായിയായ രോഗബാധിക്കൽ

1.	രക്തസമ്മർദ്ദമുള്ളവർ	-	15
2.	പ്രമേഹരോഗികൾ	-	36
3.	ക്യാൻസർ ബാധിച്ചവർ	-	02

4.	കുഷ്ഠരോഗികൾ	-	ഇല്ല
5.	ക്ഷയരോഗികൾ	-	03
6.	ഹൃദ്രോഗികൾ	-	6

പി.എച്ച്.സി പഞ്ചായത്തു കേന്ദ്രത്തിൽ ആരംഭിക്കണം

പൊതുജനാരോഗ്യവും പരിസ്ഥിതിയും

വർത്തമാനലാനുഭവത്തിൽ പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഊന്നൽ നൽകുവാൻ പഞ്ചായത്തിനെ പ്രേരിപ്പിച്ചിരിക്കുകയാണ്. മലിനജലം ഒഴുക്കന്നതിനുള്ള ഓടയുടെ അഭാവം കൊതുകുൾപ്പെടെയുള്ള സാംക്രമിക രോഗവാഹകരുടെ എണ്ണം വർദ്ധിപ്പിക്കുന്നു. പഞ്ചായത്ത് പ്രദേശം പ്രത്യേകിച്ച് കവലകൾ വൃത്തിയായി സൂക്ഷിക്കുന്നതിന് "പഞ്ചായത്ത് ഡ്യൂട്ടിഫിക്കേഷൻ" പ്രോഗ്രാം തയ്യാറാക്കുവാൻ പഞ്ചായത്ത് കമ്മറ്റി പരിഗണിക്കുന്നു. പരിസ്ഥിതി പ്രശ്നമുയർത്തിയതും ജനകീയ എതിർപ്പുകളുളവാക്കുകയും ചെയ്തു 'മെറ്റർ ക്രഷർ' യൂണിറ്റുകളെ സംബന്ധിച്ച കാര്യവും തർക്കവിഷയമാണ്. പൊതുജനാരോഗ്യ പ്രശ്നങ്ങളുയർത്തുമെന്നതിനാൽ പഞ്ചായത്തിൽ അത്തരം യൂണിറ്റുകൾക്ക് ലൈസൻസ് നൽകേണ്ടെന്നാണ് തീരുമാനം.

സാനിട്ടറി കക്കൂസുകളുടെ അഭാവം പൊതു ജനാരോഗ്യത്തിന് ഉയർത്തുന്ന പ്രശ്നങ്ങളും ചെറുതായി കാണാനാവില്ല. ഇതിനുള്ള പരിഹാരമായി സർക്കാർ അനുവദിച്ച തുക ഉപയോഗിച്ച് വിവിധ വാർഡുകളിൽ ശരാശരി ആളൊരണ്ണം വീതം കക്കൂസുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ, ജോയി നടുക്കര എം.പിയുടെ ഫണ്ടിൽ നിന്നും അനുവദിച്ചിരിക്കുന്ന തുക (ഏകദേശം 3 ലക്ഷം രൂപ) ഉപയോഗിച്ച് വിവിധ വാർഡുകളിലായി (കോളനികൾ) പണിയുന്ന കക്കൂസുകൾ കടപ്പാമറ്റം പഞ്ചായത്തിലെ പൊതുജനാരോഗ്യത്തെ കൂടുതിച്ചു ചാട്ടത്തിന് നിദാനങ്ങളായിത്തീരും.

. പഞ്ചായത്തിൽ പൊതുശ്മശാനമില്ലാത്തത് ചിലപ്പോഴെങ്കിലും ആരോഗ്യ പ്രശ്നങ്ങളുയർത്താറുണ്ട്. സ്വന്തമായി ആവശ്യത്തിന് സ്ഥലമില്ലാതെ മരിക്കന്നവരുടെ കാര്യത്തിലും രൂക്ഷമായ സാംക്രമിക രോഗത്താൽ മരിക്കുന്നവരുടെ കാര്യത്തിലും പൊതുശ്മശാനം ഒഴിച്ചുകൂടാനാവാത്തതാണ്.

ജീവനക്കാരെ (ഡോക്ടർമാർഉൾപ്പെടെ) സംബന്ധിച്ച വിവരം

ആരോഗ്യകേന്ദ്രം	ജീവനക്കാർ
കടപ്ലാമറ്റം ഗവ.ഹോസ്പിറ്റൽ	20
കടപ്ലാമറ്റം ഗവ.ഹോമിയോ ഡിസ്പെൻസറി	3
വയലാ ഗവ.ആയുർവേദ ആശുപത്രി (നിർമാണത്തിൽ)	
ലക്ഷ്മി ക്ലിനിക് വയലാ (ഹോമിയോ)	2
കടപ്ലാമറ്റം ഹോമിയോ ക്ലിനിക്	1
വയലാ മിഷൻ ആശുപത്രി	11

സാധ്യതകൾ

1. സർക്കാർവക ആരോഗ്യകേന്ദ്രങ്ങളുടെ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.
2. കടപ്ലാമറ്റം സർക്കാർ ആശുപത്രിവക ഒരു 'മൊബൈൽ ക്ലിനിക്' ആരംഭിക്കുക. അതിനായ് ഒരു ഡോക്ടറുടെയും, 2 നേഴ്സുമാരുടെയും, 2 നേഴ്സിംങ് അസിസ്റ്റൻറുമാരുടെയും സേവനം നീക്കിവയ്ക്കുക.

കക്കൂസുകൾ സംബന്ധിക്കുന്ന വിവരങ്ങൾ

വാർഡ്	സാനിട്ടറികക്കൂസുകൾ ഇല്ലാത്ത വീടുകൾ (എം.പി.ഫണ്ടിൽ നിന്നു മനുവദിച്ചവ ഒഴികെ)	വിവിധപദ്ധതികളായി അനുവദിച്ചവ	പൂർത്തീകരിച്ചവ കുടുംബങ്ങൾ	ഇനിയും വേണ്ടവ
1	125	5	-	120
2	113	5	-	108
3	080	5	-	075
4	061	5	-	56
5	094	5	1	89
6	062	5	-	57
7	079	5	-	74
8	080	5	-	75

3. ആരോഗ്യ പരിപാലനം ലക്ഷ്യമാക്കി എല്ലാ വാർഡുകളിലും അംഗൻവാടികളും, അംഗനവാടികളും ആപംഭിക്കുക.

4. അമ്മമാർക്കും, കുഞ്ഞുങ്ങൾക്കുമുള്ള രോഗപ്രതിരോധ ചികിത്സാ പദ്ധതികൾ ആവിഷ്കരിക്കുക.

5. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപഭോഗത്തിന് എതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

6. ദുർബ്ബല വിഭാഗങ്ങൾക്ക് സാനിട്ടറി കക്കൂസുകൾ നിർമ്മിക്കാനുള്ള വായ്പയോ, സബ്സിഡിയോ ലഭ്യമാക്കുക

ഗ്രാമസഭയുടെ നിർദ്ദേശങ്ങൾ

1. കടപ്ലാമറ്റം ടൗണിൽ ഓടകൾ നിർമിച്ച് മലിനജലം ഒഴുക്കിക്കളയുവാൻ ഉള്ള സംവിധാനം അത്യാവശ്യമായി ഉണ്ടാക്കുക.

2. പൊതുടാപ്പുകളിൽ വസ്ത്രമലക്ക്, കുളി, മൃഗങ്ങളെ കുളിപ്പിക്കൽ, തുടങ്ങിയവ കർശനമായി നിരോധിക്കുക.

3. പൊതു സ്ഥലങ്ങളിൽ മൂത്രപ്പുരകളും, കക്കൂസും സ്ഥാപിക്കുക.

4. വ്യവസായ വൽക്കരണത്തിന്റെ പേരിൽ ജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടാക്കുന്ന നീക്കങ്ങളെ ദുർബ്ബലപ്പെടുത്തുക. (അത്തരം വ്യവസായങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തുക).

5. റോഡുസൈഡുകളിൽ ചപ്പുചവറുകൾ നിക്ഷേപിക്കാതിരിക്കാൻ ആവശ്യമായ 'നിക്ഷേപകങ്ങ'ൾ സ്ഥാപിക്കുക.

6. കക്കൂസുകൾ ഇല്ലാത്ത വീടുകൾക്കെല്ലാം കക്കൂസുകൾ നിർമ്മിക്കാൻ സഹായധനം അനുവദിക്കുക.

7. കാട്ടമ്പള്ളി-ചേരവേലിൽ റോഡിലും, അച്ചുകുന്ന്-മാറൊഴിക, കല്ലൻചിറ-വാഴപ്പള്ളി, വാഴപ്പള്ളി-നങ്ങ്യാലിൽ, മൂലയ്ക്കാട്ടുമറ്റം - കുറുക്കൻകുന്ന്, വാഴക്കാലാകോളനി-കുന്നത്ത്, കീറ്റുപ്ലാക്കിൽ-മൂലക്കോണം, നെച്ചിമറ്റം-കടുവാക്കുഴി, പാളയം-കൈക്കോളി, പാളയം-മുരിങ്ങോത്തു കുന്നുംപുറം സെറ്റിൽമെൻറ് കോളനി, കുവള്ളൂർ കുന്ന് - അഞ്ചാനി, പുതുപ്പള്ളി നിരപ്പ്-അഞ്ചാനി, ആശുപത്രിപ്പടി - ചുണ്ടെലിക്കാട്ട്, മണ്ണാത്തിക്കുഴി-പുതിയിടത്തു നിരപ്പിൽ, കീറ്റുപ്ലാത്തിൽ-തലനിൽക്കും തറപ്പിൽ, ഇട്ടിയേപ്പാറ-കുരീച്ചിറ, വൈക്കത്തേട്ട്-പുല്ലാനിപ്പടി, കൊശപ്പള്ളി-പായസപ്പടി വായനശാലാ ജംഗ്ഷൻ, ഹോസ്പ്പിറ്റൽ-കാഞ്ഞിരപ്പാറ, പുത്തനങ്ങാടി-വട്ടമല, കാവുംകുഴി-വെടിക്കുന്ന് എന്നീ റോഡുകളിലെ പൈപ്പു ലൈനുകൾ നീട്ടി ആവശ്യമായ പൊതുടാപ്പുകൾ സ്ഥാപിക്കുക.

പാർപ്പിടവും സാമൂഹ്യക്ഷേമവും



മുൻകാലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കടപ്പാമറ്റം പഞ്ചായത്തിലെ പാർപ്പിട സൗകര്യങ്ങൾ സാമാന്യം തൃപ്തികരണമാണെന്ന് പറയാമെങ്കിലും, കടത്തിണ്ണയിലും പുറമ്പോക്കുകളിലും പ്രകൃതിയോട് മല്ലിട്ടുജീവിക്കുന്ന പാവങ്ങളുടെ ദുരിതാവസ്ഥയിലേയ്ക്ക് വിരൽ ചൂണ്ടാതിരിക്കാനാവില്ല. വാർഡുകളിൽ നിന്നും ലഭിച്ചിരിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പറയുകയാണെങ്കിൽ ഭവനരഹിതരായവരുടെ എണ്ണം തീരെ കുറവല്ല. സമീപകാലത്ത് ഗവൺമെൻറ് ആവിഷ്കരിച്ച പാർപ്പിട പദ്ധതി (രണ്ട് സെൻറ് സ്ഥലം കൈവശമുള്ളവന് 27000 രൂപ ലഭ്യമാകുന്നു. അതിൽ 9000 രൂപയോളം സബ്സിഡി ബാക്കി വരുന്ന തുക 20 വർഷം കൊണ്ട് വളരെ കുറഞ്ഞ പലിശ നിരക്കിൽ തിരിച്ചടച്ചാൽ മതി) നിമിത്തം ഒരു പറ്റം ആളുകൾക്ക് അന്തിയുറങ്ങൾ സ്വന്തമായി വീടുകളുണ്ടായിട്ടുണ്ടെങ്കിലും ഇനിയും അക്കാര്യത്തിലേയ്ക്ക് ശ്രദ്ധ പതിപ്പിക്കേണ്ടതായിട്ടുണ്ട്.

പഞ്ചായത്തിലാകമാനം നോക്കുമ്പോൾ രജിസ്ട്രേഷൻ നൽകിയിട്ടുള്ള 3551 കെട്ടിടങ്ങളുണ്ട്. ഇതിൽ 485 എണ്ണം കോൺക്രീറ്റും 2267 എണ്ണം

കെട്ടിടം സംബന്ധിച്ച വിവരങ്ങൾ

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽകൂടുതൽ നില	ഒരുനിലയുള്ള കെട്ടിടങ്ങൾ			
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
1	494	5	34	318	142	
2	358	3	62	219	77-	
3	629	7	144	370	108	7
4	335	7		28	251	56
-						
5	426	2	31	292	103	-
6	386	4	61	243	69	13
7	553	25	78	316	147	12
8	370	4	49	258	46	17

ഭവന നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ

വാർഡ്	വീട് ആവശ്യമുള്ള വരുടെ എണ്ണം	വിവിധ പരിപാടികളിലായി അനുവദിച്ചിരിക്കുന്ന	പൂർത്തിയായ വീടുകൾ	പണിപൂർത്തിയാക്കാത്തവ	ഇനിയും അനുവദിക്കേണ്ടവ
1	70	9	5	4	61
2	20	4	1	3	16
3	89	16	11	5	73
4	46	5	3	2	41
5	57	5	2	3	52
6	27	4	3	1	23
7	140	5	2	3	135
8	78	7	6	1	71
ആകെ	527	55	33	22	472

ഓട്മേഞ്ഞതും 722 എണ്ണം ഓലമേഞ്ഞതും ആണ്. പഞ്ചായത്തിലെ കെട്ടിടങ്ങളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.

ലഭ്യമായ കണക്കുകളനുസരിച്ച് പഞ്ചായത്തിലുള്ള ഭവനങ്ങളിൽ 65% വീടുകൾ മാത്രമാണ് ഇപ്പറയുന്ന സൗകര്യങ്ങൾ സാമാന്യമായുള്ളതും. 21 പേർ ഹൗസിംഗ് സഹകരണസംഘം വഴിയായി മൊത്തം 1255000 രൂപയുടെ ഭവന വായ്പയെടുത്തിട്ടുണ്ട്.

ഓലമേഞ്ഞ പുരകൾ രണ്ടുവർഷത്തിലൊരിക്കലെങ്കിലും പുതുക്കികെട്ടേണ്ടതായിട്ടുണ്ട്. പക്ഷേ ഓലയുടെയും മറ്റും അനിയന്ത്രിതമായ വിലവർദ്ധനവ് ഇതിന് വിഘ്നം നിൽക്കുന്നു. ഓലപ്പുരകൾ ഓലമേഞ്ഞവയാക്കുകയും, പഴയ കെടിട്ടങ്ങൾ പുതുക്കിപ്പണിയുകയാണ് ഭവന നിർമ്മാണരംഗത്ത് അനുപേക്ഷണീയമായിട്ടുള്ളത്.

കടപ്ലാമറ്റം പോലുള്ള (കൃഷിയധിഷ്ഠിത വികസന പ്രദേശം) ഗ്രാമങ്ങളിൽ പുത്തൻ വീടുകളുണ്ടാക്കുകയെന്നത് അത്യന്തം ദുഷ്കരമായ ഒന്നാണ് പ്രത്യേകിച്ച് താഴ്ന്ന വരുമാനമുള്ള മേൽത്തട്ടുകാർക്കും, പട്ടികജാതി/വിഭാക്കാർക്കും. നാഗരിക ജീവിതത്തിന്റെ കടന്നുകയറ്റവും, വിദേശപണത്തിന്റെ കുത്തൊഴുക്കും കടപ്ലാമറ്റം പഞ്ചായത്തിലെ സ്ഥലത്തിന്റെ ശരാശരി വില്പന നിരക്ക് വർദ്ധിപ്പിച്ചിരിക്കുകയുമാണ്. തന്മൂലം ഭവനനിർമ്മാണം അത്യന്തം ദുഷ്കരമായ ഒരു ജോലിയായിരിക്കുന്നു. നല്ല പണിക്കാരെ കിട്ടാനില്ല. ആശാരിമാരുടെ പ്രതിദിന വേതനം 150 രൂപയാണ്. മൈക്കാടുപണിക്കാരാകട്ടെ 100 രൂപയിൽ കൂടുതൽ പ്രതിദിനവേതനം ആവശ്യപ്പെടുന്നു. തമിഴ്നാട്ടിൽ നിന്നും മറ്റും വന്നിട്ടുള്ള മേസ്തിരിമാരും നാടൻ പണിക്കാരുടെ ശൈലി തന്നെ അവലംബിക്കുന്നു. സാങ്കേതിക വൈദഗ്ധ്യമുള്ളവരുടെ അഭാവം വീടുപണിയുടെ സംഘാടനത്തിലും, നിർവ്വഹണത്തിലും അധികച്ചെലവുണ്ടാകുന്നതിന് നിമിത്തമാകുന്നു. മെച്ചപ്പെട്ട സാങ്കേതിക സഹായം ലഭ്യമാക്കുന്ന ഏജൻസികൾ നമ്മുടെ പഞ്ചായത്തിലില്ലാത്തതാണിതിന് കാരണം.

കെട്ടിടം പണിയാനുള്ള സാമഗ്രികൾക്കെല്ലാം വമ്പിച്ച വിലക്കയറ്റമാണ്. സിമിൻറും, മണലും പൂർണ്ണമായും ഇറക്കുമതി (അന്യ സ്ഥലത്തുനിന്നും) ചെയ്യണം. കരിങ്കൽ, ഹോളോബ്രിക്സ് എന്നിവ ലഭ്യമാണെങ്കിലും വിലനിലവാരം പലപ്പോഴും താങ്ങാവുന്നതിലേറെയാണ്. ഗതാഗത നിരക്കിലുണ്ടാവുന്ന അഭൂതപൂർവ്വമായ കുതിച്ചുകയറ്റവും പ്രതികൂലഘടകമായിത്തീരുന്നു. ചിലവു കുറഞ്ഞ രീതിയിൽ കെട്ടിട-സാമഗ്രികൾ ഉത്പാദിപ്പിക്കാനുതകുന്ന സംവിധാനം (വ്യവസായ യൂണിറ്റ്) സഹകരണ-പൊതുമേഖലാ തലത്തിൽ തുടങ്ങുക മാത്രമാണിതിനുള്ള ഏക പോംവഴി.

കക്കൂസും, പുകയില്ലാത്ത അടുപ്പും പണിയുന്നതിനുള്ള പരിശീലനം പണിക്കാർക്കും, തൊഴിൽ രഹിതർക്കും നൽകുന്ന സംവിധാനം രൂപപ്പെടുത്തിയെടുക്കണം. ചെലവുകുറഞ്ഞതും, സൗകര്യപ്രദവുമായ വീട് നാട്ടിൽ ലഭ്യമായ വസ്തുക്കളുപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള പരിശീലനവും നൽകണം. ഇതുമൂലം പാവപ്പെട്ടയാളുകളുടെ 'ഭവനനിർമ്മാണ' സങ്കല്പങ്ങൾ പൂർത്തീകരിക്കാനാവും.

വീടു നിർമ്മിക്കുന്നതിന് വായ്പയും സാമ്പത്തിക സഹായവും നൽകുന്ന നിരവധി ഏജൻസികൾ ഇന്ന് നിലവിലുണ്ട്. ഇവയിൽ ഏറ്റവും പ്രദാനപ്പെട്ടതും ഗ്രാമീണജനങ്ങൾക്ക് ഗുണപ്രദവുമായ ഹൗസിംഗ് സൊസൈറ്റികൾ വഴി ഭവനനിർമ്മാണരംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കാനാവും. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് കാലകാലങ്ങളിൽ എടുക്കുന്ന നയങ്ങൾ സാധാരണ ജനങ്ങൾക്കനുയോജ്യ പദ്ധതികളാക്കി മാറ്റുവാനും അതുമൂലം നമ്മുടെ പഞ്ചായത്തിലെ ഭവനരഹിതർക്ക് ആശ്വാസമരുളാനും ഇത്തരം ഏജൻസികൾക്കാവും. മിക്കവാറും ഹൗസിംഗ് ബോർഡും മറ്റും നല്കുന്ന വായ്പാസൗകര്യം ഉദ്യോഗസ്ഥ അലംഭാവം നിമിത്തം സാധാരണക്കാരന് നിഷേധിക്കപ്പെടുന്ന അവസ്ഥയാണിന്നുള്ളത്. ഇതിന് പരിഹാരം കണ്ടെത്തുവാൻ പഞ്ചായത്ത് വഴി ബദൽ സംവിധാനം ഏർപ്പെടുത്തണം.

സാമൂഹ്യക്ഷേമം

ഐശ്വര്യപൂർണ്ണവും ആരോഗ്യകരവുമായ സാമൂഹ്യ വ്യവസ്ഥിതിക്കുവേണ്ടി പൊതുവിഭവങ്ങൾ സന്തുലിതമായി വിതരണം ചെയ്യുന്നതാണ് സാമൂഹ്യക്ഷേമത്തിന്റെ അളവുകോൽ. ദാരിദ്ര നിർമ്മാർജ്ജനത്തിനായും മറ്റും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികളും, തൊഴിലാളി ക്ഷേമനിധി ബോർഡുകൾ ആവിഷ്കരിക്കുന്ന പരിപാടികളും പൊതുവിതരണ സമ്പ്രദായവുമൊക്കെയാണ് ഇന്ന് ഈ രംഗത്ത് നിലവിലുള്ള പദ്ധതികൾ.

സഹായ പദ്ധതികൾ പ്രധാനമായും നടപ്പിലാക്കുന്നത് ബ്ലോക്കിലൂടെയാണ്. നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യങ്ങളുമായി തട്ടിച്ചുനോക്കു

മ്പോൾ സർക്കാർ പദ്ധതികൾ തീരെ അപര്യാപ്തമാണ്. പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, ആവശ്യ സമയത്ത് സഹായധനം ലഭ്യമാകായ്മ, നിയമക്കുരുക്കുകൾ എന്നിവ ക്ഷേമപദ്ധതികളുടെ സമ്പൂർണ്ണ വിജയത്തിന് വിലങ്ങുതടികളാകുന്നു.

വിശദമായ പരിശോധനയിൽ നിന്നും കടപ്ലാമറ്റം പഞ്ചായത്തിലെ ജനങ്ങളുടെ പ്രശ്നങ്ങളിൽ ചെറിയൊരു ശതമാനം മാത്രമാണ് പരിഹൃതമായിട്ടുള്ളതെന്ന് തെളിയിക്കുന്ന താഴെ കൊടുക്കുന്ന പട്ടികകൾ ഇതിന് ഉപോത്ബലകങ്ങളാകുന്നു

ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ നിന്നും തെരെഞ്ഞെടുത്തവർക്ക് ട്രൈസം പദ്ധതിപ്രകാരം നൽകുന്ന തൊഴിൽ പരിശീലനം സംബന്ധിച്ച വിവരങ്ങൾ

പരിശീലനം നേടിയ തൊഴിൽ	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പെട്ടവർ
1.നെയ്ത്ത്	4	2	2
2.ഇലക്ട്രീഷ്യൻ	2	-	2
3. കംപോസിംഗ്	1	-	1
4. ഓട്ടോമൊബൈൽ	2	1	1
5. അപ്ഹോൾസ്ട്രി	2	-	2
6. വുഡ്കാർവിംഗ്	-	1	-

കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിൽ ഇലയ്ക്കാട്, കിടങ്ങൂർ എന്നീ വില്ലേജുകളിലായി വിവിധ വകുപ്പുകളിൽ പെടുത്തി ഏതാനും പേർക്ക് പെൻഷനും മറ്റ് സഹായധനവും ലഭിക്കുന്നുണ്ട്. പെൻഷൻ രജിസ്റ്റർ പ്രകാരമുളവ പട്ടികയാണ് ചുവടെ ചേർക്കുന്നത്.

വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യ പെൻഷൻ	ക്ഷയരോഗി പെൻഷൻ	കാൻസർ രോഗി പെൻഷൻ	കർഷകതൊഴിലാളി പെൻഷൻ	തൊഴിലില്ലായ്മ വേതനം
45	16	7	2	3	92	200

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന കണക്കുകൾ കാലാകാലങ്ങളിൽ മാറ്റത്തിന് വിധേയമാകുന്നവയാണ്. കൃത്യമായ കണക്കുകൾ ഗവൺമെൻറിൽ ബോധിപ്പിക്കുന്നുണ്ടെങ്കിലും പെൻഷൻ കാര്യത്തിലുൾപ്പെടെ യാതൊന്നിലും ആവശ്യമായ ശ്രദ്ധ പതിപ്പിക്കുന്നതിൽ മാറിമാറി വരുന്ന ഗവൺമെൻറുകൾ പരാജയപ്പെടുന്നു. ഇതിനൊരു പരിഹാരമെന്ന നിലയിൽ ഒരു നിശ്ചിത തുക സർക്കാരിൽ നിന്നും വാങ്ങിച്ചെടുക്കുന്നതിലും അവ യോഗ്യതാനുസൃതം വിതരണം ചെയ്യുന്നതിനും പഞ്ചായത്തിനു കഴിയണം. പെൻഷനുകൾ, ധനസഹായം എന്നിവയുടെ വിതരണംപോലെ തന്നെ സുപ്രധാനമായ പൊതുവിതരണ രംഗത്തിൻറെയും (റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ) നിയന്ത്രണം പഞ്ചായത്തിലധിഷ്ഠിതമായാൽ ജനകീയാവശ്യങ്ങൾ യഥാസമയം ഫലപ്രദമായി പൂർത്തീകരിക്കാനാവും.

ഐ.ആർ.ഡി.പി. സർവ്വേപ്രകാരം - ദാരിദ്ര്യരേഖയ്ക്ക് താഴെയുളവവരുടെ വിവരം (1995-96ലെ കണക്കുപ്രകാരം)

വാർഡ് നമ്പർ	ആകെ കുടുംബങ്ങളുടെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ എസ്.സി/എസ്.റ്റി. കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ എസ്.എസ്റ്റി.	സഹായം ലഭിച്ചതുവഴി ദാരിദ്ര രേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	122	8	12	7	4	118
2	141	3	6	3	3	138
3	235	10	15	5	8	227
4	140	6	13	6	7	133
5	155	2	5	2	3	152
6	106	2	6	2	3	103
7	123	3	12	1	9	114
8	142	2	7	2	4	138
ആകെ	1164	36	76	28	41	1123

പാർപ്പിടം, സാമൂഹ്യക്ഷേമം എന്നിവയെക്കുറിച്ച് വിവിധ ഗ്രാമസഭകളിൽ നടന്ന ചർച്ചകളിൽ നിന്നുരുത്തിരിഞ്ഞ ആശയങ്ങൾ നിർദേശങ്ങളുടെ രൂപത്തിൽ താഴെ ചേർക്കുന്നു.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ സ്വന്തമായി വീടില്ലാത്ത എല്ലാവർക്കും സ്വന്തമായി വീടും കക്കൂസും നിർമ്മിച്ചുകൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

2. കക്കൂസുകളില്ലാത്ത വീടുകളിൽ അതു നിർമ്മിക്കുവാനാവശ്യമുള്ള സംവിധാനം ഉണ്ടാക്കുക.

3. എല്ലാ വീടുകളിലും കുടിവെള്ളവും വൈദ്യുതിയും ഉറപ്പാക്കുക

4. അംഗൻവാടികൾ ഇല്ലാത്ത വാർഡുകളിൽ അംഗൻവാടികൾ സ്ഥാപിക്കുക

5. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഭവനങ്ങളിലെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ആവശ്യമായ സഹായം പഞ്ചായത്ത് ഉറപ്പുവരുത്തുക.

6. കുടുംബ ബഡ്ജറ്റുകൾ തയ്യാറാക്കാനും പണം ആരോഗ്യകരമായി ചിലവഴിക്കാനും പഞ്ചായത്തിലെ ജനങ്ങൾക്കു ബോധവൽക്കരണം നല്കുക.

7. വാർഡ് അടിസ്ഥാനത്തിൽ, വാർഡ് മെമ്പറുടെ നേതൃത്വത്തിൽ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ ചെറു സംഘങ്ങൾ രൂപീകരിക്കുക.

8. വികലാംഗർ, വിധവകൾ, അനാഥർ എന്നിവരുടെ സംരക്ഷണം, തൊഴിൽ എന്നീ കാര്യങ്ങൾ ഉറപ്പു വരുത്തുക.

9. നമ്മുടെ പഞ്ചായത്തിൽ സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ വ്യാജവാറ്റും, വ്യാജമദ്യവിതരണവും പൂർണഅണമായി ഇല്ലാതാക്കാൻ ശക്തമായ നടപടികൾ കൈകൊള്ളുക.

10. പഞ്ചായത്തിലെ പ്രധാന കവലകളോടനുബന്ധിച്ച് പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.

കടപ്ലാമറ്റം പഞ്ചായത്തിൽ രാജീവ് ദശലക്ഷ പാർപ്പിടപദ്ധതിപ്രകാരം ഹൗസിംഗ് ബോർഡ് പണികഴിപ്പിച്ച 50 വീടുകളുടെ ഉൽഘാടനം റവന്യൂ ഭവന നിർമ്മാണ വകുപ്പു മന്ത്രി (1991-95) കെ.എം. മാണി നിർവ്വഹിക്കുന്നു. ഹൗസിംഗ് ബോർഡ് ചെയർമാൻ (1991-95) വി.റ്റി. സെബാസ്റ്റ്യൻ, ജോയി കല്ലുപുര, ഹൗസിംഗ് ബോർഡ് മെമ്പർ (1991-95) തോമസ് കുന്നപ്പള്ളി, ജോസഫ് മുല്ലൂർ എന്നിവർ സമീപം

സംസ്ക്കാരം

സാസ്കാരിക കേരളത്തിന്റെ തിലകക്കുറിയായി നിലനിൽക്കുന്ന മീനച്ചിൽ താലൂക്കിൽപ്പെട്ട കടപ്ലാമറ്റം പ്രദേശം പണ്ടുമുതൽ തന്നെ കലാ-കായിക-സാസ്കാരിക രംഗങ്ങളിൽ നിർണ്ണായക മികവ് പുലർത്തിയിരുന്നു. വ്യത്യസ്ത വസ്ത്രധാരണരീതികളും ആചാരാനുഷ്ഠാനങ്ങളും അവലംബിച്ചിരുന്ന ഹിന്ദു-ക്രിസ്ത്യൻ സമൂഹവും അവയുടെ ഉപവിഭാഗങ്ങളും ഒരുമയോടെ ജീവിച്ചുപോന്ന ഈ പ്രദേശം അതുകൊണ്ടു തന്നെ വ്യത്യസ്തങ്ങളായ സാംസ്കാരിക പൈതൃകങ്ങളുടെ സമന്വയ സ്ഥലമായിരുന്നു.

ഞരളപ്പുഴ ശ്രീധർമ്മശാസ്ത്ര ക്ഷേത്രമടക്കം 10 ക്ഷേത്രങ്ങളും 5 ക്രിസ്ത്യൻ ഇടവക ദേവാലയങ്ങളും 7 കുരിശുപള്ളികളും, ഗുരുമന്ദിരവുമുൾപ്പെടെയുള്ള മറ്റ് ആരാധനാലയങ്ങളും ഈ പഞ്ചായത്തിന്റെ സാംസ്കാരിക തനിമ നിലനിർത്തുന്നു. പണ്ടുമുതൽ സാംസ്കാരികത്തിന്റെ കേന്ദ്രബിന്ദുക്കളായി പ്രശോഭിച്ചു നിന്നിരുന്ന പ്രസ്തുത ആരാധനാലയങ്ങളിലെ ഉത്സവവും പെരുന്നാളുകളും അടക്കമുള്ള ആഘോഷങ്ങളിലും സാംസ്കാരിക സമ്മേളനങ്ങളിലും ജാതി-മത-വർഗ്ഗ-വർണ്ണഭേദമന്യേ ആളുകൾ പങ്കെടുക്കുന്നു.

കടപ്ലാമറ്റം പഞ്ചായത്തിന്റെ സാംസ്കാരിക പൈതൃകത്തെക്കുറിച്ചുള്ള ബൃഹത്തായ പഠനത്തേക്കാൾ നിലവിലുള്ള അവസ്ഥയിലേക്ക് കടന്നുവരുന്നതാണുചിതമെന്ന് തോന്നുന്നു. നമ്മുടെ പഞ്ചായത്തിലെ എട്ടു വാർഡുകളിലായി പന്ത്രണ്ട് സാംസ്കാരിക കേന്ദ്രങ്ങൾ (ഗ്രന്ഥശാലയുൾപ്പെടെ) പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ പലതിന്റെയും പ്രവർത്തനം തികച്ചും തൃപ്തികരമല്ല. വായനാശീലം വളരെയധികം കുറഞ്ഞുവരുന്നതായി ലൈബ്രറികളിലെ രജിസ്റ്ററിൽ നിന്ന് മനസ്സിലാക്കാം. പലപ്പോഴും മറ്റു മാധ്യമങ്ങളിലെ നന്മകൾ ഉൾക്കൊളവാതെ തിന്മകൾ സ്വാംശീകരിക്കുന്ന പ്രവണതയാണുള്ളത്. വായനശാലകളെ പുനരുദ്ധരിക്കേണ്ടതും വായനാശീലം വളർത്തിയെടുക്കുന്നതിലേയ്ക്കായി ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിക്കേണ്ടതും കാലഘട്ടത്തിനാവശ്യമാണ്.

കടപ്ലാമറ്റം പഞ്ചായത്തിലെ സാംസ്കാരികകേന്ദ്രങ്ങൾ

വാർഡ്	പേര്
1	1. ഗ്രാമീണവായനശാല, മടയകുന്ന്
	2. ഗ്രാമീണവായനശാല, കാവുങ്കൽ
	3. സാസ്കാരിക നിലയം, ഇലയ്ക്കാട് ഹരിജൻ (കോളനി)
2	ഇല്ല
3	1. വയലാ പബ്ലിക് ലൈബ്രറി, വയല
	2. ടി.വി.സെൻറർ, വയലാ ഹരിജൻ കോളനി
	3. ടി.വി.സെൻറർ, വാഴക്കാലാ കോളനി
4	പഞ്ചായത്ത് സാംസ്കാരിക നിലയം, നെല്ലിക്കുന്ന്
5	ഗ്രാമീണ വായനാശീലം, കടപ്ലാമറ്റം, ഗ്രന്ഥശാല
6	1. ശാന്തിനികേതൻ ലൈബ്രറി, വായനാശാല, ക്ലബ് പായസപ്പടി
	2. ഫാർമേഴ്സ് ക്ലബ്, വായനാശാല, പരിയാരമംഗലം
	3. ലാൽബഹാദൂർ ശാസ്ത്രി മെമ്മോറിയൽ വായനശാല മാറിയിടം
7	പടിഞ്ഞാറ്റിൻകര വായനശാല
8	ഇല്ല

എണ്ണത്തിൽ ഒട്ടും കുറവല്ലെങ്കിലും ഗ്രന്ഥശാലയുടെയും വായനശാലയുടെയും മറ്റും പ്രവർത്തനം ശോച്യാവസ്ഥയിലാണ്. പലരിൽ നിന്നും പുസ്തകങ്ങൾ

ശേഖരിച്ച് തുടങ്ങിയ ഗ്രന്ഥശാലകൾക്ക് പലതിനും സർക്കാർ അംഗീകാരവും ഗ്രാൻറും ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഗ്രാൻറ് ഉപയോഗിച്ച് വാങ്ങുന്ന പുസ്തകങ്ങൾ ചിലപ്പോഴെങ്കിലും നിലവാരം കുറഞ്ഞതും ധാർമ്മികാധഃപതനത്തിനും വഴിതെളിച്ചേക്കാവുന്നതുമാണ്. ഈ പ്രവണത മാറഅറിയെടുത്ത് ഉപകാരപ്രദമായ പുസ്തകങ്ങൾ വാങ്ങാൻ ശ്രദ്ധിക്കണം. സാങ്കേതിക കാരണങ്ങളാൽ സർക്കാർ അംഗീകാരം ലഭിക്കാത്തതിൻെറ പേരിൽ ഗ്രാൻറ് ലഭിക്കാത്തതുമൂലം വിഷമവൃത്തത്തിലായിരിക്കുന്നവയെ സഹായിക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കണം. പതിനഞ്ചോളമുള്ള ക്ലബുകളെ സഹായിക്കാനുള്ള നടപടികളും എടുക്കേണ്ടതാണ്.

വായനശാലകൾ സജീവമാക്കാൻ എല്ലാ വർഷവും ഓണത്തോടനുബന്ധിച്ചും മറ്റും മത്സരങ്ങൾ സംഘടിപ്പിക്കുകയും ബോധവത്കരണ സെമിനാർ നടത്തുകയും വേണം. സ്കൂളുകളിൽ പുസ്തകങ്ങൾ കൂടുതൽ വാങ്ങുവാൻ അധ്യാപക-രക്ഷകർതൃ സംഘടന മുന്നോട്ട് വരണം. കുട്ടികൾ വായനശാലകളുമായി ബന്ധപ്പെടുവാനുള്ള സംവിധാനം കണ്ടുപിടിക്കേണ്ടതാണ്. ഈവക കാര്യങ്ങൾ ശ്രദ്ധിച്ചാൽ മാത്രമേ നാളുകളിലെ സാംസ്കാരിക വളർച്ച യാഥാർത്ഥ്യമാകൂ..

ജനതയുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് കായിക സംസ്കാരം രൂപപ്പെടുത്തിയെടുക്കേണ്ടത് അത്യാവശ്യമാണ്. ലോക പോലീസ് മേളയിൽ സ്വർണ്ണമെഡൽ നേടിയ പി.വി.രാജു (വയലാ, പാറത്തൊട്ടി കുടുംബാംഗം) ഉൾപ്പെടെയുള്ള പ്രഗത്ഭ താരങ്ങളുടെ മാതൃപഞ്ചായത്തായ കടപ്ലാമറ്റത്ത് അതിൻെറതായ പരിഗണന ഇപ്പോൾ സ്പോർട്സിന് ലഭിക്കുന്നില്ല.

സ്പോർട്സ്/ഗെയിംസ് ക്യാംപുകൾ മുതൽ ശരീര സൗന്ദര്യം വർദ്ധിപ്പിക്കുന്നതിലേയ്ക്കുള്ള ജിംനേഷ്യം വരെ നമ്മുടെ നാടിനാവശ്യമാണ്. കേന്ദ്ര ഗവൺമെൻറ് സബ്സിഡിയോടെ മൾട്ടി ജിംനേഷ്യം നിർമ്മിക്കാൻ സാധിക്കും. ആണുങ്ങൾക്കും പെൺകുട്ടികൾക്കും ഇത്തരം ജിംനേഷ്യം ഉപയോഗിക്കാം.

കാലാനുസൃതമായി സ്പോർട്സ് മത്സരങ്ങൾ നടത്തേണ്ടതുണ്ട്. ഗ്രാമീണ സ്പോർട്സ് മത്സരങ്ങൾ, വനിതാ കായികമേള, ഓണക്കാല മത്സരങ്ങൾ, കേരളോത്സവം മുതലായ മേളകൾ ഗവൺമെൻറ് ധനസഹായത്തോടെ സംഘടിപ്പിക്കുന്നുണ്ടെങ്കിലും ഒന്നിനും ഗൗരവതരമായ പ്രാധാന്യം കൊടുക്കുന്നില്ല. ഉത്തരവാദിത്വത്തോടെ മത്സരങ്ങൾ നടത്തി അർഹരായവരെ ബ്ലോക്ക് തലത്തിലേയ്ക്കും ഉപരി തലങ്ങളിലേയ്ക്കും വിടുവാൻ കോട്ടയം ജില്ലാ സ്പോർട്സ് കൗൺസിലിൽ നിന്നും കോച്ചുമാരുടെ സേവനം ആവശ്യപ്പെടാവുന്നതാണ്. (നമ്മുടെ പഞ്ചായത്തിലെ ആറാം വാർഡിൽ പ്രശസ്ത കോച്ച് വെടിക്കുന്നേൽ ബേബി ജോസഫിൻെറ സേവനം അനൗദ്യോഗികമായി പഞ്ചായത്തിലെ കുട്ടികൾക്കു ലഭിക്കുന്നുണ്ടെന്ന വസ്തുത ഇത്തരുണത്തിൽ വിസ്മരിക്കുന്നില്ല)

ഗ്രാമസഭകളിലുയർന്ന പരാതികളും, നിർദേശങ്ങളും ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ലൈബ്രറി സജീവമായി പ്രവർത്തിപ്പിക്കണം.

2. നാടൻ കലാരൂപങ്ങൾ പരിപോഷിപ്പിക്കുന്നതിനായി അതിനനുയോജ്യമായ കളി സ്ഥലങ്ങൾ കണ്ടെത്തണം. ഉണ്ടായിരുന്ന പല കളിസ്ഥലങ്ങളും മറ്റു പല കാര്യങ്ങൾക്കായ് തിരിച്ചുവിട്ടിരിക്കുന്നു.

3. കാലാകാലങ്ങളിൽ ജനങ്ങളുടെ സാംസ്കാരികവും കായികവുമായ ഉന്നമനത്തിനായി സർക്കാരുകൾ നിർദേശിക്കുന്ന 'മേളകൾ' നടത്തുന്ന കാര്യത്തിൽ പഞ്ചായത്ത് കമ്മറ്റി വേണ്ടത്ര ശുഷ്കാന്തി കാണിയ്ക്കാറില്ല. ഇത് സാംസ്കാരിക അധഃപതനത്തിനു വഴി തെളിയ്ക്കുന്ന ഗൗരവപൂർവ്വമായ ഒരു പ്രവൃത്തിയാണ്.

ഉദാ. വനിതാകായികമേള, യുവജനമേള, കേരളോത്സവം, ഗ്രാമോത്സവം.

4. നമ്മുടെ പഞ്ചായത്തിലെ പഴയ കലാരൂപങ്ങളായ ഗരുഡൻ പറവ, അമ്മൻകുടം, തുടികൊട്ടിപ്പാട്ട്, മുടിയാട്ടം, ചെണ്ടമേളം, തിരുവാതിരകളി, കോലടി, വില്ലടിച്ചാൻ പാട്ട്, മാർഗ്ഗംകളി തുടങ്ങിയവ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. ഇവയെ നിലനിർത്തുവാനും ഭാവി തലമുറയ്ക്ക് ഇത് മനസ്സിലാക്കുവാനും വേണ്ട സഹായങ്ങൾ പഞ്ചായത്തു തലത്തിലുണ്ടാകണം.

5. പഞ്ചായത്ത് അതിരത്തിക്കകത്തുള്ള എല്ലാ വീടുകളിലും ലൈബ്രറി പുസ്തകങ്ങൾ എത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

ഉദാഹരണം: മൊബൈൽ ലൈബ്രറി

6. പഞ്ചായത്ത് പരിധിയ്ക്കകത്തുള്ള എല്ലാ അംഗീകൃത കലാ-കായിക സംഘടനകൾക്കും,വായനശാലകൾക്കും മതിയായ ഗ്രാൻറ് പഞ്ചായത്തിൽ നിന്നും അനുവദിക്കുക.

7. സ്പോർട്സ് കോച്ചിംഗ് സെൻറർ തുടങ്ങുകയും, കോച്ചുമാരുടെ സേവനം ആവശ്യപ്പെടുകയും ചെയ്യണം.

8. കലാ-കായിക അഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന് വാർഡ് തലങ്ങളിലും തുടർന്ന് പഞ്ചായത്ത് തലത്തിലും, പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കലാ-കായിക മത്സരങ്ങൾ വർഷം തോറും നടത്തുന്നതിന് സ്ഥിരം സംവിധാനമേർപ്പെടുത്തണം.

9. മേൽപ്പറഞ്ഞ തലങ്ങളിലുള്ള മത്സരങ്ങൾക്കു പുറമേ, പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പഞ്ചായത്തിന്റെ അതിർത്തിയ്ക്കകത്തുള്ള സ്ക്കൂളുകളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഇൻറർ സ്കൂൾ കലാ-കായികമേള വർഷംതോറും പ്രത്യേകം നടത്തേണ്ടതാണ്.

10. പഞ്ചായത്ത് തലത്തിൽ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഒരു കായിക പരിശീലന കേന്ദ്രം/ സ്കൂൾ സ്ഥാപിക്കുക.

11. ജനങ്ങളിൽ ദേശീയബോധവും, ദേശഭക്തിവികാരവും വളർത്തുവാനുതകുന്ന രീതിയിൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം തുടങ്ങിയ ദേശീയാഘോഷ ദിനങ്ങൾ വിപുലമായി ആചരിക്കുക.

12. പഞ്ചായത്തിലെ എല്ലാ കോളനികളിലും ആനുകാലികങ്ങളും, ദേശീയ പ്രാധാന്യമുള്ള ദിനപ്പത്രങ്ങളുമുള്ള റീഡിംഗ് റൂമുകളും അവയിൽ ടി.വി.സെറ്റുകളും സ്ഥാപിക്കുക.

13. നിലവിൽ വായനാശാലകളൊന്നുമില്ലാത്ത വാർഡുകളിൽ (2,8) പുതിയവ തുടങ്ങുവാൻ പഞ്ചായത്ത് മുൻകൈയെടുക്കണം.

വനിതാക്ഷേമം

ഇരുപതാം നൂറ്റാണ്ടിന്റെ അന്തിമഘട്ടത്തിൽ സ്ത്രീകളുടെ പ്രാധാന്യവും പങ്കും പുരുഷന്മാർക്ക് തുല്യമാണെങ്കിലും പരമ്പരാഗതമായ വേലിക്കെട്ടുകൾ പലപ്പോഴും സ്ത്രീ സ്വാതന്ത്ര്യത്തിന് വിലങ്ങുതടികളാകുന്നു. ആർഷസംസ്കാരത്തിന്റെ പേരിൽ സ്ത്രീയെ പുരുഷന്റെ 'താങ്ങു'മാത്രമായി ചിത്രീകരിക്കുവാൻ വെമ്പൽകൊണ്ട ഭാരത ചരിത്രത്തിൽ അതുകൊണ്ട് തന്നെ സ്ത്രീകളുടെ സാന്നിദ്ധ്യം ചിലയിടത്തുമാത്രമാണ് പ്രത്യക്ഷപ്പെടുന്നത്.

പുനരുജ്ജീവന വാദത്തിന്റെ പ്രവണതകൾ പ്രകടിപ്പിക്കുമ്പോഴും പഴമയുടെ സർവ്വനാഡികളും പുനരുന്മേഷം കണ്ടെത്താൻ ശ്രമിക്കുമ്പോഴും പുരുഷമേൽക്കോയ്മയെന്ന അധമ സംസ്കാരം ഉയർത്തിപ്പിടിക്കുവാൻ ശ്രമിക്കുന്നവർ ഇന്നും വിരളമല്ല. മാമൂലുകളുടെ കെട്ടുപാടുകൾക്കുള്ളിൽ സ്ത്രീയെ ദുർബലമാക്കി ഉമ്മറവാതിൽക്കൽ സ്ത്രീയുടെ സാന്നിദ്ധ്യം അശുഭ സൂചകമായി ചിത്രീകരിച്ച് ചരിത്ര സൃഷ്ടിയിൽ പുരുഷന്റെ സഹകാര്യതയുടെ ഭാഗമായി സ്ത്രീയെ അവതരിപ്പിക്കുകയും ചെയ്യുന്ന പ്രവണതകൾ പൊട്ടിച്ചെറിഞ്ഞ് ഉയിർത്തെഴുന്നേൽപ്പിന്റെ മാറ്റൊലി അടുത്ത നാളുകളായി ഉയർന്നുകേൾക്കുന്നുണ്ട്.

പഞ്ചായത്ത്‌രാജിലൂടെ നല്ലൊരു ശതമാനം വനിതകൾ സമൂഹത്തിന്റെ പൊതുധാരയിലേക്ക് നിർബന്ധിതമായി എത്തിയിട്ടുണ്ടെങ്കിലും അടുക്കള വാതിലിനപ്പുറത്തെ ലോകവുമായി താതാത്മ്യം പ്രാപിക്കാനിഷ്ടപ്പെടാത്ത അനേകമായിരം നാരീമണികളെ കണ്ടെത്തുക പ്രയാസമുളവാക്കുന്ന കാര്യമല്ല. ഈ മാനസികാവസ്ഥ ചൂഷണം ചെയ്യുവാൻ പുരുഷവർഗ്ഗവും ശ്രമിക്കായ്കയില്ല. ഇതിനുത്തമമായ ഉദാഹരണമാണ് നിയമനിർമ്മാണ സഭകളിലെ നാമമാത്രമായ വനിതാപ്രാതിനിധ്യം (കേരളത്തിലെ എം.പി.മാരിൽ സ്ത്രീ പ്രാതിനിധ്യമേയില്ല) പ്രവർത്തന പരിചയവും, കായികശേഷിയും പുരുഷനേക്കാൾ താരതമ്യേന കുറവാണെങ്കിലും സമൂഹത്തിന്റെ നെറുകയിലേക്ക് വനിതകൾ സധൈര്യം ഇറങ്ങിത്തിരിക്കേണ്ട സമയം ആയിക്കഴിഞ്ഞു. ആധുനിക ഉപഭോഗസംസ്കാരത്തിന്റെ ഭാഗമായ മോഡലിംഗും, സൗന്ദര്യമത്സരവും സ്ത്രീത്വത്തിന്റെ വിലതകർത്തുകൊണ്ട് മുന്നേറുന്ന 'അണുബോംബു'കളായി മാറിയിരിക്കുകയാണ്. സ്ത്രീയെ വിപണി കണ്ടെത്താനുള്ള ഉപാധിയാക്കി മാറ്റുന്ന കാലഘട്ടമാണിത്. സ്ത്രീ



യുടെ ബുദ്ധിയേയും കഴിവുകളെയും തൃണവൽക്കരിച്ചുകൊണ്ട് ശരീര വടിവുകളുടെ പ്രദർശനം മാത്രമാക്കി ഒതുക്കി നിർത്തുന്ന ഗൂഢത വ്യാപിച്ചിരിക്കുകയാണിപ്പോൾ. സ്ത്രീയെ പ്രദർശന വസ്തുവാക്കുന്ന കമ്പോള സംസ്കാരത്തിനെതിരെ പ്രതിരോധനിര കെട്ടിപ്പൊക്കുകയെന്നതാണ് ഏതൊരു സ്ത്രീയുടെയും മുന്നിലുള്ള പ്രധാനവിഷയം.

നമ്മുടെ പഞ്ചായത്തിൽ ജനസംഖ്യയുടെ 49.44 ശതമാനം സ്ത്രീകളാണ്. പക്ഷേ ജനസംഖ്യാനുപാതം സൂചിപ്പിക്കുന്നതിനേക്കാൾ വലിയ അന്തരം മിക്ക മേഖലകളിലും കണ്ടെത്താനാവും. പഞ്ചായത്തിലെ സ്കൂളുകളിലെ അധ്യാപകരുടെ കാര്യത്തിലും മറ്റ് സർക്കാർ-സഹകാര്യ അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യത്തിലും വനിതകൾക്ക് വളരെ വ്യക്തമായ മുൻതൂക്കമുണ്ടെങ്കിലും സാമൂഹിക സമത്വം യാഥാർത്ഥ്യമായിട്ടില്ലെന്നതാണ് വാസ്തവം.

നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളുടെ വിദ്യാഭ്യാസനിലവാരത്തിലുള്ള പുരോഗതിമൂലം അവർ ജീവിതത്തിന്റെ വിവിധ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കത്തക്കവിധം ബോധവതികളും സ്വാതന്ത്ര്യതല്പരരും, കർമ്മ നിരതരും ആയിത്തീർന്നിട്ടുണ്ട്. എങ്കിലും സമൂഹത്തിലുള്ള അവഗണന, വിമർശനം സ്വാതന്ത്ര്യക്കുറവ്, സുരക്ഷിതത്വമില്ലായ്മ തുടങ്ങിയ കാര്യങ്ങൾ ബഹുഭൂരിപക്ഷം സ്ത്രീകളെയും പിന്നിലേയ്ക്കു തള്ളുന്നു. തൽഫലമായി വനിതകൾക്കു തങ്ങളുടെ കഴിവുകൾ ശരിയായി വിനിയോഗിക്കുവാനോ, സമൂഹത്തിന് പ്രയോജനകരമാവും വിധം അവസരങ്ങൾ വേണ്ടവിധം ചൂഷണം ചെയ്യുവാനോ സാധിക്കാതെ വരുന്നു. അത്ര ഉയർന്ന ജോലികളിൽ സ്ത്രീപങ്കാളിത്തം വളരെ കുറവാണെങ്കിലും

അധ്യാപന-സേവനരംഗങ്ങളിൽ സ്ത്രീകൾ മുൻനിരയിലാണ്. കടപ്ലാമറ്റം പഞ്ചായത്തിന്റെ സമ്പദ്ഘടനയിൽ കാര്യമായ സ്വാധീനം ചെലുത്തുവാൻ ഈ നാട്ടുകാരും വിദേശത്തു ജോലിചെയ്യുന്നവരുമായ വനിതകൾക്കു സാധിക്കുന്നുണ്ടെന്നതും എടുത്തു പറയത്തക്കതാണ്.

വനിതകളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി എല്ലാ വാർഡുകളിലും വനിതാസമാജങ്ങൾ രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ധൃതഗതിയിൽ ആക്കുകയും ചെയ്യേണ്ടതാണ്. പോഷകാഹാരക്കുറവുള്ള സ്ത്രീകൾക്കും കുട്ടികൾക്കും പോഷകാഹാരങ്ങൾ വിതരണം ചെയ്യുകയും സൗജന്യ ചികിത്സ നൽകുകയും ചെയ്യുകവഴി അവരുടെ ആരോഗ്യത്തിനും ക്ഷേമത്തിനും ഗണ്യമായ സ്വാധീനം ചെലുത്തുവാൻ സാധിക്കും. ഈ പഞ്ചായത്തിലെ സ്ത്രീകളുടെ ആരോഗ്യനിലയും രോഗപ്രതിരോധശേഷിയും പുരുഷന്മാരേക്കാൾ കുറവാണ്. ഇതിന് പരിഹാരം കണ്ടെത്താനായി മാതൃ-ശിശു സംരക്ഷണ കേന്ദ്രമുൾപ്പെടെയുള്ള ആരോഗ്യകേന്ദ്രങ്ങൾ പരമാവധി വാർഡുകളിൽ സ്ഥാപിക്കേണ്ടതാണ്.

വിവിധ തൊഴിലുകളിൽ പ്രാവീണ്യം ലഭിച്ച വനിതകൾ വസിക്കുന്ന ഈ പഞ്ചായത്തിൽ സ്വയം തൊഴിൽ പദ്ധതിപ്രകാരമോ, സഹകരണ സംഘങ്ങളുടെ അടിസ്ഥാനത്തിലോ വനിതകൾക്ക് ചെറുകിട വ്യവസായങ്ങളിലും, കാർഷിക-മൃഗസംരക്ഷണ മേഖലകളിലും വേണ്ട സഹായവും പ്രോത്സാഹനവും നൽകേണ്ടതാണ്. കൂടുതൽ വനിതകളെ പരിശീലിപ്പിച്ച് ഇത്തരം മേഖലകളിലേയ്ക്ക് കൈപിടിച്ചുയർത്തേണ്ടതുമാണ്.

സാമൂഹ്യക്ഷേമ പദ്ധതിയിൽ അർഹതയുള്ളവർക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും ധനസഹായം കഴിവതും വേഗം നൽകണം. വികലാംഗർക്കും വിധവകൾക്കും പെൻഷനു പുറമേ എല്ലാ മേഖലയിലും മുൻഗണന നൽകണം. ഭർത്താവുപേക്ഷിച്ച് വീട്ടിൽ നിൽക്കുന്നതായ സ്ത്രീകളുണ്ടെങ്കിൽ അവരുടെ ന്യായമായ ജീവിതച്ചെലവുകൾക്കുള്ള തുക അവരുടെ ഭർത്താക്കന്മാരിൽ നിന്നും വാങ്ങിച്ചുകൊടുക്കുവാനുള്ള അധികാരം പഞ്ചായത്തിനു നൽകേണ്ടതാണ്.

സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരികയാൽ, സ്ത്രീകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നതുമായ വനിതാ സെല്ലും സ്ത്രീപീഡനത്തിനെതിരായി സ്ത്രീകൾക്കായി ഒരു പ്രത്യേക കോടതിയും രൂപവൽക്കരിക്കണം.

ഏതൊരു പദ്ധതിയുടെയും സുഗമമായ നടത്തിപ്പിനും വിജയത്തിനും അത്യന്താപേക്ഷിതമായ സഹകരണ മനോഭാവവും, ത്യാഗോന്മുഖതയും, കർമ്മോൽസുകതയും നിറഞ്ഞ വനിതകളാൽ സമ്പന്നമായ കടപ്ലാമറ്റം പഞ്ചായത്തിൽ ക്ഷേമ പ്രവർത്തനങ്ങൾക്ക് കൂടുതൽ സാധ്യത കണ്ടെത്താനാവും.

സാധ്യതകളും മേഖലകളും

വനിതകൾക്ക് പങ്കാളിത്തവും മേൽക്കോയ്മയുമുള്ള മേഖല നമ്മുടെ പഞ്ചായത്തിൽ വളരെ വിരളമാണ്. വിവിധങ്ങവായ മേഖലകളിൽ വനിതകളെ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള നിർദ്ദേശങ്ങളും സാധ്യതകളുമാണ് ചുവടെ വിവരിക്കുന്നത്.

1. എല്ലാ വാർഡുകളിലും വനിതാ സംഘങ്ങൾ രൂപീകരിച്ചു പ്രവർത്തിക്കണം.

2. വനിതകളുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യ പരിപാലനത്തിൽ ശാസ്ത്രീയമായ ബോധവത്കരണം നടത്തുക.

3. നിർധന കുടുംബങ്ങളിലെ കുട്ടികൾക്കും മറ്റും ട്യൂഷൻ എടുത്തുകൊടുക്കുവാൻ വിദ്യാസമ്പന്നരായ വനിതകൾ തയ്യാറാവുക.

4. വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കണം. ഈ സംഘത്തിന്റെ കീഴിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കത്തക്ക രീതിയിൽ പരിപാടികൾ തുടങ്ങുക. വിവിധ കൈത്തൊഴിലുകൾ അഭ്യസിച്ചവരെ ഈ സംഘത്തിൽ അംഗങ്ങളാക്കുക. പായ്ക്കിംഗ്, കസേര നെയ്ത്ത്, പപ്പടയൂണിറ്റ്, പായനെയ്ത്ത്, പേപ്പർകവർ, പേപ്പർ പ്ലെയിറ്റ്, മെഴുകുതിരി-സോപ്പ് നിർമ്മാണം, ആട്-കോഴി വളർത്തൽ, നോട്ട്ബുക്ക് നിർമ്മാണം തുടങ്ങിയവ ഈ സംഘത്തിന്റെ മേൽ നോട്ടത്തിൽ നടത്താവുന്നതാണ്.

5. ഏതെങ്കിലും വനിതായൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ടൈപ്പ്റൈറ്റിംഗ് ഷോർട്ട്ഹാൻറ് പരിശീലനം തുടങ്ങുക.

6. വനിതാസമാജങ്ങളുടെ ആഭിമുഖ്യത്തിൽ ശിശുക്ഷേമ മെഡിക്കൽ ക്യാമ്പ്, സൗജന്യ പോളിയോ കുത്തിവയ്പ്, രോഗനിവാരണ മാർഗ്ഗങ്ങളെക്കുറിച്ചുള്ള സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കുക.

7. അടുക്കളത്തോട്ടങ്ങളെ പ്രോത്സാഹിപ്പിക്കുക.

8. വാർഡുകൾ തോറും വനിതകളുടെ സാർവ്വത്രിക ഉന്നതിക്കും സാംസ്കാരിക നിലവാര ഉയർച്ചക്കും വേണ്ടി "വനിതാ ക്ലബു"കൾ രൂപീകരിക്കുക.

9. വായനാശീലം വളർത്തുന്നതിനായി സഞ്ചരിക്കുന്ന ലൈബ്രറി വനിതകൾക്കു മാത്രമായി നടപ്പിലാക്കുക.

10. സ്ത്രീ പീഢനത്തിനെതിരെയും അവഹേളനങ്ങൾക്കെതിരെയും പഞ്ചായത്തുതലത്തിൽ കൗൺസിലിംഗ് സെൻറർ സ്ഥാപിക്കുക.

11. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.

12. സമൂഹത്തിലെ നിർധനരെയും ആലംബഹീനരെയും സംരക്ഷിക്കാനും അവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുവാനും ഒരു അഗതി മന്ദിരം സ്ഥാപിക്കുക. സ്ത്രീകൾ മുൻകൈയെടുത്തു സ്ഥാപിക്കുന്ന ഈ സംഘത്തിൽ ലക്ഷ്യബോധമുള്ള പുരുഷന്മാരെയും പങ്കാളികളാക്കുക.

13. "യത്രനാര്യ സ്തു പൂജ്യതേ

രമന്തേ തത്ര ദേവതാം"

എന്ന തത്വം മനസ്സിലാക്കുകയും അതനുസരിച്ച് സ്ത്രീയെ ംഗീകരിക്കുവാൻ തയ്യാറാകുകയും ചെയ്യുക.

സഹകരണം

കേരളചരിത്രത്തിൽ ഇന്ന് നിർണ്ണായക സ്വാധീനമുള്ള സഹകരണരംഗത്തിന്റെ വ്യാപ്തിയെക്കുറിച്ച് പ്രതിപാദിക്കുകയും പോരായ്മകൾ പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടത് സമൂഹത്തിന്റെ ഉന്നതിക്കും നാടിന്റെ സാമ്പത്തിക ഭദ്രതയ്ക്കും അത്യാവശ്യമാണ്.



കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്തിമകാലഘട്ടങ്ങളിൽ നാടിന്റെ വികസനവും ജനങ്ങളുടെ ക്ഷേമവും ലക്ഷ്യമാക്കിയാണ് സഹകരമപ്രസ്ഥാനം ഉടലെടുത്തത്. ആനുകൂല്യങ്ങളും സൗകര്യങ്ങളും തുല്യപങ്കാളിത്തത്തോടെ എല്ലാവർക്കും സ്വായത്തമാക്കുവാനും സാമ്പത്തിക മേഖലയിൽ സഹകരണാടിസ്ഥാനത്തിൽ കെട്ടുറപ്പുണ്ടാക്കുകയുമായിരുന്നു സഹകരണപ്രസ്ഥാനങ്ങളുടെ രൂപീകരണ ഉദ്ദേശ്യം.

ഈവക ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും കാലത്തിനനുസൃതമായ മാറ്റങ്ങളോടെ സാമൂഹ്യസേവനത്തിനായി മുന്നോട്ടിറങ്ങുന്നതിനും കടപ്ലാമറ്റം പഞ്ചായത്തിലെ സഹകരണപ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞു. ജാതി-മത-രാഷ്ട്രീയ സങ്കുചിത ചിന്താഗതികൾക്കപ്പുറം നാടിന്റെ വികസനം ലക്ഷ്യമാക്കി സഹകരണപ്രസ്ഥാനങ്ങൾ നാടിന്റെ ഉയർച്ചക്കുവേണ്ടി ജനഹിതത്തിനനുസരിച്ച് പ്രവർത്തനം മുന്നോട്ടു നീക്കുന്നു. കടപ്ലാമറ്റം പഞ്ചായത്തിലെ നിലവിലുള്ള സഹകരണപ്രസ്ഥാനങ്ങളിൽ ഏറെ പ്രസക്തി വായ്പാരംഗത്തെ സാമ്പത്തിക സ്ഥാപനങ്ങളായ സഹകരണബാങ്കുകൾക്കാണ്.

കടപ്ലാമറ്റം സർവ്വീസ് സഹകരണബാങ്ക്, വയലാ സർവ്വീസ് സഹകരണ ബാങ്ക്, വയല, പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘം, കടപ്ലാമറ്റം ക്ഷീരോത്പാദക സഹകരണസംഘം, പാളയം ക്ഷീരോത്പാദകസഹകരണസംഘം, കടപ്ലാമറ്റം ഹൈസ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വയലാ വി.എച്ച്.എസ് കോപ്പറേറ്റീവ് സൊസൈറ്റി തുടങ്ങിയ ഏഴ് സഹകരണ സംഘങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ളത്.

വയലാ സർവ്വീസ് സഹകരണബാങ്ക്

പഞ്ചായത്ത് രൂപീകരണത്തിനു മുൻപ് തന്നെ (ഇലയ്ക്കാട് പഞ്ചായതതായിരുന്നപ്പോൾ) കൊല്ലവർഷം 1123 ൽ ഇന്നത്തെ കടപ്ലാമറ്റം പഞ്ചായത്തിലെ 1,2,3,4 വാർഡുകൾ പൂർണ്ണമായും 5, 6 വാർഡുകളിലെ ഏതാനും വീടുകളും പ്രവർത്തന പരിധിയാക്കി ആരംഭിച്ച വയലാ സർവ്വീസ് സഹകരണബാങ്ക്, സഹകരണ മേഖലയിൽ നിർണ്ണായക സ്ഥാനം നേടിയിട്ടുണ്ട്. വയലാദേശത്ത് എല്ലാവരും ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ ഈ ബാങ്കിന്റെ സേവനം തേടിയിട്ടുണ്ട്. ജോയി കല്ലുപുര പ്രസിഡണ്ടായിരുന്ന ഭരണസമിതിയുടെ കാലത്ത് നടത്തിയ കംപ്യൂട്ടർവത്കരണവും ലോക്കർ സംവിധാനവും, ഇലക്കാട് ബ്രാഞ്ച് ഉത്ഘാടനവും ബാങ്കിന്റെ അഭിവൃദ്ധിയുടെ പട്ടിക വലുതാക്കുന്നു. ക്രെഡിറ്റ് മേഖലയിലുള്ള ഈ സാമ്പത്തിക സഹകരണ സ്ഥാപനത്തിൽ 6145 പേർ ഓഹരിയുടമകളായുണ്ട്. 10 രൂപയാണ് ഒരു ഓഹരിയുടെ വില. അംഗീകൃത ഓഹരി മൂലധനം 21.5 ലക്ഷം രൂപയാണ്. സർക്കാർ ഓഹരിയിനത്തിൽ ബാങ്കിന് 1.79 ലക്ഷം രൂപ കിട്ടിയിട്ടുണ്ട്.

241.28 ലക്ഷം രൂപ സ്ഥിരനിക്ഷേപവും 50.12 ലക്ഷം രൂപ ഹ്രസ്വകാല നിക്ഷേപവുമുള്ള ഈ ബാങ്കിൽ നിന്നും ഒരംഗത്തിന് എടുക്കാവുന്ന പരമാവധി തുക 0.5 ലക്ഷമാണ്.

ഇപ്പോൾ ഈ ബാങ്കിന് ഇലയ്ക്കാട് ഭാഗത്ത് ഒരു ബ്രാഞ്ചും, വളം കീടനാശിനി ഡിപ്പോകളുമുണ്ട്. കൂടാതെ ബാങ്ക് കേന്ദ്രസാഥാനമന്ദിരത്തിൽ തന്നെ വളം വിതരണം നടത്തുന്നു.

ബാങ്കിന്റെ സ്ഥാപനകാലഘട്ടം മുതൽ ഈ ബാങ്കിനെ നയിച്ച ഭരണ സമിതിയുടെ പ്രസിഡണ്ടുമാരായ വി.എൻ. രാമകൃഷ്ണൻനായർ വല്ലാട്ട്, മാണി ജോസഫ് തേമ്പള്ളിൽ, എം.എസ് ജോൺ മുണ്ടയ്ക്ക തറപ്പേൽ, തൊമ്മൻ എബ്രാഹം തടത്തിൽ പുത്തമ്പുര, ഔസേപ്പ് മാണി തൈക്കാട്ടുതറ, റ്റി.എൻ. വേലായുധൻനായർ തേലപ്പുറത്ത്, റ്റി.എം. ഏബ്രാഹം തേമ്പള്ളിൽ, റ്റി.പി.

ജോസഫ് തെക്കേവെട്ടിക്കുളങ്ങര, എ.സി. ജോസഫ് അറമ്പാട്ടുമാക്കിൽ, ജോയി കല്ലുപുര എന്നിവരുടെ നിസ്വാർത്ഥ സേവനമാണ് ഇന്നത്തെ അവസ്ഥയിലേയ്ക്കെത്തിച്ചത്. ഇപ്പോഴത്തെ ഭരണസമിതി പ്രസിഡണ്ട് ശ്രീ.കെ.ജെ. ജോസ് തടത്തിൽ ആണ്. ഗോപാലകൃഷ്ണൻനായർ (വൈസ് പ്രസിഡൻറ്), വിനോദ് മാത്യൂ, ബാബു ഏബ്രാഹം, ജോയി കല്ലുപുര, സദീശൻ എ.പി. കെ.എൻ. മധുസൂദനൻ, പയസ് ഓരത്തേൽ, ജോർജ് തോമസ്, എം.കെ. സാവിത്രി അമ്മ, ആർ.കെ. തങ്കപ്പൻ എന്നിവർ ആണ് മറ്റുഭരണസമിതയഗങ്ങൾ.

പട്ടിക 1

വയലാ സർവ്വീസ് സഹകരണബാങ്ക് വായ്പകളെ സംബന്ധിച്ച വിവരം

ഇനംതുക (ലക്ഷത്തിൽ)	
കൃഷിവായ്പ	17.76
വീടിൻെറ അറ്റകുറ്റപണി	86.26
വളം വായ്പ	00.43
സ്വർണ്ണ പണയവായ്പ	33.79
സ്ഥിര നിക്ഷേപ വായ്പ	12.00
വാഹന വായ്പ	08.49
റബ്ബർ നേഴ്സറി	00.53
റബ്ബർ ന്യൂ പ്ലാൻറിന്	00.43
കിണർ കുഴിക്കുന്നതിന്	03.30
പമ്പുസെറ്റു വാങ്ങുന്നതിന്	01.81
ഗ്രഹോപകരണങ്ങൾ വാങ്ങുന്നതിന്	16.82
മറ്റുവായ്പകൾ	07.26

കടപ്ലാമറ്റം സർവ്വീസ് സഹകരണ ബാങ്ക്

കൊല്ലവർഷം 1123-ാം ആണ്ടിൽ ഇലയ്ക്കാട് വില്ലേജിൽ ആണ്ടൂർകരയും കിടങ്ങൂർ വില്ലേജിൽ മാറിയിടം കരയും പ്രവർത്തന പരിധിയായി നിശ്ചയിച്ചു കൊണ്ടാണ് ബാങ്ക് പ്രവർത്തനം ആരംഭിച്ചത്. കടപ്ലാമറ്റം പ്രദേശത്ത് സർവ്വതോന്മുഖമായ വികസന പ്രക്രിയകളിൽ ഈ ബാങ്കിനുള്ള സ്ഥാനം ഗണനീയമാണ്. ക്രെഡിറ്റ് മേഖലയിൽ കൂടുതലായി പ്രവർത്തിക്കുന്ന കടപ്ലാമറ്റം സർവ്വീസ് സഹകരണ ബാങ്ക് വായ്പേതര മേഖലയിലും പ്രവർത്തിക്കുവാൻ ഉത്സാഹം കാട്ടുന്നു. കഴിഞ്ഞ ഭരണസമിതിയുടെ കാലത്ത് നടത്തിയ കംപ്യൂട്ടർ വത്കരണവും, സേഫ്ലോക്കർ സംവിധാനവും ബാങ്കിൻെറ യശ്ശസ് ഉയർത്തിയിട്ടുണ്ട്. 4576 അംഗങ്ങളുള്ള ഈ ബാങ്കിൻെറ ഒരു ഓഹരിയുടെ വില 10 രൂപയാണ്. അംഗീകൃത ഓഹരിമൂലധനം 20 ലക്ഷം രൂപയും പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 16.13 ലക്ഷം രൂപയുമാണ്. സർക്കാർ ഓഹരിയിനത്തിൽ 2.72 ലക്ഷം രൂപയുണ്ട്. 185.12 ലക്ഷം രൂപ സ്ഥിരനിക്ഷേപവും 14.1 ലക്ഷം രൂപ ഹ്രസ്വകാല നിക്ഷേപവുമുള്ള ഈ ബാങ്കിൽ നിന്നും ഒരാൾക്ക് പരമാവധി എടുക്കാവുന്ന തുക 0.5 ലക്ഷം രൂപയാണ്.

വളം ഡിപ്പോയും കീടനാശിനിയുൾപ്പെടെയുള്ള കൃഷിയാവശ്യസാധനങ്ങൾ വിൽക്കുന്നതിനുള്ള സൗകര്യവും ബാങ്ക് വകയായി ഏർപ്പെടുത്തിയിട്ടുണ്ട്.

കടപ്ലാമറ്റം ബാങ്കിൻെറ സ്ഥാപന കാലഘട്ടം മുതൽ ഈ ബാങ്കിനെ പുരോഗതിയുടെ പടവുകളിലേയ്ക്കാനയിച്ച മുൻ ഭരണ സമിതിയെയും പ്രസിഡണ്ടുമാരായ സി.എച്ച് കൃഷ്ണൻ നമ്പൂതിരി, തോമസ് കീഴ്പുറം, സഖറിയാസ് പാറ്റാനി, ജോയി ജോസഫ് കുളിരിനി, പി.വി. വർക്കി പുതുപ്പള്ളി, ജോളി മാത്യു പാലക്കീൽ എന്നിവരെയും സ്മരിക്കാതിരിക്കുകവയ്യ. ശ്രീ.റ്റി.എസ് ജോസഫ് കുളിരാനിയിൽ ആണ് ഇപ്പോഴത്തെ പ്രസിഡൻറ്.

പി.സി. ചുമ്മാർ (വൈസ് പ്രസിഡൻറ്), തോമസ് പുളിക്കിയിൽ, ജോസഫ് മുല്ലൂർ, ബേബി പുതുപ്പള്ളി, വിൻസൻറ് കോലാനി, സണ്ണി ചെറിയാൻ, സുപ്രിയ മാണി, കെ.എ. ചന്ദ്രൻ എന്നിവർ ആണ് നിലവിലുള്ള ഭരണസമിതിയംഗങ്ങൾ

പട്ടിക 2

കടപ്ലാമറ്റം സർവ്വീസ് സഹകരണബാങ്ക് വായ്പകളെ സംബന്ധിച്ച വിവരം.

ഇനംതുക (ലക്ഷത്തിൽ)	
കൃഷിവായ്പ 24.86	
വീടുപണി	00.67
സ്ഥിര നിക്ഷേപ വായ്പ	07.78
സ്വർണ്ണ പണയ വായ്പ	22.47
പമ്പുസെറ്റ്	00.07
ബ്രോയിലർ ഫാം	02.97
പശു,തൊഴുത്ത്	00.42
വാഹനവായ്പ	14.06
റബ്ബർ നേഴ്സറി	00.36
തെങ്ങുകൃഷി വികസനം	04.62
റബ്ബർകൃഷി	01.84
റബ്ബർ റോളർ	00.75
വീട്ടുപകരണ വായ്പ	05.01
ഐ.ആർ.ഡി.പി	00.44
സ്റ്റാഫ് വായ്പ	01.15

വയലാ പട്ടികജാതി/ സർവ്വീസ് സഹകരണ സംഘം, വയലാ

വയലാ പാലക്കാട്ടുകുന്ന് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന പട്ടികജാതി/വർഗ്ഗ വികസന ബാങ്ക് നാടിന്റെ പൊതുവായ ക്ഷേമകാര്യങ്ങളിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. ഭവനവായ്പ, മൃഗവായ്പ തുടങ്ങിയ വായ്പാമേഖലകളിൽ പ്രത്യേകം ശ്രദ്ധിക്കുന്ന പ്രസ്തുതസംഘം പ്രത്യേകമായി പട്ടിജാതി/വർഗ്ഗ ക്ഷേമമാണ് ആത്യന്തികമായി ഉദ്ദേശിക്കുന്നത്. കടപ്ലാമറ്റം, കിടങ്ങൂർ, കാണക്കാരി, കുറവിലങ്ങാട് പഞ്ചായത്തുകൾ പരിധിയായി നിശ്ചയിച്ചിരിക്കുന്നു. ശ്രീ.എം.എം കൃഷ്ണനാണ് നിലവിലുള്ള പ്രസിഡണ്ട്.

ക്ഷീരോത്പാദക സഹകരണസംഘങ്ങൾ

പട്ടിക 3

സംഭരിക്കുന്നപാൽ	പഞ്ചായത്തിൽ തന്നെ വിറ്റ	പഞ്ചായത്തിനു വെളിയിൽ	തൊഴിലാളികൾ
10442 ലി	4084.4 ലി	6357.6 ലി	4

സ്കൂൾ സഹകരണ സംഘങ്ങൾ

വയലാ ഗവ.വി.എച്ച്.എസ് സഹകരണ സംഘം, കടപ്ലാമറ്റം സെൻറ് ആൻറണീസ് എച്ച്.എസ് സഹകരണസംഘം എന്നിവയാണ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ, പാഠപുസ്തകങ്ങൾ, നോട്ടുബുക്കുകളുടെ വിതരണം തുടങ്ങി കുട്ടികൾക്കാവശ്യമായ മറ്റ് പല സാധനങ്ങളും സംഘം വഴി വിതരണം ചെയ്യുന്നുണ്ടെങ്കിൽ പോലും മതിയായ പ്രാധാന്യം ഇത്തരം സംഘങ്ങൾ ലഭിക്കുന്നില്ല.

സാധ്യതകൾ

പഞ്ചായത്തിന്റെ മൊത്തം വികസന പദ്ധതിയിൽ നേരിട്ട് മുഖ്യപങ്കാളിത്തം വഹിക്കാൻ സഹകരണ സംഘങ്ങൾക്ക് കഴുയുമെങ്കിലും നമ്മുടെ പഞ്ചായത്തിൽ വിവിധങ്ങളായ മേഖലകളിൽ സഹകരണപ്രസ്ഥാനങ്ങളുടെ അഭാവം നിഴലിക്കുന്നുണ്ട്. ഇത് വികസന രംഗത്തെ ബാധിക്കുന്നുണ്ടെന്നതിൽ സംശയമില്ല. കടപ്ലാമറ്റം പഞ്ചായത്തിനെ സംബന്ധിച്ച് ഈ പോരായ്മകൾ മനസ്സിലാക്കി വിവിധ മേഖലകളിൽ സാധ്യതയുള്ള സഹകരണസംഘങ്ങൾ ഏതു തരത്തിൽ രൂപീകരിക്കാമെന്നുള്ളതും നിലവിലുള്ള സംഘങ്ങൾക്ക് ഇനിയും കൂടുതലായി എന്തുചെയ്യാൻ സാധിക്കും എന്നുള്ളിനെക്കുറിച്ച് ചിന്തിച്ചുറപ്പിക്കേണ്ടതത്യാവശ്യമാണ്. ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്നുടലെടുത്ത ആശയങ്ങളുടെ വെളിച്ചത്തിൽ കടപ്ലാമറ്റം പഞ്ചായത്തിലെ സഹകരണ മേഖലയിൽ സ്ഥാപിക്കാവുന്ന സംഘങ്ങളെക്കുറിച്ചാണ് താഴെ പ്രദിപാദിക്കുന്നത്.

റബർ ഉത്പന്നനിർമ്മാണം

റബറിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനും സംസ്കൃത ഉത്പന്നങ്ങളുടെ വിലയിൽ ഇടിച്ചിലുണ്ടാക്കുന്നതിനുമുതകുന്ന രീതിയിൽ റബർ ഉത്പന്ന നിർമ്മാണ യൂണിറ്റ് സഹകരണ മേഖലയിൽ സ്ഥാപിക്കുക. പഞ്ചായത്തിന്റെ തെക്കുഭാഗത്ത് (ഇട്ടിയേപ്പാറ ഭാഗം) ജോയി ംനെടുക്കര എം.പി.പ്രസിഡണ്ടായുള്ള മീനച്ചിൽ റബർ മാർക്കറ്റിംഗ് & പ്രോസസ്സിംഗ് സൊസൈറ്റി നിർമ്മിക്കാനുദ്ദേശിക്കുന്ന ഫാക്ടറിയുടെ ത്വരിതഗതിയിലുള്ള നിർമ്മാണത്തിനായി ഭരണസമിതിയിൽ സമ്മർദ്ദം ചെലുത്തണം.

ഭവന നിർമ്മാണസംഘം

സാമ്പത്തിക സമാഹരണം നടത്തിയും പഞ്ചായത്തിലെ മുഴുവൻ ആളുകളുടെയും സഹകരണ പങ്കാളിത്തത്തോടുകൂടിയും നമ്മുടെ പഞ്ചായത്തിലെ ഭവനരഹിതരുടെ ക്ലേശങ്ങൾ പരിഹരിക്കാൻ ഉതകുന്ന രീതിയിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കണം.

വനിതാവ്യവസായം

പഞ്ചായ്ത്തിലെ വിവിധ ഗ്രാമസഭാ ചർച്ചകളിൽ നിന്നുയർന്നുവന്ന പ്രധാന നിർദ്ദേശങ്ങളിലൊന്ന് വനിതാ വ്യാവസായ സഹകരണ സംഘം രൂപീകരിക്കുകയെന്നതാണ്. വസ്ത്ര നിർമ്മാണം, കറിപൗഡർ, ഭഷ്യധാന്യപ്പൊടികൾ, മെഴുകുതിരി നിർമ്മാണം, കായവറുക്കൽ, ഓർക്കിഡ്, ആന്തൂറിയം തുടങ്ങി വികസനോന്മുഖങ്ങളായ വിവിധയിനം ചെറുകിട സംരഭങ്ങൾ യൂണിറ്റുകളായി വരണം.

തൊഴിൽ സംഘം

വികസനോന്മുഖ നിർമ്മാണ പ്രവർത്തനത്തിൽ യുവതീയുവാക്കളെ പങ്കാളികളാക്കാനും അതുവഴി തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കാനുമുതകുന്ന രീതിയിൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി രൂപീകരിക്കുകയും, പഞ്ചായത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ സൊസൈറ്റിക്ക് വിട്ടുകൊടുക്കുകയും ചെയ്യുക.

നാളികേരവികസനം

നാളീകേര വികസന സഹകരണസംഘം രൂപീ

കരിച്ച് പഞ്ചായത്തിലെ നാളീകേരത്തിന്റെ ഉല്പന്ന സാധ്യതകളിലും ഉത്പാദനത്തിലും അനുകൂല സാഹചര്യമുണ്ടാക്കണം. വിത്തും വളവും ഈ സംഘത്തിനു കീഴിൽ വിതരണം നടത്തണം. നാളികേര സംഭരണവും, എണ്ണയാട്ട് യന്ത്രവും തുടങ്ങണം. നാളികേരത്തിൽ നിന്ന് ശീതളപാനീയം ഉൽപാദിപ്പിച്ച് വിപണി കണ്ടെത്താനും ശ്രമിക്കാവുന്നതാണ്. ഇപ്പോൾ പഞ്ചായത്തിൽ ശ്രീ.ബേബി പുതുപ്പള്ളി പ്രസിഡണ്ടായും ശ്രീ.പി.എം.തോമസ് പുളുക്കിയിൽ സെക്രട്ടറിയുമായുള്ള നാളികേരവികസന സമിതിയെ സഹകരണ സംഘമാക്കി മാറ്റിക്കൊണ്ട് പ്രവർത്തനം ഊർജ്ജിതമാക്കാം.

വിവിധോദ്ദേശ സംഘം

പഞ്ചായത്തിലെ തൊഴിൽ രഹിതരായ യുവജനങ്ങളെ ഉദ്ദേശിച്ചുകൊണ്ട് കൂടുതൽ തൊഴിൽ സാധ്യതകളുള്ളതുമായ വിവിധോദ്ദേശ സഹകരണസംഘം രൂപീകരിക്കണം. കുറഞ്ഞ മുതൽ മുടക്കുമാത്രമാവശ്യമുള്ളതും തൊഴിൽ സാധ്യതയും ലാഭവും ന്യായമായുള്ളതുമായ കരകൗശല വസ്തുനിർമ്മാണം, ഹോളോ ബ്രിക്സ് നിർമ്മാണം, ഫർണീച്ചർ നിർമ്മാണം തുടങ്ങിയവ ഇതിന്റെ പരിധിയിൽ വരുത്തേണ്ടതാണ്.

നാടിന്റെ പുരോഗതിക്കായി സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനം വെളിപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഉദാര വൽക്കരണത്തിന്റെയും സ്വകാര്യ വൽക്കരണത്തിന്റെയും ഫലമായി വളർന്നു വന്നിട്ടുള്ള മത്സര ബുദ്ധി സഹകരണമേഖലയ്ക്ക് ഭീഷണിയായി മാറിയിരിക്കുന്ന ഈ കാലത്ത് തികച്ചും ജനാധിപത്യപരവും അവസര സമത്വത്തിലധിഷ്ഠിതവുമായ സഹകരണ വ്യവസ്ഥിതിയിലൂടെ നമ്മുടെ നാടിന്റെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം നേടാൻ കഴിയും.

പട്ടികജാതി/വർഗ്ഗ ക്ഷേമം

കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിൽ 8 വാർഡുകളിലായി 350-നുമേൽ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നു. വേടൻ വിഭാഗത്തിൽപ്പെട്ട നാമമാത്ര പട്ടികവർഗ്ഗക്കാരുമുണ്ടിവിടെ. ഉഴവൂർ ബ്ലോക്കിലെ തന്നെ ഏറ്റവും കൂടുതൽ പട്ടികജാതിക്കാരുള്ള പഞ്ചായത്തിലൊന്നാണു കടപ്ലാമറ്റം. ഇപ്രാവശ്യത്തെ ബ്ലോക്ക് പ്രതിനിധി സ്ഥാനം പട്ടികജാതി/വർഗ്ഗത്തിനു സംവരണം ചെയ്തിട്ടുള്ളത് ഇതിനാലാണെന്നു ഗവൺമെൻറ് വിജ്ഞാപനം തെളിയിക്കുന്നു. പട്ടികജാതി വിഭാഗത്തിൽപെടുന്ന 494 പുരുഷന്മാരും 510 സ്ത്രീകളുമടക്കം 1004 പേർ ഉള്ളതായി കണക്കാക്കപ്പെടുന്നു (91-ലെ കാനേഷുമാരി പ്രകാരം)

പഴയ തലമുറയിൽ അധികം പേരും നിരക്ഷരരായിരുന്നുവെങ്കിലും പുത്തൻ തലമുറ വിദ്യാതല്പരരാണ്. പണ്ടുമുതലേ മേൽത്തട്ടിലുള്ളവരുമായി സാമാന്യം നല്ല ബന്ധം നിലനിർത്തിയിട്ടുള്ളതിനാലാവണം കേരള ചരിത്രത്തിൻെറ ഏടുകളിലെ സമര പോരാട്ടങ്ങളിൽ കടപ്ലാമറ്റത്തെ പട്ടികജാതി വിഭാഗക്കാരുടെ പേരുകൾ കുറിക്കപ്പെടാതിരുന്നത്.

ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഒന്നിൽ കുറയാതെ പട്ടികജാതി കോളനികളുണ്ട്. എണ്ണം പരിശോധിക്കുമ്പോൾ ഒന്നാം വാർഡിലാണ് ഏറ്റവും കൂടുതൽ പേരെന്നു മാത്രം. ഈ വിഭാഗത്തിൽപ്പെട്ടവരുടെ 70% വീടുകളും സർക്കാർ സാമ്പത്തിക സഹായത്താൽ പണിതിട്ടുള്ളതാണ്. ഇവയിൽ മിക്കതും തറ മെഴുകിയതും കഷ്ഠിച്ച് അടപാത്തിയിട്ടുള്ളതുമാണ്. 30% വീടുകളും ഓലമേഞ്ഞതാണ്. ഓടിട്ടവയും ഷീറ്റിട്ടതുമാണ് ബാക്കിയുള്ളവ. 91-നുശേഷം ഇവയിലേതാനും വീടുകൾ കോൺക്രീറ്റ് ചെയ്തിട്ടുമുണ്ട്.

സർക്കാരിൻെറ "വെളിച്ചവിപ്ലവവും", "പാർപ്പിട വിപ്ലവ"വും (രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി) പട്ടികജാതിക്കാർക്കു വൈദ്യുതിയും വീടും കുറയൊക്കെ ലഭ്യമാക്കിയെങ്കിലും ഇനിയും പലതും നേടാനുണ്ട്.

ശുചിത്വമാണ് പട്ടികജാതി കോളനിയെ അലട്ടുന്ന വേറൊരു ഗൗരവതരമായ പ്രശ്നം. നമ്മുടെ പഞ്ചായത്തിൽ ശ്രീ ജോയി നടുക്കര എം.പി.യുടെ ഫണ്ടിൽനിന്നുമനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ചു നിർമ്മിക്കുന്ന കക്കൂസുകൾ ഈ പ്രശ്ന പരിഹാരത്തിനു കാര്യമായ തോതിൽ സഹായകമാകുമെന്നു കരുതുന്നു. കൂടാതെ കുറെ വ്യക്തികൾക്കു കക്കൂസ് പണിയുന്നതിനു സഹായധനം അനുവദിക്കുവാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.

കാർഷിക - വ്യവസായമേഖലകളിലാണ് കൂടുതലാളുകളും തൊഴിലെടുക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ കൂൺപോലെ പൊന്തിവരുന്ന 'പാറമട'കൾ നല്ലൊരു ശതമാനം ആളുകൾക്കും തൊഴിലവസരമൊരുക്കുന്നു. കാർഷികവൃത്തിയേക്കാൾ പലരും താൽപര്യം പ്രകടിപ്പിക്കുന്നതും ഇത്തരം മേഖലകളിൽ ജോലി ചെയ്യുന്നതിനാണ്.

ആരോഗ്യരംഗത്തു പൊതുവെയുള്ള അറിവുകൾ ഉണ്ടെങ്കിലും പോഷകാഹാരരംഗത്തു നില ശോചനീയമാണ്. പ്രതിരോധ കുത്തിവയ്പുപോലുള്ളവ നടത്തുന്നതിനാൽ മാരക രോഗങ്ങളോ സാംക്രമിക രോഗങ്ങളോ പിടിപെടുന്നവരായി ആരും തന്നെയില്ല താനും.

ഹിന്ദു ചേരമർ, ഹിന്ദു സാംബവർ എന്നിവരും വേലരും, പരവരുമാണ് പട്ടികജാതി വിഭാഗത്തിലുള്ളതിലധികവും. ഇവരുടെയിടയിൽ വിദ്യാഭ്യാസം നേടിയവരും സർക്കാരുദ്യോഗം കിട്ടിയവരുമായ കുറെ പേരുണ്ട്. മറ്റു പുരുഷന്മാരും സ്ത്രീകളും പൊതുവെ കൂലി-കൃഷിപ്പണി ചെയ്താണ് ഉപജീവനം കഴിക്കുന്നത്.

സർക്കാർ മുകളിൽനിന്നും അടിച്ചേൽപ്പിക്കുന്ന ക്ഷേമപദ്ധതികൾ ഈ വിഭാഗത്തിനു കാര്യമായി പ്രയോജനപ്പെടുന്നില്ല.

ഓരോ പട്ടികജാതി/വർഗ്ഗ കുടുംബവും പ്രത്യേകമായി സർവ്വേ നടത്തി ഓരോ കുടുംബത്തിൻെറയും പ്രത്യേക പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ ഈ മേഖലയ്ക്ക് സർക്കാർ നീക്കിവയ്ക്കുന്ന പണം ചെലവിടണം. എങ്കിലേ അതു പ്രയോജനപ്രദമാകൂ.

ശുചിത്വമുള്ള വീടുകളും കക്കൂസും കുളിമുറിയും വാട്ടർ കണക്ഷനും വൈദ്യുതിയും ലഭ്യമാക്കണം. വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേക ട്യൂഷൻ നൽകി പരീക്ഷാവിജയത്തിനു തയ്യാറാക്കണം. തൊഴിൽ പരിശീലനം നൽകുകയും വരു

മാനമുള്ള തൊഴിലുകൾ ലഭ്യമാക്കാൻ സഹായിക്കുകയും വേണം.

ഇവരിൽ അലക്കുതൊഴിൽ ചെയ്യുന്ന വിഭാഗത്തിന് ആധുനിക രീതിയിലുള്ള അലക്കു കമ്പനികൾ ഇട്ട് വരുമാനം വർദ്ധിപ്പിക്കുവാൻ സഹായിക്കണം. പരമ്പരാഗതമായി ശീലിച്ച തൊഴിലുകൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ ഉപയോഗിച്ചു മെച്ചപ്പെടുത്താൻ സഹായിക്കണം.

ഗ്രാമസഭയിലുയർന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും

1. ഈ പഞ്ചായത്തിലെ എല്ലാ പട്ടികജാതി/വർഗ്ഗ കുടുംബങ്ങൾക്കും വീട്, കക്കൂസ്, കുടിവെള്ളം, വഴി, വൈദ്യുതി എന്നിവ എത്തിച്ചു കൊടുക്കുക.
2. വീടുപണി പൂർത്തിയാക്കാത്തവർക്ക് അറ്റകുറ്റപ്പണിക്കുള്ള ധനസഹായം നൽകുക.
3. കോളനികളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുക.
4. ആദിവാസി കലകളെ പുനരുദ്ധരിക്കുക.
5. കോളനി പ്രദേശങ്ങളിൽ പൊതു കളിസ്ഥലം സ്ഥാപിക്കുക.
6. കോളനികളോടനുബന്ധിച്ചു ട്യൂഷൻ സെൻറർ സ്ഥാപിക്കുക.
7. കോളനികളോടനുബന്ധിച്ച് അംഗൻവാടികൾ സ്ഥാപിക്കുക.
8. റോഡ്, തോട് പുറമ്പോക്കുകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുക.
9. സർക്കാരിൻെറ നിയന്ത്രണത്തിലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിശ്ചിത ശതമാനം ഫണ്ട് പട്ടികജാതിക്കാർക്കായി നീക്കിവയ്ക്കണം.
10. പട്ടികജാതിക്കാർക്കു കൃഷിഭൂമി വാങ്ങിക്കുന്നതിനുള്ള വായ്പയ്ക്കും മറ്റ് ആനുകൂല്യങ്ങൾക്കുമുള്ള നിയമങ്ങൾ ലഘൂകരിക്കുക.
11. കൃഷിക്കാരായ പട്ടികജാതിക്കാർക്ക് വിത്ത്, വളം, പണിയായുധം എന്നിവ സൗജന്യമായി സമയാസമയങ്ങളിൽ കൊടുക്കുക.
12. പട്ടികജാതിക്കാർക്കു ജാമ്യമില്ലാതെ സ്വയം തൊഴിലിനു വായ്പ കൊടുക്കുക.

പട്ടികജാതി വനിതകൾക്കു സ്വയംതൊഴിൽ പരിശീലനത്തിനുള്ള ഒരു സെൻറർ പഞ്ചായത്തിൽ സ്ഥാപിക്കുക.

14. ഗവൺമെൻറ് ആനുകൂല്യം പറ്റുന്ന സ്വകാര്യ സ്ഥാപനങ്ങളിൽ പട്ടികജാതിക്കാർക്കു നിർബന്ധമായും സംവരണം ഏർപ്പെടുത്തുക.
15. 10 സെൻറ് ഭൂമിയുള്ള പട്ടികജാതിക്കാർക്കു കിണർ കുഴിക്കുന്നതിനുള്ള ആനുകൂല്യം കൊടുക്കുക.
16. പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും യഥാസമയങ്ങളിൽ എത്തിക്കുകയും ചെയ്യുക.
17. സഹകരണ സ്ഥാപനങ്ങളിൽ ജോലി സംവരണം നിർബന്ധമായും പാലിക്കുക.
18. പട്ടികജാതി/വർഗ്ഗക്കാരുടെ സ്ഥിതിവിവരകണക്കെടുക്കുക.
19. പട്ടികജാതി/വർഗ്ഗക്കാരുടെ പേരിൽ വ്യാജ സർട്ടിഫിക്കറ്റ് കൊടുക്കാതിരിക്കുക.
20. രജിസ്റ്റേർഡ് ജാതിസംഘടനകളുടെ ശുപാർശയോടുകൂടി മാത്രമേ ജാതി സർട്ടിഫിക്കറ്റ് കൊടുക്കാവൂ.
21. പഞ്ചായത്ത് കോംപ്ലക്സിൽ നിലവിലുള്ള (ഗവൺമെൻറ് നിശ്ചയിക്കുന്ന) ശതമാനം മുറികൾ പട്ടികജാതിക്കാർക്കാണെന്ന് ഉറപ്പുവരുത്തണം.
22. പട്ടികജാതിക്കാർക്കായി ഒരു പഞ്ചായത്തിൽ ഒരു ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂൾ അനുവദിക്കുക.
23. പഞ്ചായത്തിൽ ഒരു പൊതുശ്മശാനം ഉണ്ടാക്കുക.
24. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കു ധനസഹായം നൽകുക. 55 വയസ്സിനുമേൽ പ്രായമുള്ള പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കു ധനസഹായം നൽകുക.
25. ഓലമേഞ്ഞ എല്ലാ വീടുകളും കെട്ടിമേയുന്നതിനു സാമ്പത്തിക സഹായം പഞ്ചായത്തു തലത്തിൽ നൽകുക.
26. പട്ടികജാതിക്കാർക്കും അല്ലാത്ത കോളനികൾക്കും പട്ടയം കൊടുക്കുക.
27. പട്ടികജാതിക്കാരൻെറ ഭൂമി മണ്ണൊലിപ്പു നിവാരണ പദ്ധതിയിൽപെടുത്തി കയ്യാല വെയ്ക്കുന്നതിനുള്ള സഹായം കൊടുക്കുക.
28. പട്ടികജാതിക്കാരൻെറ വരുമാന സർട്ടിഫിക്കറ്റിൻെറ വരുമാനപരിധി വർദ്ധിപ്പിക്കുക.

വിഭവ സമാഹരണം

ഏതൊരു പഞ്ചായത്തിന്റെയും പ്രവർത്തനങ്ങളെ വിലയിരുത്താൻ സഹായിക്കുന്ന സുപ്രധാന മാനദണ്ഡങ്ങളിൽ ഒന്നാണു പഞ്ചായത്തിന്റെ വരവ് – ചെലവ് കണക്കുകൾ. നമ്മുടെ പഞ്ചായത്തിന്റെ പ്രധാന ധനാഗമന സ്രോതസ്സുകൾ എന്തൊക്കെയാണെന്നും അത് എങ്ങനെയെല്ലാം ചെലവഴിക്കപ്പെടുന്നുവെന്നും മനസ്സിലാക്കുന്നതു പ്രയോജനകരമാണ്. കടപ്പാമറ്റം സർക്കാർ ലിസ്റ്റ് പ്രകാരം 'സി' ഗ്രേഡ് പഞ്ചായത്താണ്. പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങൾ തികച്ചും പരിമിതമാണ്. കെട്ടിടനികുതി, തൊഴിൽനികുതി, വസ്തു കൈമാറ്റ നികുതി, സർക്കാർ ഗ്രാന്റുകൾ മുതലായവയാണു പ്രധാന സാമ്പത്തിക ഉറവിടങ്ങൾ.

പഞ്ചായത്തിന്റെ വരവ്:



1995–96 സാമ്പത്തികവർഷത്തിലെ പഞ്ചായത്തിന്റെ വരവ് ചെലവിന്റെ പകുതിയിൽ താഴെ മാത്രമാണ്. കെട്ടിടനികുതി ഇനത്തിലാണ് ഏറ്റവും കൂടുതൽ വരുമാനം (23.25%) പഞ്ചായത്തിനു ലഭിക്കുന്നത്.

1995-'96-ലെ വരവുകൾ പ്രതിപാദിക്കുന്ന പട്ടിക

ഇനങ്ങൾ	വരവ് (രൂപ)	ശതമാനം
1. കെട്ടിടനികുതി	71,370.80	23.25
2. സർവ്വീസ് നികുതി	13൩207.35	09.30
3. തൊഴിൽനികുതി	70,390.00	22.93
4. ലൈസൻസ് ഫീസ്	03,938.00	01.28
5. വസ്തു കൈമാറ്റ നികുതി	54,815.00	17.86
6. ഡെപ്പോസിറ്റ്	12,890.00	04.20
7. മറ്റുള്ളവ	80,275.00	26.18
ആകെ:	3,06,886.40	100%

ചെലവ്:

1995–96 സാമ്പത്തികവർഷത്തെ ചെലവു സംബന്ധിച്ച വിവരങ്ങൾ പട്ടിക 2–ൽ സൂചിപ്പിക്കുന്നുണ്ട്. ഭരണച്ചെലവ് പഞ്ചായത്തിന്റെ വരുമാനത്തിന്റെ 57% ആണ്. പൊതുമരാമത്തിനായി ഉപയോഗിക്കുന്നത് 34.47% ആണ്.

പട്ടിക 2

ഇനങ്ങൾ	ചെലവ് (രൂപ)	ശതമാനം
1 ഭരണച്ചെലവ്	4,08,537.70	57.00
2. പൊതുമരാമത്ത്	2,46,939.00	34.47
3. പൊതുജനാരോഗ്യം	0,05,498.00	00.76
4. തെരുവുവിളക്കുകൾ കത്തിക്കൽ	0,31,257.00	04.36
5. വിദ്യാഭ്യാസം	0,12,943.00	01.80
6. മറ്റു ചെലവുകൾ	0,11,109.00	01.55
ആകെ:	7,16,284.50	100

1995–96 സാമ്പത്തികവർഷം സർക്കാരിൽനിന്നും 11,18,931/– രൂപ ഗ്രാൻറിനത്തിൽ ലഭിച്ചിട്ടുണ്ട്. ഗ്രാൻറ് സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

വി.ആർ.എം.	എം.പി.	യു.ടി.സി.	ബേസിക് ടാക്സ്	വസ്തു കൈമാറ്റനികുതി	അൺടൈഡ്	ജെ.ആർ.വൈ.	ഇന്ദിരാ വികാസ്പത്ര	എസ്റ്റാബ്ലിഷ് മെൻറ്	ആകെ
13,940	4125	1,42,419	25,381	54,815	3,34,030	1,33,791	3,00,000	1,10,430	11,18,931

പട്ടിക 4

ഏറ്റെടുത്ത ജെ.ആർ.വൈ. പണികൾ സംബന്ധിച്ച വിവരങ്ങൾ

പണിയുടെ വിവരം	ജനറൽ		പട്ടികജാതി/വർഗ്ഗം	
	എസ്റ്റിമേറ്റ് തക	നൽകിയത്	എസ്റ്റിമേറ്റ് തുക	നൽകിയത്
1. ഭവനനിർമ്മാണം	–	–	46,500	22,550
2. വീട് വൈദ്യുതീകരണം	40,000	–	–	–
3. റോഡുപണികൾ	60,375	60375	–	–
4. മറ്റു പണികൾ	92,217	20,092	–	–
ആകെ	1,95,592	80,467	46,500	22,550

പ്രശ്നങ്ങൾ, സാദ്ധ്യതകൾ:

കടപ്ലാമറ്റം പഞ്ചായത്തിലെ മുകളിലുദ്ധരിച്ചിരിക്കുന്ന പട്ടികകൾ പ്രകാരം വരുമാനത്തിൻെറ ഇരട്ടിയിലധികം ചെലവിനത്തിൽ വരുന്നു. പദ്ധതികൾക്കാവശ്യമായ പണം കണ്ടെത്തുവാൻ പര്യാപ്തമല്ലാത്ത ധനാഗമ മാർഗ്ഗങ്ങളെക്കുറിച്ചു പുനർചിന്തനം നടത്തേണ്ടതുണ്ട്.

വളരെ പരിമിതമായ വരുമാന സ്രോതസ്സാണ് പഞ്ചായത്തിനുള്ളത്. കെട്ടിടനികുതിയും തൊഴിൽ നികുതിയുമാണ് ഇതിൽ പ്രധാനം. പക്ഷേ ഈ വരുമാനങ്ങൾ വലിയ തോതിൽ വർദ്ധിക്കുന്നവയല്ല. എങ്കിലും തൊഴിൽനികുതിയുടെ കാര്യത്തിൽ കുറെക്കൂടി ശ്രദ്ധിച്ചാൽ വരുമാനം ചെറിയതോതിലെങ്കിലും ഉയർത്താവുന്നതാണ്. 60 ദിവസത്തിൽ കൂടുതലായി താമസിച്ചു പണിയെടുക്കുന്നവരിൽനിന്നു ചെറിയ രീതിയിൽ നികുതിയിനത്തിൽ പണം സ്വരൂപിക്കാവുന്നതാണ്.

എല്ലാ കച്ചവട സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതും ഇതു കാലോചിതമായി പരിഷ്കരിക്കേണ്ടതുമാണ്. നാമമാത്രമായെങ്കിലും നമ്മുടെ പഞ്ചായത്തിലുള്ള 'കേബിൾ ടി.വി.ക്കു നികുതി (ലക്ഷ്വറി ടാക്സ്) ചുമത്താവുന്നതാണ്.

വസ്തു കൈമാറ്റ നികുതിയുടെ 25% സർക്കാർ സമയ കൃത്യത പാലിക്കാതെയാണു നൽകുന്നത്. ഇത് ഒഴിവാക്കേണ്ടതാണ്. പഞ്ചായത്തിൻെറ ഫണ്ടിൽ സിംഹഭാഗവും ചെലവഴിക്കുന്നത് പൊതുമരാമത്തു പണികൾക്കുവേണ്ടിയാണ്. റോഡിൻെറ അറ്റകുറ്റപണികൾക്കായി ഒട്ടേറെ പണമാണ് ഓരോ വർഷവും പഞ്ചായത്ത് ചെലവഴിക്കുന്നത്. വഴിവിളക്കിനുള്ള വൈദ്യുതി ചാർജും കുടിവെള്ള ചെലവും വർഷംതോറും വർദ്ധിക്കാനാണു സാധ്യത.

വിദ്യാഭ്യാസമേഖലയിൽ നമ്മുടെ പഞ്ചായത്ത് ചെലവഴിക്കുന്ന തുക വെറും രണ്ട് ശതമാനത്തിൽ താഴെ മാത്രമാണ്. ഈ തുക ഒട്ടുംതന്നെ പര്യാപ്തമല്ല. ഗ്രന്ഥശാലകൾക്കായും അധികം പണം വിനിയോഗിച്ചതായി കാണുന്നില്ല.

തെരുവുവിളക്കു കത്തിക്കുന്നതിനായി ഒട്ടേറെ പണം ചെലവഴിക്കുന്നുണ്ടെങ്കിലും പ്രവർത്തനക്ഷമതയില്ലാത്ത വഴിവിളക്കുകൾക്കു കൂടി പണം നൽകേണ്ടിവരുന്നതിനാൽ ഒട്ടേറെ പണം വെറുതെ ചോരുന്നുമുണ്ട്.

പഞ്ചായത്തതിർത്തിയിലെ പരസ്യ ബോർഡുകൾക്കും ചുമരെഴുത്തുകൾക്കും മതിയായ ഫീസ് ഈടാക്കേണ്ടതാണ്.

പഞ്ചായത്തിലെ പൊതുസ്ഥലങ്ങൾ വികസനപരമായ പദ്ധതികളിലൂടെ പ്രത്യുത്പാദന മേഖലയായി മാറ്റാം. നിലവിലുള്ള നികുതികളുടെ സമാഹരണം ത്വരിതപ്പെടുത്തി കാര്യക്ഷമമാക്കുകയും കെട്ടിടനികുതിയിലുള്ള അശാസ്ത്രീയത ഒഴിവാക്കുകയും വികസന പ്രവർത്തനങ്ങളിൽ കരാറുകാരനെ ഒഴിവാക്കുകയും സന്നദ്ധ സംഘടനകളെ ഉൾപ്പെടുത്തിയുള്ള വികസനസമിതികളെ ചുമതലപ്പെടുത്തുകയും വേണം.

അത്യാഡംബര വീടുകളുടെ (ഏകദേശം അഞ്ചു ലക്ഷത്തിലധികം രൂപ മുതൽ മുടക്ക് വരുന്നവ) നികുതി നിശ്ചയിക്കുമ്പോൾ ആഡംബര നികുതി എന്നയിനത്തിൽ പ്രത്യേക ചുങ്കം ഏർപ്പെടുത്താവുന്നതാണ്.

വരവുകളേക്കാൾ കൂടുതൽ ചെലവുകളുള്ള നമ്മുടെ പഞ്ചായത്തിൽ ഭരണച്ചെലവ് ഇനിയും കൂടുതലാവാൻ ഇടയാവരുത്. വരുമാനം കുറവായതിനാൽ സർക്കാരിൽ നിന്നുള്ള ധനാഗമന മാർഗ്ഗങ്ങളെ ആശ്രയിച്ചുകൊണ്ടുള്ള പദ്ധതികൾ മാത്രമേ പൂർണ്ണമായും നടപ്പാക്കാനാവൂ.

ആസൂത്രണത്തിലെന്നപോലെ പദ്ധതി നടത്തിപ്പിലും ജനപങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. ജനപങ്കാളിത്തം എന്നതുകൊണ്ടു സാമ്പത്തികവും കായികവും ബൗദ്ധികവുമായ കൂട്ടായ്മ എന്നാണു വിവക്ഷിക്കുന്നത്. വികസനം ജനങ്ങൾക്കുവേണ്ടി നടപ്പാക്കുന്ന കാലിക പ്രക്രിയയാണ് എന്നുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്.

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്:	കടപ്ലാമറ്റം
പഞ്ചായത്തിന്റെ സ്ഥാനം:	സി ഗ്രേഡ്
ഉൾപ്പെടുന്ന വില്ലേജുകൾ:	1. ഇലയ്ക്കാട്, 2. കിടങ്ങൂർ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ:	കടപ്ലാമറ്റം
ജില്ലാ: പഞ്ചായത്ത് ഡിവിഷൻ:	കുറവിലങ്ങാട്
താലൂക്ക്:	മീനച്ചിൽ
ജില്ല:	കോട്ടയം
അസംബ്ലി മണ്ഡലങ്ങൾ:	1. പാലാ, 2. കടുത്തുരുത്തി
പാർലമെന്റ് മണ്ഡലങ്ങൾ:	1. മൂവാറ്റുപുഴ, 2.കോട്ടയം.
വിസ്തീർണ്ണം:	12.98 ച.കി.മീ.
അതിരുകൾ:	1. കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് 2. മരങ്ങാട്ടുപിള്ളി ,, 3. മുത്തോലി ,, 4. കിടങ്ങൂർ ,, 5. കാണക്കാരി ,,
ജനസംഖ്യ:	13093 (1991-സെൻസസ് പ്രകാരം)
പുരുഷന്മാർ:	6555
സ്ത്രീകൾ:	6538
കുടുംബങ്ങൾ:	2464
വാർഡുകൾ:	8
സാക്ഷരത	
പുരുഷന്മാർ:	5632
സ്ത്രീകൾ:	5405
പ്രസിഡണ്ട്:	മേരിക്കുട്ടി തോമസ്
വൈസ് പ്രസിഡണ്ട്:	തോമസ് റ്റി.കീപ്പുറം
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ:	ജോയി കല്ലുപുര
മറ്റ് അംഗങ്ങൾ	
1. തങ്കമ്മ കൃഷ്ണൻനായർ ചൂരനാടിയിൽ	
2. ഓ.സി.രാജപ്പൻ ഉരപ്പുരയ്ക്കൽ	
3. കെ.പി.ടോമി കീറ്റുപ്ലാക്കിൽ	
4. ജോസഫ് ലൂക്കാ കൂവള്ളൂർ	
5. സൂസമ്മ ജോയി മടലിയാങ്കൽ	

നന്ദിപൂർവ്വം.....

കഴിഞ്ഞ നാളുകളുടെ തനിമയും, പുത്തൻ കാഴ്ചപ്പാടുകളും സമന്വയിപ്പിച്ചെടുത്ത് നാളത്തെ വികസന ചരിതം ഇവിടെ കുറിക്കപ്പെട്ടിരിക്കുകയാണ്. ഇതൊരു പൂർണ്ണവികസന ചരിത്രമാണെന്ന് പറയാനാവില്ല. പക്ഷേ ഇതിൽ അപൂർണ്ണതയുണ്ടെന്ന് കുറ്റസമ്മതം നടത്തുന്നുമില്ല. നാളകളിൽ കടപ്ലാമറ്റം പഞ്ചായത്തിനെക്കുറിച്ച് പഠിക്കാനാഗ്രഹിക്കുന്നവർക്ക് ഇതൊരു ചെറു താങ്ങായിരിക്കുമെന്നു മാത്രം പറയാനാവും.

ഈ രേഖയുടെ പൂർത്തീകരണത്തിനായി അഹോരാത്രം പണിപ്പെട്ടവർക്ക് ഒരായിരം നന്ദി. ചരിത്രപഠനത്തിന് ഞങ്ങളെ സഹായിച്ച ജോസഫ് കെ.കുളിരാനി അവർകൾ, എം.കെ. പ്രഭാകരൻ എം.എ., കേശവപുരം, കുഞ്ഞുണ്ണി കൈമൾ മുല്ലൂട്ടിൽ, എംകെ. ശങ്കരൻ കുട്ടി നായർ തെക്കേമഠത്തിൽ, പഞ്ചായത്ത് രേഖകൾ പരതാൻ സഹായിച്ച ഹെഡ് ക്ലാർക്ക് പിള്ള ച്ചേട്ടൻ, മറ്റ് വിവിധ ഓഫീസുകളിലെ ജീവനക്കാർ, വെറ്റിനറി സർജൻ ഡോ.എം.സുനിൽ, കൃഷി ഓഫീസർ ശ്രീമതി. ലിൻസി സേവ്യർ, വികസന രേഖ തയ്യാറാക്കാനായി മുറി വിട്ടു തന്ന കേരസമിതി പ്രസിഡണ്ട് ബേബി പുതുപ്പള്ളിയുൾപ്പെടെയുള്ള ഭാരവാഹികൾ.... എന്നിങ്ങനെ നന്ദി അർഹിക്കുന്നവരുടെ പട്ടിക നീളുന്നു.

സമയപരിധിക്കുള്ളിൽ ഡി.റ്റി.പി.എടുത്തുതരുകയും ത്വരിതഗതിയിൽ അച്ചടി നടത്തുകയും ചെയ്ത കോട്ടയം ഗ്രാഫിക് സിസ്റ്റംസ് പ്രൊപ്രൈറ്റർ അബിക്കും, ജോർജ്, ജിജോ, റെജി.റ്റി.തുമ്പയിൽ, റോബർട്ട്, ബാബു എന്നിവർക്കും നന്ദി.

വിശ്രമരഹിതമായ അദ്ധ്വാനത്തിന്റെ രാപകലുകൾക്കുശേഷം കടന്നെത്തിയ സംതൃപ്തിയുടെ തിരുമുറ്റത്തു നിന്ന് ആത്മാർത്ഥമായി പറയട്ടെ...നന്ദി...ഒരായിരം നന്ദി.

സ്നേഹാദരങ്ങളോടെ

പത്രാധിപസമിതി

4239